വാല്യം 7, ലക്കം 09

ന്യൂ ഇന്ത്യ സമാചാർ

നവംബർ 1-15, 2026
സൗജന്യവിതരണത്തിന്

ദീപാവലി സ്പെഷ്യൽ

'വോക്കൽ ഫോർ ലോക്കൽ'

രാജ്യത്തിന്റെ സവിശേഷ ദൃഢനിശ്ചയമായി മാറിയ ഒരു ആഹ്വാനം

12 വർഷം മുൻപ് ആരംഭിച്ച 'വോക്കൽ ഫോർ ലോക്കൽ' എന്ന ആഹ്വാനം ഇന്ന് 140 കോടി ഇന്ത്യക്കാരുടെ മനസ്സിൽ പ്രതിധ്വനിക്കുന്ന ദേശീയ ദൃഢനിശ്ചയമായി വളർന്നിരിക്കുന്നു. മൺവിളക്കുകൾ മുതൽ സെമികണ്ടക്ടർ ചിപ്പുകൾ വരെ, ഖാദി മുതൽ ബ്രഹ്മോസ് മിസൈൽ വരെ, ഇന്ത്യയുടെ അഭിലാഷങ്ങളുടെ സമസ്ത മേഖലകളിലും ഈ ആശയം വ്യാപിച്ചുകിടക്കുന്നു; രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തൽ മുതൽ ദേശീയ സുരക്ഷ ഉറപ്പാക്കൽ വരെ.



@NSPIBIndia ഫോളോ ചെയ്യൂ...


യുനെസ്കോയുടെ താൽക്കാലിക പട്ടികയിൽ അഞ്ച് പുതിയ ഇന്ത്യൻ പൈതൃക കേന്ദ്രങ്ങൾ

സമ്പന്നവും വൈവിധ്യപൂർണവുമായ പൈതൃകം

യുനെസ്കോ താൽക്കാലിക പട്ടികയിൽ ഇന്ത്യയുടെ അഞ്ച് പുതിയ പൈതൃക കേന്ദ്രങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടെ പട്ടികയിലുള്ള ഇന്ത്യൻ കേന്ദ്രങ്ങളുടെ ആകെ എണ്ണം 78 ആയി. പുതുതായി ഉൾപ്പെടുത്തിയവയിൽ ബാഗ് ഗുഹാചിത്രങ്ങളിലെ ബുദ്ധമത ചുവർചിത്രങ്ങൾ, ചമ്പൽ താഴ്വരയിലെ ക്ഷേത്രസമുച്ചയം, ഗുപ്തകാലത്തെ ഉദയഗിരി ഗുഹകൾ, ഗിന്നോർഗഢിന്റെ ഗോത്രപൈതൃകം എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയുടെ സമ്പന്നമായ നാഗരിക പൈതൃകവും ദേശീയ സ്വത്വവും ഈ കേന്ദ്രങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഇന്ത്യൻ പൈതൃകം സംരക്ഷിക്കുകയും ആഗോള വേദിയിൽ അവതരിപ്പിക്കുകയും ചെയ്യുക എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിന്റെ സാക്ഷ്യമാണ് ഈ പുരോഗതി...




ഇന്ത്യ – ദക്ഷിണാഫ്രിക്ക സംയുക്ത നാമനിർദേശം: സത്യഗ്രഹ കേന്ദ്രങ്ങൾ



ബാഗ് ഗുഹാചിത്രങ്ങളിലെ ബുദ്ധമത ചുവർചിത്രങ്ങൾ



ഗുപ്തകാലത്തെ ഉദയഗിരി ഗുഹകൾ



ഗിന്നോർഗഢിന്റെ ഗോത്ര പൈതൃകം



ചമ്പൽ താഴ്വരയിലെ ക്ഷേത്രസമുച്ചയം

ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 09 | നവംബർ 1-15, 2026

എഡിറ്റർ ഇൻ ചീഫ്
ധീരേന്ദ്ര ഓഝ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പ്രസ് ഇൻഫർമേഷൻ ബ്യൂറോ,
ന്യൂഡൽഹി

ചീഫ് കൺസൾട്ടിങ് എഡിറ്റർ
സന്തോഷ് കുമാർ

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
പവൻ കുമാർ

അസി. കൺസൾട്ടിങ് എഡിറ്റർമാർ
അഖിലേഷ് കുമാർ
ചന്ദൻ കുമാർ ചൗധരി

ഭാഷാ എഡിറ്റർമാർ
സുമിത് കുമാർ (ഇംഗ്ലീഷ്)
രഞ്ജീഷ് മിശ്ര (ഇംഗ്ലീഷ്)
നദീം അഹമ്മദ് (ഉറുദു)

സീനിയർ ഡിസൈനർ
ഷുൽ ചന്ദ് തിവാരി

ഡിസൈനർമാർ
അനിൽ കുമാർ
സത്യം സിങ്



ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ @NISPIBIndia പിൻതുടരുക

ഉൾപ്പേജുകളിൽ.....



വോക്കൽ ഫോർ ലോക്കൽ
ഇന്ത്യക്കാരുടെ ഹൃദയങ്ങളെ ഒന്നിപ്പിച്ച ആഹ്വാനം

ഈ വർഷത്തെ ദീപാവലിയുടെ തിളക്കമാർന്ന ദീപങ്ങൾ സവിശേഷമാണ്. സ്വയംപര്യാപ്തതയുടെ വെളിച്ചത്തിലാണ് അവ തെളിയുന്നത്. 'മൻ കി ബാത്ത്'ലൂടെ പ്രതിധ്വനിച്ച 'വോക്കൽ ഫോർ ലോക്കൽ' എന്ന ആഹ്വാനം ഇന്ന് വടവൃക്ഷമായി വളർന്നിരിക്കുന്നു. കരകൗശല വിദഗ്ധരുടെ കഴിവുകളിൽ അഭിമാനംകൊണ്ട്, 2047-ഓടെ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള അടിത്തറ രാഷ്ട്രം പാകുന്ന നിർണായക ഘട്ടത്തെ അടയാളപ്പെടുത്തുന്നതിനാൽ ഈ ദീപാവലി ഏറെ സവിശേഷമാണ്. ഈ ദീപാവലിയിൽ ഓരോ ദീപവും ഓരോ സമ്മാനവും ഓരോ വാങ്ങലും ഉത്സവാഘോഷത്തിനപ്പുറം വലിയൊരർഥം ഉൾക്കൊള്ളുന്നു. 140 കോടി ഇന്ത്യക്കാരുടെ കൂട്ടായ ദൃഢനിശ്ചയത്തെയാണ് അവ പ്രതിനിധാനം ചെയ്യുന്നത് സ്വദേശി, സ്വയംപര്യാപ്തത, സമൃദ്ധമായ ഇന്ത്യ എന്നിവയ്ക്കായുള്ള ദൃഢനിശ്ചയം... |14-29

പൊതുസേവനത്തിലൂടെ 25 വർഷത്തെ രാഷ്ട്രസേവനം

പുതിയ ഇന്ത്യയുടെ കൂട്ടായ കരുത്തിന്റെ പ്രതീകം



'നമുക്ക് ഇത് സാധിക്കും' എന്ന മനോഭാവത്തെ പുതിയ ഇന്ത്യയുടെ കൂട്ടായ കരുത്തിന്റെ പ്രതീകമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധനയിൽ വിശേഷിപ്പിച്ചു... |8-13

ഒരു ഇന്ത്യൻ പൈലറ്റിന്റെ ധീരത

ഇന്ത്യക്കാർ ജീവൻ രക്ഷിക്കുന്നവരാണ്, ജീവൻ അപഹരിക്കുന്നവരല്ല



ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോളിലൂടെ സംസാരിച്ചു. അദ്ദേഹത്തിന്റെ ധീരതയെയും സമയോചിതമായ മനഃസാന്നിധ്യത്തെയും അഭിനന്ദിച്ച പ്രധാനമന്ത്രി, വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും ആശംസിച്ചു... |30-31

വാർത്തകൾ ചുരുക്കത്തിൽ |4-5

എംഎസ്എംഇകൾക്കായി 10,000 കോടി രൂപയുടെ ഫണ്ട്
ഐടിഐഎ സ്ഥാപിക്കുന്നതിനും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം |6-7

ഡിജിറ്റൽ കണക്റ്റിവിറ്റി: ഭാവിയിലേക്കുള്ള പുതിയ ദിശ
ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു |32-33

ജനകേന്ദ്രീകൃത ഭരണം: സദ്ഭരണത്തിന്റെ മുഖമുദ്ര
ജനകേന്ദ്രീകൃത മനോഭാവം, മുൻകൈയെടുത്തുള്ള പ്രവർത്തനം, സദ്ഭരണം എന്നീ മൂന്ന് മന്ത്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശദീകരിച്ചു |34-35

ഗോത്രസമൂഹത്തിന്റെ ഉന്നമനം... അവരുടെ പൈതൃകം ആഘോഷിച്ച് ഭാവി തലമുറകൾക്ക് പ്രചോദനമേകുന്നു
പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാന്റെ മൂന്ന് വർഷങ്ങൾ |36-37

ശാക്തീകരണത്തിനുള്ള കരുത്ത്
ബ്ലൂംബെർഗ് ന്യൂ ഇക്കോണമി ഫോറത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു |38-39

ഏഷ്യൻ ഗെയിംസ് 2026: ആവേശകരമായ യാത്ര, അവിസ്മരണീയ നേട്ടം
21 സ്വർണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ 85 മെഡലുകളുമായി ഇന്ത്യ മെഡൽപ്പട്ടികയിൽ നാലാം സ്ഥാനം നേടി |40-42

ലഡാഖിന്റെ പുരോഗതിയിലും വികസനത്തിലും മറ്റൊരധ്യായം
3,350 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.. |43

വ്യക്തിത്വം: ഡോ. പത്മാവതി ബന്ദോപാധ്യായ്
ഇന്ത്യയിലെ ആദ്യ വനിതാ എയർ മാർഷൽ |47

ശ്രദ്ധാഞ്ജലി: വിട, നാനാ പാടേക്കർ |48



പൈതൃകവും ഭാവിയും പരിപോഷിപ്പിക്കൽ
പുരോഗതിക്കായുള്ള അഭിലാഷങ്ങൾ

തമിഴ്നാട്ടിൽ 13,000 കോടി രൂപയിലധികം ചെലവുവരുന്ന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അനാച്ഛാദനം ചെയ്തു; മസ്തിഷ്ക ഗവേഷണ കേന്ദ്രം രാജ്യത്തിന് സമർപ്പിച്ചു... |44-46

Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

പത്രാധിപക്കുറിപ്പ്

ഈ ദീപാവലിയിൽ സ്വദേശി ഉല്പന്നങ്ങളാൽ നിങ്ങളുടെ വീട് പ്രകാശപൂരിതമാക്കൂ

സ്നേഹോഷ്മളമായ ആശംസകൾ,

ഉത്സവകാലം അടുത്തെത്തുന്നതോടെ ഓരോ വീടും ആഘോഷത്തിന്റെ ആവേശത്തിലാണ്. വിപണികൾ അലങ്കരിക്കപ്പെടുന്നു, കുടുംബങ്ങൾ വാങ്ങാനുള്ള സാധനങ്ങളുടെ പട്ടിക തയ്യാറാക്കുന്നു. ദീപാവലിക്കായി മൺചിരാതുകൾ വാങ്ങാൻ പുറത്തുപോയത് നമ്മുടെ ബാല്യകാലത്തെ ഏറ്റവും അവിസ്മരണീയമായ അനുഭവങ്ങളിലൊന്നായിരുന്നു. കരകൗശല വിദഗ്ധൻ നിർമിക്കുന്ന ഓരോ വിളക്കും വെളിച്ചം പകരുക മാത്രമല്ല ചെയ്യുന്നത്; ഒരു കുടുംബത്തിന്റെ കഠിനാധ്വാനവും അതിൽ അവർ അർപ്പിച്ച പ്രതീക്ഷകളും കൂടി അത് ഉൾക്കൊള്ളുന്നു.

ഈ വർഷത്തെ ദീപാവലി സന്ദേശത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുസേവനത്തിന്റെ 25 വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. ഈ അവസരത്തിൽ, "നമുക്ക് ഇതു സാധിക്കും" എന്ന ദൃഢനിശ്ചയത്തോടെ 'വികസിത ഇന്ത്യ' എന്ന ലക്ഷ്യം കൈവരിക്കാനുള്ള സന്ദേശം അദ്ദേഹം നൽകിയിട്ടുണ്ട്. 2047-ഓടെ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പാത സ്വയംപര്യാപ്തതയിലൂടെയാണ് കടന്നുപോകുന്നത്. അതിൽ ഏറ്റവും അടിസ്ഥാനപരമായ സ്തംഭമാണ് സ്വദേശി. 'വോക്കൽ ഫോർ ലോക്കൽ' എന്ന ആഹ്വാനം ഇന്ന് വെറുമൊരു മുദ്രാവാക്യത്തിൽനിന്ന് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

നാം നടത്തുന്ന ഒരു ചെറിയ വാങ്ങൽ പോലും ഒരു കരകൗശല തൊഴിലാളിയുടെ വീട്ടിൽ ഒരു വിളക്ക് തെളിക്കാൻ സഹായിക്കുമെന്ന് ഒന്ന് ചിന്തിച്ചുനോക്കൂ. നാം നൽകുന്ന സമ്മാനങ്ങൾ തദ്ദേശീയ ഉല്പന്നങ്ങളാകട്ടെ; നമ്മുടെ വസ്ത്രങ്ങൾ ഇന്ത്യയിൽ നെയ്തവയാകട്ടെ; നമ്മുടെ അലങ്കാരങ്ങളിൽ ഇന്ത്യയിൽ നിർമിച്ച ഉല്പന്നങ്ങൾ ഇടംപിടിക്കട്ടെ; ഇന്ത്യയിൽ നിർമിച്ച അലങ്കാര ലൈറ്റുകളും മെഴുകുതിരികളും നമ്മുടെ വീടുകളെ പ്രകാശിപ്പിക്കട്ടെ. ഒരു തദ്ദേശീയ സമ്മാനം നൽകുമ്പോൾ, മധുരം മാത്രമല്ല, പ്രിയപ്പെട്ടവരുമായി ഊഷ്മളതയുടെയും ബന്ധത്തിന്റെയും അനുഭവം കൂടിയാണ് നാം പങ്കുവയ്ക്കുന്നത്.

നമ്മുടെ ശരീരത്തിലും മനസ്സിലും അസ്തിത്വത്തിന്റെ ഓരോ അണുവിലും സ്വദേശി എന്ന സത്ത നിറയ്ക്കണം. ഈ ഉത്സവകാലത്ത് നമുക്ക് അഭിമാനത്തോടെ പ്രഖ്യാപിക്കാം: "ഇത് സ്വദേശിയാണ്." ഒരൊറ്റ മന്ത്രം - 'വോക്കൽ ഫോർ ലോക്കൽ'; ഒരൊറ്റ പാത - 'സ്വയംപര്യാപ്തത'; ഒരൊറ്റ ലക്ഷ്യം - വികസിത ഇന്ത്യ. അതുകൊണ്ടാണ് ഈ ഉത്സവമാസത്തിലെ പതിപ്പിൽ 'വോക്കൽ ഫോർ ലോക്കൽ' മുഖ്യലേഖനമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

ജനസേവനത്തിൽനിന്ന് രാഷ്ട്രസേവനത്തിലേക്കുള്ള പ്രധാനമന്ത്രി മോദിയുടെ യാത്രയുടെ 25 വർഷം പൂർത്തിയാകുന്നതിനെക്കുറിച്ചുള്ള ലേഖനമാണ് ഈ പതിപ്പിലെ പ്രധാന ആകർഷണങ്ങളിലൊന്ന്. ഇന്ത്യയിലെ ആദ്യ വനിതാ എയർ മാർഷലായ ഡോ. പദ്മാവതി ബന്ദോപാധ്യായയെക്കുറിച്ചുള്ള ലേഖനം 'വ്യക്തിത്വം' വിഭാഗത്തിലും കേന്ദ്രമന്ത്രിസഭയുടെ തീരുമാനങ്ങളും കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത പൊതുപരിപാടികളുടെ വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യുനെസ്കോയുടെ ലോക പൈതൃക കേന്ദ്രങ്ങളുടെ താൽക്കാലിക പട്ടികയെക്കുറിച്ചുള്ള വിവരങ്ങളും നവംബർ 12-ന് ആചരിക്കുന്ന 'പൊതുസേവന പ്രക്ഷേപണ ദിന'ത്തിനായി സമർപ്പിച്ച പ്രത്യേക ഉള്ളടക്കവും ഈ പതിപ്പിലുണ്ട്.

നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.

(ധീരേന്ദ്ര ഓഝ)

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.
https://newindiasamachar.pib.gov.in/

എഴുത്തുപെട്ടി





'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ: പുതിയ വിവരങ്ങൾ അറിയാൻ ഏറെ പ്രയോജനകരം

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ സ്ഥിരമായി വായിക്കാറുണ്ട്. ഇന്ത്യാ ഗവണ്മെന്റിന്റെ പദ്ധതികൾ, നയങ്ങൾ, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ ഈ മാഗസിൻ ഏറെ പ്രയോജനകരമാണ്. രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള എന്റെ അറിവ് വർധിപ്പിക്കുന്നതിനൊപ്പം വിഷയങ്ങൾ കൂടുതൽ നന്നായി മനസ്സിലാക്കാനും ഉത്തരവാദിത്വമുള്ള പൗരനെന്ന നിലയിൽ പങ്കാളിയാകാനും ഇത് പ്രചോദനമേകുന്നു.

നിവേഷ് ഗോയൽ

goyalnivesh98@gmail.com

പുതിയ പതിപ്പിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു

'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ വായിക്കുന്നത് എനിക്ക് ഏറെ ഇഷ്ടമാണ്. ഓരോ പുതിയ പതിപ്പിനായും ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഓരോ തവണ വായിക്കുമ്പോഴും ഇന്ത്യയുടെ സാംസ്കാരികവും മതപരവുമായ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ കഴിയുന്നു. കൂടാതെ, ഇന്ത്യയുടെ വികസനസാധ്യതകൾ ഈ മാഗസിൻ എടുത്തുകാട്ടുകയും'വികസിത ഇന്ത്യ 2047' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ മേഖലകളിലും രാജ്യം അതിവേഗം മുന്നേറുന്നത് വ്യക്തമാക്കുകയും ചെയ്യുന്നു.

shivanshchouhan397@gmail.com

സമകാലിക സംഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള മികച്ച മാധ്യമം

ഒരു അധ്യാപകനെന്ന നിലയിൽ, പഠിക്കാൻ താല്പര്യമുള്ള വിദ്യാർഥികളുമായി അറിവ് നിരന്തരം പങ്കുവയ്ക്കേണ്ടതിന്റെ പ്രാധാന്യത്തിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ പതിവായി 'ന്യൂ ഇന്ത്യ സമാചാർ' ഡൗൺലോഡ് ചെയ്യാറുണ്ട്. ഗവൺമെന്റ് സംരംഭങ്ങൾ, പദ്ധതികൾ, സമകാലിക സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള മികച്ച മാധ്യമമാണിത്. 'പുതിയ ഇന്ത്യയിൽ' നടന്നുകൊണ്ടിരിക്കുന്ന പുരോഗതിയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളും ഇത് നൽകുന്നു.

പ്രദീപ് കുമാർ സാഹു

pradeepgrasshopper@gmail.com

അറിവും കഴിവുകളും വളർത്താൻ സഹായിക്കുന്നു

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ സ്ഥിരമായി വായിക്കാറുണ്ട്. ഗവൺമെന്റിന്റെ വികസന പരിപാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്ന ഈ മാഗസിൻ ഏറെ വിജ്ഞാനപ്രദമാണ്. വ്യക്തിപരമായ വളർച്ചയ്ക്കും അറിവും കഴിവുകളും വർധിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. മാഗസിൻ വായിക്കുന്നതും അതിൽ നിന്ന് പുതിയ കാര്യങ്ങൾ പഠിക്കുന്നതും ഞാൻ ആസ്വദിക്കുന്നു.

ഭാസ്കർ സിങ് മഹർ

bhaskarmahar65@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077–ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി – 110003.

ഇ–മെയിൽ : response-nis@pib.gov.in

വാർത്തകൾ ചുരുക്കത്തിൽ

വിബി-ജി റാം ജി പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്ന 375 തരം പ്രവൃത്തികൾ

വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) അഥവാ വിബി-ജി റാം ജി പദ്ധതിക്ക് കീഴിൽ ഇനി ആകെ 375 തരം പ്രവൃത്തികൾ ഏറ്റെടുക്കാം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ നേരത്തേ അനുവദിച്ചിരുന്നത് 266 തരം പ്രവൃത്തികളായിരുന്നു. അതിതീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങളെയും ദുരന്തനിവാരണത്തെയും നേരിടുന്നതിനായി രൂപകല്പന ചെയ്ത 38 പ്രത്യേക പ്രവൃത്തികൾ ഉൾപ്പെടുന്ന പുതിയ വിഭാഗവും അവതരിപ്പിച്ചിട്ടുണ്ട്.

ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംക്ലർ സംവിധാനങ്ങൾ, മേൽക്കൂരയിലെ മഴവെള്ള സംഭരണം, ജലസംരക്ഷണം തുടങ്ങിയ പുതിയ നടപടികൾ ജലസുരക്ഷാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷന് കീഴിൽ സ്ഥാപിച്ച ജലവിതരണ അടിസ്ഥാനസൗകര്യങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും ഇപ്പോൾ പദ്ധതിയുടെ പരിധിയിൽ വരും. ഗവൺമെന്റ് കെട്ടിടങ്ങളിൽ പടിക്കെട്ടുകളും റാമ്പുകളും നിർമിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷിക്കാർക്ക് സുഗമമായ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള വ്യക്തമായ വ്യവസ്ഥകളും പുതിയ പ്രവൃത്തി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന പ്രവൃത്തികൾക്ക് അംഗീകാരം

പുതിയ വിജ്ഞാപനം കർഷകർ, ദുർബല വിഭാഗങ്ങളിലെ കുടുംബങ്ങൾ, സ്ത്രീകൾ, ഗ്രാമീണ യുവാക്കൾ എന്നിവർക്കു പ്രത്യേക പ്രാധാന്യം നൽകുന്നു. കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 181 പ്രവൃത്തികൾ നീക്കിവച്ചിട്ടുണ്ട്. ഇതിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന 52 പ്രവൃത്തികളും ഉൾപ്പെടുന്നു. അതുപോലെ അന്ത്യോദയ വിഭാഗത്തിൽപ്പെടുന്നവർക്കും ദുർബല കുടുംബങ്ങൾക്കുമായി 107 പ്രവൃത്തികൾ നീക്കിവച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകുന്ന 36 പ്രവൃത്തികളും യുവജനശാക്തീകരണത്തിനായി ലക്ഷ്യമിട്ടുള്ള 36 പ്രവൃത്തികളും പട്ടികയിൽ ഉൾപ്പെടുന്നു.





ഇന്ത്യയിൽ ദാരിദ്ര്യം ഇനിയും കുറയും: ലോകബാങ്ക്

ഒക്ടോബറിൽ പുറത്തിറക്കിയ പൊതുവായ റിപ്പോർട്ടിൽ, കഴിഞ്ഞ ദശകത്തിൽ ദാരിദ്ര്യം കുറയ്ക്കുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചതായി ലോകബാങ്ക് വ്യക്തമാക്കി. ആഗോളതലത്തിൽ ഏറ്റവും വേഗത്തിൽ ദാരിദ്ര്യം കുറയ്ക്കുന്ന രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെടുന്നു. ദാരിദ്ര്യനിരക്ക് 2026-ൽ 14.2 ശതമാനത്തിൽ നിന്ന് 2028-ഓടെ 12.1 ശതമാനമായി കുറയുമെന്നാണ് കണക്കാക്കുന്നത്.

2011-നും 2023-നും ഇടയിൽ പ്രതിദിനം ഏകദേശം 400 രൂപയിൽ താഴെ വരുമാനമുള്ളവരുടെ അനുപാതം 57.7 ശതമാനത്തിൽനിന്ന് 16.1 ശതമാനമായി കുറഞ്ഞതായി ലോകബാങ്ക് ചൂണ്ടിക്കാട്ടി. ഇതിലൂടെ ഏകദേശം 49.6 കോടി പേർ ദാരിദ്ര്യത്തിൽനിന്ന് കരകയറി. അതേസമയം, അതിദരിദ്രരുടെ അനുപാതം 27.1 ശതമാനത്തിൽനിന്ന് 2.6 ശതമാനമായി കുറഞ്ഞു. സ്ത്രീകൾക്കിടയിലുൾപ്പെടെ തൊഴിൽ അവസരങ്ങൾ വർധിച്ചതും ഗവൺമെന്റ് സബ്സിഡി നിരക്കിൽ നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയും മൊത്തത്തിലുള്ള ചെലവിടലിലും ഉപഭോഗത്തിലുമുണ്ടായ വർധനയുമാണ് ഈ കുറവിന് പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്.

ഇന്ത്യയിൽ വളർന്നുവരുന്ന സൂപ്പർകമ്പ്യൂട്ടിങ് ആവാസവ്യവസ്ഥ

'ഡിജിറ്റൽ ഇന്ത്യ' പദ്ധതിക്കൊപ്പം ഡേറ്റാ സെന്റർ, നിർമിതബുദ്ധി മേഖലകളിലെ ആവാസവ്യവസ്ഥയും ഇന്ത്യ ശക്തിപ്പെടുത്തുകയാണ്. രാജ്യത്തിനുള്ളിൽ അത്യാധുനിക കമ്പ്യൂട്ടിങ് അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ആവശ്യം വർധിക്കാൻ ഈ വളർച്ച കാരണമാകുന്നു. ലോകത്തിലെ മൊത്തം ഡേറ്റയുടെ ഏകദേശം 20 ശതമാനവും ഇന്ത്യയിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. നിർമിതബുദ്ധി, കാലാവസ്ഥാ പ്രവചനം, ബഹിരാകാശ ഗവേഷണം തുടങ്ങിയ മേഖലകൾക്ക് വലിയ കമ്പ്യൂട്ടിങ് ശേഷി ആവശ്യമാണ്. അതിനാൽ ഗവേഷണ സ്ഥാപനങ്ങൾക്ക് സൂപ്പർകമ്പ്യൂട്ടിങ് സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് വിപുലീകരിച്ചുവരുന്നു.

ദേശീയ സൂപ്പർകമ്പ്യൂട്ടിങ് മിഷന്റെ ഭാഗമായി 2026 സെപ്റ്റംബർ വരെ ഇന്ത്യ ആകെ 68 പെറ്റാഫ്ലോപ്സ് ശേഷിയുള്ള 40 സൂപ്പർകമ്പ്യൂട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ 123 പെറ്റാഫ്ലോപ്സിൽ കൂടുതൽ ശേഷിയുള്ള 50 സംവിധാനങ്ങൾ സ്ഥാപിക്കുകയാണ് ആത്യന്തിക ലക്ഷ്യം.





അർബുദ മരുന്നുകളുടെ വില കുറയും; പ്രതിവർഷം 2,500 കോടി രൂപയുടെ ലാഭം പ്രതീക്ഷിക്കുന്നു

പട്ടികയിൽ ഉൾപ്പെടാത്ത അർബുദ മരുന്നുകളുടെ വ്യാപാര മാർജിൻ (വിതരണവിലയ്ക്കും ചില്ലറ വില്പനവിലയ്ക്കും ഇടയിലുള്ള വർധന) പരമാവധി ചില്ലറ വില്പനവിലയുടെ 30 ശതമാനമായി പരിമിതപ്പെടുത്താൻ ഗവൺമെന്റ് അംഗീകാരം നൽകി. ഈ നടപടി ചില മരുന്നുകളുടെ വില 70 ശതമാനം വരെ കുറയ്ക്കുമെന്നും ഇതിലൂടെ പ്രതിവർഷം ഏകദേശം 2,500 കോടി രൂപ ലാഭിക്കാനാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

നിലവിൽ അവശ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അർബുദ മരുന്നുകളുടെ വില ഗവൺമെന്റ് നിയന്ത്രിക്കുന്നുണ്ട്. ഈ നിയന്ത്രണ സംവിധാനം ഇനി ആ പട്ടികയ്ക്ക് പുറത്തുള്ള അർബുദ മരുന്നുകളിലേക്കും വ്യാപിപ്പിക്കും. ബ്രാൻഡഡ്, ജനറിക് മരുന്നുകൾ, രാജ്യത്ത് ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ മരുന്നുകൾ, പേറ്റന്റുള്ളതും പേറ്റന്റില്ലാത്തതുമായ മരുന്നുകൾ എന്നിവയുൾപ്പെടെ വിപുലമായ ശ്രേണിയിലുള്ള മരുന്നുകൾ ഇതിന്റെ പരിധിയിൽ വരും. വിതരണ ശൃംഖലയിലുടനീളം ഇത്തരം മരുന്നുകളുടെ വില ശരാശരി 170 ശതമാനത്തോളം വർധിക്കുന്നതായും ചില സന്ദർഭങ്ങളിൽ വിലവർധന 700 ശതമാനത്തിലധികമാണെന്നും ഗവൺമെന്റ് വ്യക്തമാക്കുന്നു. 2019-ൽ പട്ടികയിൽ ഉൾപ്പെടാത്ത 42 അർബുദ മരുന്നുകൾക്ക് വ്യാപാര മാർജിൻ പരിധി ഏർപ്പെടുത്തിയതിനെത്തുടർന്ന് 526 ബ്രാൻഡുകളുടെ പരമാവധി ചില്ലറ വില്പനവില 91 ശതമാനം വരെ കുറഞ്ഞിരുന്നു. ഇതിലൂടെ രോഗികൾക്ക് പ്രതിവർഷം 984 കോടി രൂപ ലാഭിക്കാനായി.

'സഞ്ചാർ സാഥി' അവബോധം വളർത്തുന്നു...

5,000 കോടി രൂപയുടെ തട്ടിപ്പ് തടഞ്ഞു

സൈബർ കുറ്റകൃത്യങ്ങൾക്കും സാമ്പത്തിക തട്ടിപ്പുകൾക്കുമായി ടെലികമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി ആരംഭിച്ച 'സഞ്ചാർ സാഥി' പോർട്ടൽ പൊതുജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കുക മാത്രമല്ല, 5,000 കോടി രൂപയിലധികം വരുന്ന തട്ടിപ്പുകൾ തടയുകയും ചെയ്തിട്ടുണ്ട്. 2023 മെയ് മാസത്തിൽ ആരംഭിച്ചതിനുശേഷം പോർട്ടൽ 30 കോടിയിലധികം സന്ദർശനങ്ങൾ രേഖപ്പെടുത്തി. കൂടാതെ, സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ കണക്ഷനുകളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി 4 കോടി പേർ ഈ സേവനം ഉപയോഗിച്ചിട്ടുണ്ട്.

പൗരന്മാർക്കുള്ള സേവനങ്ങൾ

- നഷ്ടപ്പെട്ടതോ മോഷണം പോയതോ ആയ ഫോൺ: എല്ലാ നെറ്റ്‌വർക്കുകളിലും ഫോണുകൾ ബ്ലോക്ക് ചെയ്യാനും കണ്ടെത്താനും കഴിയും. ഇതുവരെ 14 ലക്ഷത്തിലധികം മൊബൈൽ ഫോണുകൾ വീണ്ടെടുത്തിട്ടുണ്ട്.
- നിങ്ങളുടെ പേരിലുള്ള മൊബൈൽ കണക്ഷനുകൾ: സ്വന്തം പേരിൽ അനുവദിച്ചിട്ടുള്ള മൊബൈൽ കണക്ഷനുകളുടെ എണ്ണം പൗരന്മാർക്ക് പരിശോധിക്കാനും അനധികൃത കണക്ഷനുകൾ റിപ്പോർട്ട് ചെയ്യാനും കഴിയും.
- സംശയാസ്പദമായ കോളുകളോ സന്ദേശങ്ങളോ: തട്ടിപ്പ് കോളുകൾ, എസ്എംഎസ്, വാട്സ്ആപ്പ് സന്ദേശങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യാൻ 'ചക്ഷു' സൗകര്യം ഉപയോക്താക്കളെ സഹായിക്കുന്നു.





കേന്ദ്ര മന്ത്രിസഭായോഗ തീരുമാനങ്ങൾ

എംഎസ്എംഇകൾക്കായി 10,000 കോടി രൂപയുടെ ഫണ്ട്

ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ വിപുലീകരണം

ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ നേരിട്ട് ഓഹരി നിക്ഷേപം നടത്തുന്നതിനായി 'എസ്എംഇ ഗ്രോത്ത് ഫണ്ട്' രൂപീകരിക്കാനുള്ള നിർദേശത്തിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ഈ മേഖലകൾക്ക് പുതിയ ഉണർവ് പകരാൻ പദ്ധതി സഹായിക്കും. വ്യവസായങ്ങളുടെ വിപുലീകരണം, സാങ്കേതികവിദ്യയുടെ സ്വീകരണം, ആഗോള വിപണികളിലേക്കുള്ള മെച്ചപ്പെട്ട പ്രവേശനം എന്നിവയ്ക്ക് ഈ ഫണ്ട് വഴിയൊരുക്കും. ഒപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. അടുത്ത അഞ്ച് വർഷത്തേക്ക് ദേശീയ സാമൂഹ്യ സഹായ പദ്ധതി തുടരുന്നതിനും സംയോജിത ഗതാഗത – ചരക്ക് നീക്ക അതോറിറ്റി രൂപീകരിക്കുന്നതിനുമുൾപ്പെടെ മറ്റ് നിരവധി നിർദേശങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

തീരുമാനം: ചെറുകിട, ഇടത്തരം സംരംഭങ്ങളിൽ (SME) നേരിട്ട് ഓഹരി നിക്ഷേപം നടത്തുന്നതിനായി 10,000 കോടി രൂപയുടെ 'എസ്എംഇ ഗ്രോത്ത് ഫണ്ട്' രൂപീകരിക്കുന്നതിന് അംഗീകാരം.

സ്വാധീനം: സംരംഭകരെ ശാക്തീകരിക്കുന്നതിനും മത്സരക്ഷമമായ പുതിയ തലമുറ സംരംഭങ്ങളെ വളർത്തിയെടുക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധത ഈ സംരംഭം വീണ്ടും ഉറപ്പിക്കുന്നു. അതിവേഗ വളർച്ചാസാധ്യതയുള്ള ചെറുകിട, ഇടത്തരം സംരംഭങ്ങളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രമുഖ സംരംഭകരെ വളർത്തിയെടുക്കാനും നൂതനാശയങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം ത്വരിതപ്പെടുത്താനും രാജ്യത്തുടനീളം ഗുണമേന്മയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഫണ്ട് സഹായിക്കും. 2047-ഓടെ 'വികസിത ഇന്ത്യ' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രധാന സ്തംഭമായി ഈ സംരംഭം മാറും.

- ടയർ-II, ടയർ-III നഗരങ്ങളിലുൾപ്പെടെയുള്ള വ്യവസായ ക്ലസ്റ്ററുകളിലെ നിക്ഷേപം പ്രാദേശിക വ്യവസായ വികസനത്തിന് ഉത്തേജനം നൽകും.
- പ്രാദേശിക വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുകയും ഗുണമേന്മയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

തീരുമാനം: ഗതാഗതം, ചരക്ക് നീക്കം എന്നീ വിശാല മേഖലകളിൽ ഗവേഷണം, ആസൂത്രണം, വിലയിരുത്തൽ, നിരീക്ഷണം, പ്രഭാവ പഠനം എന്നിവ ശക്തിപ്പെടുത്തുന്നതിനായി 'ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് ആൻഡ് ലോജിസ്റ്റിക്സ് അതോറിറ്റി' (ITLA) എന്ന പേരിൽ പ്രത്യേക ഉദ്ദേശ്യ സംവിധാനം (SPV) രൂപീകരിക്കുന്നതിന് അംഗീകാരം.

സ്വാധീനം: വിവിധ ഗതാഗത മന്ത്രാലയങ്ങളിലും ഏജൻസികളിലും പദ്ധതികളും അവയുടെ നിർവഹണവും ചിതറിക്കിടക്കുന്നതുമൂലം ദീർഘകാലമായി നിലനിൽക്കുന്ന വെല്ലുവിളികൾ പരിഹരിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

- ഐടിഎൽഎയിലൂടെ മികച്ച ഏകോപനവും വിവിധ ഗതാഗത മാർഗങ്ങളുടെ സംയോജനവും പ്രോത്സാഹിപ്പിക്കുന്നത് ഇന്ത്യയിലെ ഗതാഗത അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യക്ഷമതയും സുസ്ഥിരതയും ഫലപ്രാപ്തിയും വർധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- ഐടിഎൽഎയുടെ രൂപീകരണം ഇന്ത്യയുടെ 2047-ലേക്കുള്ള കാഴ്ചപ്പാടു സാക്ഷാത്കരിക്കുന്നതിൽ നിർണായക പങ്കുവഹിക്കും.
- വിവിധ ഗതാഗത മാർഗങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും അടിസ്ഥാനസൗകര്യങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്താനും ചരക്കുനീക്ക ചെലവ് കുറയ്ക്കാനും ആഗോള ലോജിസ്റ്റിക്സ് രംഗത്ത് ഇന്ത്യയുടെ മത്സരക്ഷമത വർധിപ്പിക്കാനും ഇത് സഹായിക്കും.
- ഗവേഷണം, ആസൂത്രണം, ബിഗ് ഡേറ്റ സംയോജനം, പദ്ധതികളുടെ നിരീക്ഷണം, വിലയിരുത്തൽ എന്നിവയ്ക്കുള്ള സ്ഥാപനപരമായ ശേഷി ഐടിഎൽഎ വികസിപ്പിക്കും.
- ശേഷി വർധിപ്പിക്കുന്നതിനും അന്താരാഷ്ട്ര തലത്തിലെ മികച്ച പ്രവർത്തനരീതികൾ സ്വീകരിക്കുന്നതിനും ഇത് സഹായകമാകും.

കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.



തീരുമാനം: 2026-27 മുതൽ 2030-31 വരെയുള്ള അഞ്ച് വർഷക്കാലയളവിലേക്ക് ദേശീയ സാമൂഹ്യ സഹായ പദ്ധതി തുടരുന്നതിന് അംഗീകാരം നൽകി.

സ്വാധീനം: പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയ്ക്കായി നിശ്ചയിച്ചിരുന്ന ഏറ്റവും കുറഞ്ഞ ഭിന്നശേഷി പരിധി 80 ശതമാനത്തിൽനിന്ന് 40 ശതമാനമായി കുറച്ചു. ഇതിലൂടെ കൂടുതൽ ഭിന്നശേഷിക്കാർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകും.

- ഭിന്നശേഷിക്കാർക്ക് ജനനം മുതൽ പെൻഷൻ പദ്ധതിയുടെ പരിരക്ഷ ലഭിക്കും.
- ഈ മാറ്റങ്ങൾ കൂടുതൽ ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും പെൻഷൻ പദ്ധതിയുടെ പരിധി വിപുലീകരിക്കുകയും ചെയ്യും.
- പദ്ധതിയുടെയും ഉപപദ്ധതികളുടെയും പേരുകൾ മാറ്റും.
- ഇതിനായി ആകെ 53,428 കോടി രൂപയുടെ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.
- 36 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 3.20 കോടി ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.
- ഭിന്നശേഷിയുമായി ബന്ധപ്പെട്ട സഹായങ്ങൾക്കായി നൽകുന്ന ആനുകൂല്യം മറ്റ് വിഭാഗങ്ങൾക്കുള്ള സമാന പദ്ധതികളിൽ നൽകുന്നതിനേക്കാൾ എപ്പോഴും 25 ശതമാനം കൂടുതലായിരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.

തീരുമാനം: ഏകദേശം 11.40 ലക്ഷം റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ ഉല്പാദനക്ഷമതാധിഷ്ഠിത ബോണസ് (PLB) നൽകുന്നതിന് അംഗീകാരം.

സ്വാധീനം: രാവും പകലും കഠിനാധ്വാനം ചെയ്യുന്ന അർപ്പണബോധമുള്ള ജീവനക്കാർക്കുള്ള ദീപാവലി സമ്മാനമാണിത്. ആകെ 2,009.61 കോടി രൂപയുടെ ബോണസ് അനുവദിച്ചു. അർഹരായ റെയിൽവേ ജീവനക്കാർക്ക് എല്ലാ വർഷവും ദുർഗാപൂജ/ദസറ അവധികൾക്ക് മുമ്പായി ഉല്പാദനക്ഷമതാധിഷ്ഠിത ബോണസ് നൽകും.

തീരുമാനം: ഐഡിബിഐ ബാങ്ക് ലിമിറ്റഡിന്റെ തന്ത്രപരമായ പുനഃസംഘടനയ്ക്ക് സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാ സമിതി അംഗീകാരം നൽകി.

സ്വാധീനം: ബാങ്കിന്റെ ആകെ ഓഹരി പങ്കാളിത്തത്തിന്റെ 60.72 ശതമാനം തന്ത്രപരമായ നിക്ഷേപകന് വിൽക്കും. ഇതിൽ ഇന്ത്യാ ഗവൺമെന്റിന്റെ കൈവശമുള്ള 30.48 ശതമാനം ഓഹരികളും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൽഐസി) കൈവശമുള്ള 30.24 ശതമാനം ഓഹരികളും ഉൾപ്പെടുന്നു.

- ഇതിനുശേഷം ഐഡിബിഐ ബാങ്ക് ലിമിറ്റഡിൽ ഇന്ത്യാ ഗവൺമെന്റ് 15 ശതമാനം ഓഹരി പങ്കാളിത്തവും എൽഐസി 19 ശതമാനം ഓഹരി പങ്കാളിത്തവും നിലനിർത്തും.







'നാം അത് നേടിയെടുക്കും'

നവഭാരതത്തിന്റെ കൂട്ടായ കരുത്തിന്റെ പ്രതീകം

ഗുജറാത്ത് മുഖ്യമന്ത്രിയിൽ നിന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിലേക്കുള്ള ശ്രീ നരേന്ദ്ര മോദിയുടെ 25 വർഷത്തെ യാത്ര, നിർണ്ണായക നയപരമായ തീരുമാനങ്ങൾ, ജനക്ഷേമ പദ്ധതികൾ, ദേശീയ ദൗത്യങ്ങൾ, പരിഷ്കരണങ്ങൾ എന്നിവയാൽ അടയാളപ്പെട്ടതാണ്. നയരൂപീകരണത്തിൽ തുടങ്ങി സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയിലേക്ക് സേവനമെത്തിക്കുന്നതിലേക്കും, സ്വയംപര്യാപ്തതയിൽ നിന്ന് സാങ്കേതികവിദ്യയിലേക്കും, ദേശീയ സുരക്ഷയിൽ നിന്ന് സ്ഥാപനപരമായ പരിഷ്കരണങ്ങളിലേക്കുമുള്ള പരിവർത്തനത്തിന് അദ്ദേഹത്തിന്റെ ദീർഘവീക്ഷണം കരുത്തേകി.

തുടർച്ചയായ 25 വർഷത്തെ ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തെ അഭിനന്ദിച്ചുകൊണ്ട്, അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുന്നതിനായി കേന്ദ്ര മന്ത്രിസഭ ഒക്ടോബർ 6-ന് ഒരു പ്രമേയം പാസാക്കി. തുടർന്ന്, ഒക്ടോബർ 7-ന് , 25 വർഷത്തെ സേവനം പൂർത്തിയാക്കിയതിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ, പുതിയ ഇന്ത്യയുടെ കൂട്ടായ ശക്തിയുടെ പ്രതീകമായി "നാം അത് നേടിയെടുക്കും" എന്ന മുദ്രാവാക്യം പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവച്ചു.

ജനങ്ങൾക്കിടയിൽ ജീവിച്ചും രാജ്യത്തിനുവേണ്ടി പ്രവർത്തിച്ചും, രാഷ്ട്രനിർമാണത്തിനായുള്ള ദൃഢനിശ്ചയവും സമർപ്പണവും കൈമുതലാക്കി മുന്നേറിയ 25 വർഷത്തെ പൊതുസേവന യാത്രയാണിത്. ഈ 25 വർഷത്തെ സേവനകാലയളവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുക മാത്രമല്ല, പുതിയൊരു ചിന്താഗതിയുടെ അടിത്തറ പാകുകയും ചെയ്തു. തന്റെ 25 വർഷത്തെ യാത്രയ്ക്ക് ആധാരമായത് ജനങ്ങൾ അർപ്പിച്ച വിശ്വാസമെന്ന മൂലധനവും പാർട്ടി പ്രവർത്തകരുടെ കഠിനാധ്വാനവുമാണെന്ന് ഒക്ടോബർ 7-ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജനങ്ങളുടെ കൂട്ടായ ശക്തിയെ തന്റെ ഏറ്റവും വലിയ കരുത്തായി വിശേഷിപ്പിച്ച അദ്ദേഹം, വികസിത ഭാരതം എന്ന ദൃഢനിശ്ചയവുമായി കൂടുതൽ ഊർജസ്വലതയോടെ മുന്നോട്ടുപോകാൻ ആഹ്വാനം ചെയ്തു.

ശ്രീ വിനായക ക്ഷേത്രത്തിൽ പ്രാർഥന

ഒക്ടോബർ 7-ന് രാവിലെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ശ്രീ വിനായക ക്ഷേത്രത്തിൽ ദർശനം നടത്തി പ്രാർത്ഥിച്ചു. രാജ്യത്തെ 140 കോടി പൗരന്മാരുടെ ക്ഷേമത്തിനായും, കൂടുതൽ ഊർജസ്വലതയോടെ രാഷ്ട്രത്തെ സേവിക്കുന്നതിനുള്ള ശക്തി ലഭിക്കുന്നതിനുമായി, അദ്ദേഹം പ്രാർത്ഥിച്ചു. ഇന്നത്തെ സ്ഥാനവും ഉത്തരവാദിത്വങ്ങളും പ്രധാനമായും ജനങ്ങളുടെ വിശ്വാസത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ജനങ്ങളെ ഈശ്വരതുല്യമായി കാണുന്ന അദ്ദേഹം, ലക്ഷക്കണക്കിന് അർപ്പണബോധമുള്ള പ്രവർത്തകരുടെ സംഭാവനകളെ പറ്റിയും അദ്ദേഹം എടുത്തുപറഞ്ഞു.



പ്രധാനമന്ത്രി മോദി ഇപ്പോഴും സ്വയം ഒരു വിദ്യാർഥിയായാണ് കരുതുന്നത്

തന്റെ വിദ്യാർത്ഥി ജീവിതത്തെക്കുറിച്ച് ഓർത്തെടുത്ത പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, പഠിക്കാനുള്ള ആവേശം എന്നും തന്റെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നുവെന്നും ഇപ്പോഴും താൻ സ്വയം ഒരു വിദ്യാർഥിയായാണ് കരുതുന്നതെന്നും വ്യക്തമാക്കി. കഴിഞ്ഞകാലത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ തനിക്ക് കൃതജ്ഞതാബോധം നിറയുന്നതായി അദ്ദേഹം പറഞ്ഞു. വിജയിക്കാൻ സഹായിച്ചവർ വിനയം പഠിപ്പിച്ചപ്പോൾ, താൻ ഇടറിവീഴാൻ കാരണക്കാരായവർ വീണ്ടും എഴുന്നേൽക്കാൻ പഠിപ്പിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതിപക്ഷം ജനാധിപത്യത്തിന്റെ ശക്തി പഠിപ്പിച്ചുവെന്നും ഓരോ പ്രതിസന്ധിയും തന്റെ ക്ഷമയെ പരീക്ഷിച്ചുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്വപ്നങ്ങൾ വലുതായിരിക്കണം, ആത്മവീര്യം ഉയർന്നതും

ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിതവും ദരിദ്രരുടെ അനുഭവങ്ങളും തനിക്ക് വലിയ പാഠങ്ങൾ നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. വിഭവങ്ങൾ പരിമിതമായിരിക്കാമെങ്കിലും സ്വപ്നങ്ങൾ വലുതായിരിക്കണമെന്നും ആത്മവീര്യം അചഞ്ചലമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തെയും സന്നദ്ധപ്രവർത്തകരുടെ സംഭാവനകളെയും അദ്ദേഹം ആദരവോടെ അനുസ്മരിച്ചു. ഭാരതമാതാവിനെ സേവിക്കണമെന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് സന്നദ്ധപ്രവർത്തകരുടെയും പിന്തുണ തന്റെ യാത്രയിലുടനീളം വലിയ കരുത്തായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

‘നാം അത് നേടിയെടുക്കും’

തന്റെ പ്രസംഗത്തിൽ, ‘നാം അത് നേടിയെടുക്കും’ എന്ന മുദ്രാവാക്യം പ്രധാനമന്ത്രി മുന്നോട്ടുവച്ചു. ‘പുതിയ ഇന്ത്യ’യുടെ കൂട്ടായ ശക്തിയുടെ പ്രതീകമായാണ് അദ്ദേഹം ഇതിനെ അവതരിപ്പിച്ചത്. വികസിത ഇന്ത്യ എന്ന ലക്ഷ്യം വെറുമൊരു ഓർമ്മപ്പെടുത്തൽ മാത്രമല്ല, മറിച്ച് നമ്മുടെ ദൃഢനിശ്ചയങ്ങൾക്ക് പുതിയ ഊർജ്ജം പകരാനുള്ള ഒരു അവസരം കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു. പൊതുജീവിതത്തിലെ തന്റെ 25 വർഷത്തെ യാത്രയെ, വ്യക്തിപരമായ മഹത്വവൽക്കരണത്തിനുള്ള ഒരു മാർഗ്ഗമായി താൻ കാണുന്നില്ലെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ഏതെങ്കിലും പദവിയോ രാഷ്ട്രീയ അഭിലാഷമോ തന്റെ ജീവിതത്തിന്റെ ലക്ഷ്യം അല്ല, മറിച്ച് അതൊരു ദൗത്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

“

എന്നെ ജയിക്കാൻ സഹായിച്ചവർ... വിനയമെന്തെന്ന് എന്നെ പഠിപ്പിച്ചു. എന്നെ വീഴ്ത്താൻ നോക്കിയവർ... വീണ്ടും എങ്ങനെ എഴുന്നേൽക്കണമെന്ന് എന്നെ പഠിപ്പിച്ചു. എന്നോടൊപ്പം നിലകൊണ്ടവർ... വിശ്വാസത്തിന്റെ കരുത്ത് എന്തെന്ന് എനിക്ക് കാണിച്ചുതന്നു. എന്നെ എതിർത്തവർ... ജനാധിപത്യത്തിന്റെ ശക്തി എന്തെന്ന് എന്നെ പഠിപ്പിച്ചു.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

ജനശക്തിയുടെ കരുത്തിൽ വികസനത്തിന്റെ പുതിയ ഉയരങ്ങൾ കീഴടക്കി ഗുജറാത്ത്

ഗുജറാത്ത് മുഖ്യമന്ത്രിയെന്ന നിലയിലുള്ള തന്റെ അനുഭവങ്ങൾ അനുസ്മരിച്ചുകൊണ്ട്, ആ സമയത്ത് തനിക്ക് വിപുലമായ ഭരണപരിചയം ഇല്ലായിരുന്നെങ്കിലും ജനങ്ങളിൽ തനിക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.



25 വർഷത്തെ തുടർച്ചയായ നേതൃത്വത്തിന് പ്രധാനമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് കേന്ദ്ര മന്ത്രിസഭ പ്രമേയം പാസാക്കി

ഭരണത്തലവനെന്ന നിലയിൽ തുടർച്ചയായി 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ അഭിനന്ദിച്ചുകൊണ്ട് കേന്ദ്ര മന്ത്രിസഭ ഒക്ടോബർ 6 – ന് പ്രമേയം പാസാക്കി. ഇതൊരു ഔപചാരികമായ ആദരവ് പ്രകടിപ്പിക്കൽ മാത്രമല്ല; 'രാഷ്ട്രം ആദ്യം', 'പൗരൻ ആദ്യം' എന്നീ തത്ത്വങ്ങളിൽ അധിഷ്ഠിതമായ പ്രധാനമന്ത്രി മോദിയുടെ അസാധാരണമായ യാത്രയുടെ ആഘോഷം കൂടിയാണ്. ഗുജറാത്തിൽ ലഭിച്ച മൂന്ന് വൻ ജനവിധികളും തുടർച്ചയായ മൂന്ന് ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ ലഭിച്ച ജനപിന്തുണയും പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ പൊതുജനങ്ങൾ അർപ്പിച്ചിരിക്കുന്ന അചഞ്ചലമായ വിശ്വാസത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

ഈ പത്ത് പ്രധാന സവിശേഷതകൾ അദ്ദേഹത്തിന്റെ ഗുജറാത്ത് ഭരണവും ഇന്ത്യയുടെ നേതൃത്വവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വ്യക്തമാക്കുന്നു. പ്രമേയത്തിൽ നിന്നുള്ള പ്രധാന ഭാഗങ്ങൾ വായിക്കുക...

1. ഗുജറാത്തിൽ നിന്ന് ഇന്ത്യയിലേക്ക്: ഒരു വികസന ദർശനം വളരുന്നു

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഗുജറാത്തിൽ വിജയകരമായി നടപ്പാക്കിയ പദ്ധതികൾ ദേശീയതലത്തിലേക്ക് എങ്ങനെ വ്യാപിപ്പിച്ചുവെന്ന് പ്രമേയം വിശദീകരിക്കുന്നു. പൗരന്മാരുടെ പരാതികൾ നേരിട്ട് കേൾക്കുന്നതിനായി അദ്ദേഹം വ്യക്തിപരമായി ഇടപെട്ട സ്വാഗത് (SWAGAT) പദ്ധതിക്ക് 2010-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസേവന പുരസ്കാരം ലഭിച്ചു. ഈ പദ്ധതി പിന്നീട് പ്രഗതി (PRAGATI) പദ്ധതിക്ക് പ്രചോദനമായി. വിവിധ ഗവൺമെന്റുകളെ ഒരുമിച്ചുകൊണ്ടുവന്ന് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അവലോകനം ചെയ്യാനും തടസ്സങ്ങൾ പരിഹരിക്കാനും അവയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പ്രഗതി ലക്ഷ്യമിടുന്നു. അതുപോലെ, കൃഷിക്കായി പ്രത്യേക വൈദ്യുതി ഫീഡറുകൾ ഏർപ്പെടുത്തിയ 'ജ്യോതിഗ്രാം പദ്ധതിയും' ദേശീയതലത്തിൽ പിന്തുടരാവുന്ന ഒരു മാതൃകയായി മാറി. ഇതിലൂടെ ഗുജറാത്തിന്റെ അനുഭവം ഇന്ത്യയിലുടനീളം വ്യാപിപ്പിച്ചു.

2. ദരിദ്രരോടുള്ള കരുതൽ വിപുലമായ തോതിൽ അന്തസ്സുറ്റ ജീവിതമായി മാറുന്നു

ദാരിദ്ര്യത്തോടുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ സഹാനുഭൂതി, ദൈനംദിന ജീവിതത്തിലെ പ്രയാസങ്ങളുമായി മല്ലിടുന്ന സ്വന്തം അമ്മയെ കണ്ടു വളർന്ന അനുഭവങ്ങളിൽ നിന്നും യാത്രകളിലുടനീളം നേരിട്ട ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും കാഴ്ചകളിൽനിന്നും വളർന്നുവന്നതാണെന്ന് പ്രമേയം ചൂണ്ടിക്കാട്ടുന്നു. ഈ അനുഭവങ്ങളെ വീടുകൾ, കുടിവെള്ളം, ബാങ്കിംഗ് സേവനങ്ങൾ, ആരോഗ്യപരിരക്ഷ എന്നിവ ലഭ്യമാക്കുന്ന പദ്ധതികളുമായി പ്രമേയം ബന്ധിപ്പിക്കുന്നു. ഏകദേശം 60 കോടി ജൻ ധൻ അക്കൗണ്ടുകൾ, 4 കോടിയിലധികം വീടുകൾ, ദാരിദ്ര്യത്തിൽ നിന്ന് കരകയറിയ 25 കോടി ജനങ്ങൾ എന്നിവ വ്യക്തിപരമായ അനുഭവങ്ങളിൽനിന്ന് പൊതുജനക്ഷേമ പ്രവർത്തനങ്ങളിലേക്കുണ്ടായ മാറ്റത്തിന്റെ ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടുന്നു. ഇതിലൂടെ കുടുംബങ്ങൾക്ക് അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യം ഒരുക്കിയതായും പ്രമേയം വ്യക്തമാക്കുന്നു.

പൊതുജനങ്ങളുമായി സഹകരിച്ച് തീരുമാനങ്ങൾ എടുക്കുന്നതും നയങ്ങൾ രൂപീകരിക്കുന്നതും അവ നടപ്പിലാക്കുന്നതും അദ്ദേഹം തന്റെ പ്രവർത്തന ശൈലിയുടെ പ്രധാന അടിത്തറയാക്കി മാറ്റി. ഈ 'ജന ശക്തി'യിലൂടെയാണ് ഗുജറാത്ത് വികസനത്തിന്റെ പുതിയ ഉയരങ്ങൾ കീഴടക്കിയത്. 2014-ൽ രാജ്യത്തെ ഒരു 'പ്രധാന സേവകൻ' ആയി പ്രവർത്തിക്കുവാനുള്ള അവസരം തനിക്ക് ലഭിച്ചുവെന്ന് പ്രധാനമന്ത്രി അടിവരയിട്ടു പറഞ്ഞു. ആ സമയത്ത് രാജ്യം സാമ്പത്തിക വെല്ലുവിളികൾ, പണപ്പെരുപ്പം, നിരാശബോധം എന്നിവയുമായി പോരാടുകയായിരുന്നു. ജനങ്ങളുടെ ശക്തിയിൽ വീണ്ടും വിശ്വാസമർപ്പിച്ച പ്രധാനമന്ത്രി, "നാം അത്

3. ശാക്തീകരണം സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും പുതിയ അവസരങ്ങൾ തുറക്കുന്നു

ജനങ്ങൾക്ക് അവരുടെ ഭാവി സ്വയം രൂപപ്പെടുത്താൻ സഹായിക്കണമെന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ദൃഢനിശ്ചയം പ്രമേയത്തിലുടനീളം പ്രതിഫലിക്കുന്നു. ഏകദേശം 3.5 കോടി സ്ത്രീകൾ 'ലഖ്പതി ദീദി'മാരായി മാറിയപ്പോൾ, നാരി ശക്തി വന്ദൻ അധിനിയം സ്ത്രീകൾക്ക് സംവരണം ഉറപ്പാക്കി. സ്റ്റാർട്ടപ്പുകൾ, നൈപുണ്യ വികസനം, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ എന്നിവയിലൂടെ യുവജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ തുറന്നുകൊടുത്തു. ഏകദേശം 4 ലക്ഷം കോടിയിലധികം രൂപ പി.എം.-കിസാൻ പദ്ധതിയിലൂടെ കൈമാറാൻ കഴിഞ്ഞു. അതേ സമയം, ദുർബലരായ ഗോത്രവിഭാഗങ്ങൾക്ക് ലക്ഷ്യബോധത്തോടെയുള്ള സഹായം നൽകുന്നതിനായി പി.എം.-ജൻമൻ പദ്ധതി നടപ്പിലാക്കി. ഇതിലൂടെ വികസനത്തിന്റെ ഗുണഫലങ്ങളിൽനിന്ന് പിന്നാക്കം നിൽക്കേണ്ടിവന്ന വിഭാഗങ്ങളിലേക്കും വികസനം എത്തിക്കാൻ സാധിച്ചു.

4. പരിഷ്കരണങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത

രാഷ്ട്രീയമായ പ്രതിസന്ധികൾ ഉണ്ടായാൽ പോലും പരിഷ്കരണങ്ങളുമായി മുന്നോട്ട് പോകാനുള്ള പ്രധാനമന്ത്രി മോദിയുടെ താല്പര്യത്തിന് ഈ പ്രമേയം പ്രത്യേക ഊന്നൽ നൽകുന്നു. ജിഎസ്ടി, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ജനങ്ങളിലെത്തിക്കുന്നതിലെ പരിഷ്കാരങ്ങൾ, കൊളോണിയൽ കാലത്തെ നിയമങ്ങൾക്കു പകരം പുതിയ നിയമങ്ങൾ കൊണ്ടുവന്നത് പോലുള്ള നടപടികൾ ദീർഘകാലമായുള്ള വെല്ലുവിളികളെ നേരിടാനുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയം വ്യക്തമാക്കുന്നു. ശുചിത്വം, ഡിജിറ്റൽ പേയ്മെന്റുകൾ, പ്രാദേശിക ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായുള്ള അദ്ദേഹത്തിന്റെ ആഹ്വാനങ്ങൾ ജനങ്ങളെ ഈ മാറ്റത്തിന്റെ ഭാഗമാക്കി മാറ്റി. ജനപങ്കാളിത്തം, ദൃഢവിശ്വാസം, ദേശീയ ലക്ഷ്യം എന്നിവയാൽ ശക്തിപ്പെട്ട, തുടർച്ചയായി മുന്നോട്ടുകൊണ്ടുപോകുന്ന പ്രതിബദ്ധതയായാണ് പരിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രതിഫലിക്കുന്നതെന്ന് പ്രമേയം വ്യക്തമാക്കുന്നു.

5. സ്വയംപര്യാപ്തമായ ഇന്ത്യയുടെ അടിത്തറ കെട്ടിപ്പടുക്കൽ

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ, പൊതു മൂലധന ചെലവ് 2 ലക്ഷം കോടി രൂപയിൽ നിന്ന് 12 ലക്ഷം കോടി രൂപയിലധികമായി വർദ്ധിച്ചു. ഇതിനൊപ്പം ദേശീയപാതകളുടെ വിപുലീകരണവും റെയിൽവേ വൈദ്യുതീകരണവും നടന്നു. ഇലക്ട്രോണിക്സ് മേഖലയിലെ ഉൽപ്പാദനം ഏകദേശം 2 ലക്ഷം കോടി രൂപയിൽ നിന്ന് 13 ലക്ഷം കോടി രൂപയിലധികമായി ഉയർന്നു. പ്രതിരോധ സാമഗ്രികളുടെ ഉൽപ്പാദന മേഖലയിലുണ്ടായ വളർച്ചയും സെമികണ്ടക്ടർ നിർമ്മാണ രംഗത്തെ മുന്നേറ്റങ്ങളും ഇന്ത്യയുടെ ആവശ്യങ്ങൾ സ്വയം നിറവേറ്റാനുള്ള ശേഷി ശക്തിപ്പെടുത്തണമെന്ന അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ കൂടുതൽ വ്യക്തമാക്കുന്നു.

6. സാങ്കേതികവിദ്യ ജനങ്ങൾക്ക് സേവനം നൽകുകയും ദേശീയ അഭിലാഷങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുകയും ചെയ്യുന്നു

ദൈനംദിന സേവനങ്ങൾ മുതൽ ശാസ്ത്രത്തിന്റെ അത്യാധുനിക മേഖലകളിലെ നേട്ടങ്ങൾ വരെ വ്യാപിച്ചുകിടക്കുന്ന പ്രവർത്തനങ്ങളിലൂടെ സാങ്കേതികവിദ്യയിലുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ വിശ്വാസം പ്രകടമാകുന്നു. ജൻധൻ, ആധാർ, മൊബൈൽ കണക്റ്റിവിറ്റി എന്നിവ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നത് മെച്ചപ്പെടുത്തിയപ്പോൾ, യുപിഐ ഡിജിറ്റൽ പേയ്മെന്റ് രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചു. ഇന്ത്യ സ്വന്തം കോവിഡ് വാക്സിനുകൾ വികസിപ്പിച്ചതും ചന്ദ്രന്റെ ദക്ഷിണധ്രുവത്തിന് സമീപം ചന്ദ്രയാൻ-3 വിജയകരമായി ഇറങ്ങിയതും ശാസ്ത്രസാങ്കേതിക ശേഷിയുള്ളതും സ്വയംപര്യാപ്തവുമായ ആത്മനിർഭർ ഭാരതം കെട്ടിപ്പടുക്കാനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ദർശനത്തിന്റെ തെളിവുകളാണ്. ബഹിരാകാശ മേഖലയിലെ സ്വകാര്യ പങ്കാളിത്തവും നിർമ്മിത ബുദ്ധി, ക്വാണ്ടം സാങ്കേതികവിദ്യ, ജൈവസാങ്കേതിക വിദ്യ എന്നീ മേഖലകളിലെ പ്രവർത്തനങ്ങളും ഈ ദർശനത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നു. സാങ്കേതികവിദ്യ ജനജീവിതം മെച്ചപ്പെടുത്തുന്നതോടൊപ്പം ദേശീയ സാധ്യതകളെ വിപുലീകരിക്കുകയും ചെയ്യുന്നു.

7. പ്രക്ഷുബ്ധമായ കാലഘട്ടങ്ങളിൽ അചഞ്ചലമായ നേതൃത്വം

ആഗോളതലത്തിൽ വലിയ പ്രതിസന്ധികളും മാറ്റങ്ങളും ഉണ്ടായ ഘട്ടങ്ങളിൽ ഇന്ത്യയ്ക്ക് ദിശാബോധം നൽകാനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ കഴിവിനെ പ്രമേയം എടുത്തുകാട്ടുന്നു. കോവിഡ് മഹാമാരിയുടെ കാലത്ത് അദ്ദേഹം രാജ്യത്തെ ഒരുമിപ്പിക്കുകയും തദ്ദേശീയ വാക്സിൻ വികസനത്തിന് പിന്തുണ നൽകുകയും വേഗത്തിലുള്ള വാക്സിനേഷൻ സാധ്യമാക്കുകയും ചെയ്തു. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ കാലത്ത് സമയോചിതമായി കൈക്കൊണ്ട തീരുമാനങ്ങളും ഊർജസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളും പ്രതിസന്ധി മൂലമുണ്ടായ തടസ്സങ്ങളെ അതിജീവിക്കാൻ ഇന്ത്യയെ സഹായിച്ചു. പ്രതിസന്ധികൾക്ക് ഉടനടി പരിഹാരം കാണുന്നതിനുള്ള നടപടികളും വർഷങ്ങളിലൂടെ കെട്ടിപ്പടുത്ത ശേഷിയും സമന്വയിപ്പിച്ചുകൊണ്ടുള്ളതായിരുന്നു അദ്ദേഹത്തിന്റെ നേതൃത്വമെന്ന് പ്രമേയം വ്യക്തമാക്കുന്നു. ദുഷ്കരമായ സാഹചര്യങ്ങളിൽ രാജ്യത്തിന് പ്രതിരോധശേഷിയും ആത്മവിശ്വാസവും നൽകാൻ ഈ സമീപനം സഹായിച്ചു.

8. നിർണായകമായ നേതൃത്വം സമാധാനവും ആത്മവിശ്വാസവും ഉറപ്പാക്കുന്നു.

2016-ലെ സർജിക്കൽ സ്ട്രൈക്കുകൾ, 2019-ലെ ബാലാക്കോട്ട് വ്യോമാക്രമണങ്ങൾ, 2025-ലെ ഓപ്പറേഷൻ സിന്ദൂർ എന്നിവ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ദേശീയ സുരക്ഷയുടെ കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള അതിരുകൾ വ്യക്തമാക്കുന്നു. അനുഛേദം 370 റദ്ദാക്കൽ, ഒരേ റാങ്ക് ഒരു പെൻഷൻ പദ്ധതി, സംയുക്ത സേനാ മേധാവി പദവി സൃഷ്ടിക്കൽ എന്നിവയോടൊപ്പമാണ് പ്രമേയം ഈ നടപടികളെയും പരാമർശിക്കുന്നത്. മാവോയിസ്റ്റ് ഭീകരവാദത്തിനെതിരായ നടപടികളും വടക്കുകിഴക്കൻ മേഖലയിൽ സമാധാനം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളും ദേശീയ ദൃഢനിശ്ചയത്തെ വികസനം, സ്ഥിരത, ജനവിശ്വാസം എന്നിവയുമായി സമന്വയിപ്പിക്കുന്ന നേതൃത്വത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്നു.

9. ആഗോള വേദികളിൽ ഇന്ത്യയുടെ ശബ്ദം കൂടുതൽ ശക്തമാകുന്നു

വിവിധ അഭിപ്രായവ്യത്യാസങ്ങൾക്കിടയിലും സഹകരണം കെട്ടിപ്പടുക്കാനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ കഴിവുമായി ഇന്ത്യയുടെ ആഗോള പദവി ഉയരുന്നതിനെ പ്രമേയം ബന്ധിപ്പിക്കുന്നു. G20, BRICS കൂട്ടായ്മകളിൽ സമവായം ഉണ്ടാക്കിയതും, 'ഗ്ലോബൽ സൗത്ത്' രാജ്യങ്ങൾക്ക് വേണ്ടി വാദിച്ചതും, ആഫ്രിക്കൻ യൂണിയനെ G20-ൽ ഉൾപ്പെടുത്തിയതും അദ്ദേഹത്തിന്റെ നയതന്ത്ര നേതൃപാടവത്തെ പ്രതിഫലിപ്പിക്കുന്നു. ഇന്ത്യയുടെ ശേഷി മറ്റുള്ളവർക്ക് എങ്ങനെ പ്രയോജനപ്പെടാം എന്നതിന് 'വാക്സിൻ മൈത്രി' ഒരു ഉദാഹരണമാണ്. 36 രാജ്യങ്ങളിൽ നിന്നുള്ള പരമോന്നത ബഹുമതികൾ പ്രധാനമന്ത്രി മോദിയോടുള്ള

നേടിയെടുക്കും" എന്ന ആത്മവിശ്വാസം ജനങ്ങളിൽ പകർന്നുനൽകിയതായി പറഞ്ഞു.

പരിഷ്കാരങ്ങളുടെ വേഗതയിൽ ഇന്ന് ശ്രദ്ധ കേന്ദ്രീകരിക്കുക

ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ, ഉൽപ്പാദന മേഖല, കയറ്റുമതി, മൊബൈൽ ഉൽപ്പാദനം, സൗരോർജം തുടങ്ങിയ വിവിധ മേഖലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉണ്ടായ പരിവർത്തനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തുപറഞ്ഞു.

പ്രതിസന്ധി ഘട്ടങ്ങളിൽ മുമ്പ് ചർച്ചകൾ കേന്ദ്രീകരിച്ചിരുന്നത് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ദുർബലതകളിലായിരുന്നുവെങ്കിൽ, ഇന്ന് ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്



അന്താരാഷ്ട്ര ആദരവും, ലോക രാജ്യങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളിൽ ഇന്ത്യയുടെ വളരുന്ന സ്വാധീനവും പങ്കാളിത്തവും അടിവരയിടുന്നു.

10. പുരോഗതിയുടെ കരുത്ത് പൈതൃകത്തിലും ഉത്തരവാദിത്തത്തിലും

വികസനം, സാംസ്കാരിക ആത്മവിശ്വാസം, പരിസ്ഥിതി ബോധം എന്നിവയെ സമന്വയിപ്പിക്കുന്നതാണ് പ്രധാനമന്ത്രി മോദിയുടെ ദർശനം. ഗുജറാത്തിലെ പ്രത്യേക പരിസ്ഥിതി വകുപ്പ് മുതൽ പുനരുപയോഗ ഊർജ്ജ വികസനവും അന്താരാഷ്ട്ര പങ്കാളിത്തവും വരെ കാലാവസ്ഥാ പ്രവർത്തനങ്ങൾ വളർന്നു. യോഗ, ധാന്യങ്ങൾ, കാശി വിശ്വനാഥ് ധാം, രാംലല്ലയുടെ പ്രാൺ പ്രതിഷ്ഠ എന്നിവ ഭാരതത്തിന്റെ പൈതൃകവുമായുള്ള ബന്ധത്തെ കൂടുതൽ ദൃഢമാക്കി. 2047-ഓടെ സമൃദ്ധവും ആത്മനിർഭരവും വികസിതവുമായ ഒരു ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങളിലൂടെ, അദ്ദേഹത്തിന്റെ ദർശനത്തോടുള്ള പുനരർപ്പണത്തിലാണ് ഈ ദൃഢനിശ്ചയം പൂർത്തിയാകുന്നത്.

കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച പ്രമേയം പൂർണ്ണരൂപത്തിൽ വായിക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

വെല്ലുവിളികൾ നേരിടാനുള്ള ഇന്ത്യയുടെ ശേഷിയിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കാർഷിക മേഖലയെ പരാമർശിച്ചുകൊണ്ട് 2015 മുതൽ 2025 വരെയുള്ള ദശകത്തിൽ ഈ മേഖലയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

'ഏവർക്കുമൊപ്പം, ഏവരുടെയും വികസനം': സദ്ഭരണത്തിന്റെ അടിത്തറ

'സബ്കാ സാഥ്, സബ്കാ വികാസ്'-ഏവർക്കുമൊപ്പം, എല്ലാവരുടെയും വികസനം എന്നതാണ് സദ്ഭരണത്തിന്റെ അടിത്തറയെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാവരിലേക്കും പൂർണമായി എത്തിക്കൽ എന്ന ആശയവുമായി സദ്ഭരണത്തെ ബന്ധിപ്പിച്ചുകൊണ്ടാണ് അദ്ദേഹം വിശദീകരിച്ചത്. ഗവൺമെന്റ് പദ്ധതികളുടെ പ്രയോജനങ്ങൾ അർഹരായ ഓരോ ഗുണഭോക്താവിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അർഹതയുള്ള ഒരാൾ പോലും ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടരുതെന്നും മറ്റുള്ളവരുടെ അവകാശങ്ങൾ ആരും കവർന്നെടുക്കാൻ ഇടവരരുതെന്നും അദ്ദേഹം വ്യക്തമാക്കി.

യുവ ഇന്ത്യയുടെ കരുത്തുറ്റ ശക്തി

ടൂറിസം, വിദ്യാഭ്യാസം, വിനോദം, ആരോഗ്യം-ക്ഷേമം, കായികം, നവീകരണം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഇന്ത്യയെ ആഗോള തലത്തിൽ മുൻനിരയിലെത്തിക്കാനുള്ള ദർശനം പ്രധാനമന്ത്രി മോദി മുന്നോട്ടുവെച്ചു. യുവാക്കളാണ് ഇന്ത്യയുടെ ഏറ്റവും വലിയ കരുത്തെന്ന് വിശേഷിപ്പിച്ച അദ്ദേഹം, രാജ്യത്തെ യുവജനസംഖ്യ ചരിത്രം നൽകിയ അസാധാരണമായ ഒരു അവസരത്തെയാണ് പ്രതിനിധീകരിക്കുന്നതെന്നും കുറിച്ചു. മുൻതലമുറകൾ അനുഭവിച്ച ബുദ്ധിമുട്ടുകൾ ഭാവി തലമുറകൾക്ക് നേരിടേണ്ടി വരില്ലെന്ന് ഉറപ്പാക്കുന്ന വിധത്തിൽ, ഈ യുവശക്തി

സദ്ഭരണത്തിന്റെ 25 വർഷങ്ങൾ

രാഷ്ട്രപതി, ലോക നേതാക്കൾ, സഹപ്രവർത്തകർ എന്നിവർ പ്രശംസിച്ചു

ഭരണത്തലവൻ എന്ന നിലയിൽ ചരിത്രപരമായ 25 വർഷത്തെ സേവനകാലാവധി പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക്, 2026 ഒക്ടോബർ 7-ന് ആഗോള നേതാക്കൾ തങ്ങളുടെ ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചു. 2001-ൽ അദ്ദേഹം ഗുജറാത്ത് മുഖ്യമന്ത്രിയായി ആദ്യമായി ചുമതലയേൽക്കുകയും പിന്നീട് 2014-ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയാവുകയും ചെയ്തതു മുതലുള്ള 25 വർഷത്തെ പൂർത്തീകരണത്തെ അടയാളപ്പെടുത്തിക്കൊണ്ട്, അദ്ദേഹത്തിന്റെ പരിവർത്തനാത്മകമായ നേതൃത്വത്തെയും സദ്ഭരണത്തോടുള്ള പ്രതിബദ്ധതയെയും, ആഗോള സമാധാനം- എല്ലാവരെയും ഉൾക്കൊള്ളൽ- സുസ്ഥിര വികസനം -എന്നിവയോടുള്ള സമർപ്പണത്തെയും, ആഗോള നേതാക്കൾ പ്രശംസിച്ചു.

ഈ സുപ്രധാന നാഴികക്കല്ല് ജനക്ഷേമത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയെയും ഇന്ത്യയുടെ പുരോഗതിയെ മുന്നോട്ട് നയിക്കാനുള്ള ഉറച്ച തീരുമാനത്തെയുമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു തന്റെ സന്ദേശത്തിൽ പറഞ്ഞു. രാഷ്ട്രപതി ദ്രൗപദി മുർമുവിന് പുറമെ, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എന്നിവരുൾപ്പെടെയുള്ള ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖരും തങ്ങളുടെ അഭിനന്ദനങ്ങൾ അറിയിച്ചു. ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ, നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബു, ഫിലിപ്പീൻസ് പ്രസിഡന്റ് തുടങ്ങിയ ലോക നേതാക്കളിൽ നിന്നും പ്രധാനമന്ത്രി മോദിക്ക് അഭിനന്ദന സന്ദേശങ്ങൾ ലഭിച്ചു. കൂടാതെ നേപ്പാൾ, ബെൽജിയം, ജപ്പാൻ, കോമൺവെൽത്ത് ഓഫ് ഡൊമിനിക്ക എന്നിവടങ്ങളിലെ പ്രധാനമന്ത്രിമാരും ബോട്സ്വാന റിപ്പബ്ലിക് പ്രസിഡന്റും തങ്ങളുടെ ആശംസകൾ അയച്ചു.

എൽ.കെ. അദ്വാനിയെ സന്ദർശിച്ച് അനുഗ്രഹം തേടി പ്രധാനമന്ത്രി

തന്റെ 25 വർഷത്തെ സേവനത്തിന്റെ പൂർത്തീകരണത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി മുൻ ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനിയെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ച് അനുഗ്രഹം തേടി പൊതുരംഗത്ത് പതിറ്റാണ്ടുകളായി അദ്ദേഹം നൽകിയ സേവനങ്ങളെയും ദേശീയ ജീവിതത്തിന് നൽകിയ സുപ്രധാന സംഭാവനകളെയും മോദി പ്രകീർത്തിച്ചു. രാജ്യത്തിന്റെ പുരോഗതിയിൽ അദ്വാനിയുടെ പ്രവർത്തനങ്ങൾ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.



യെ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

ജീവിതത്തിന്റെ ഓരോ കണികയും ഓരോ നിമിഷവും ഭാരതത്തിനായി സമർപ്പിക്കുന്നു

രാജ്യമാണ് പ്രഥമം എന്ന പ്രതിജ്ഞയോടെ, രാജ്യത്തിന്റെ സമൃദ്ധിയാണ് തന്റെ വ്രതമെന്നും രാഷ്ട്രസേവനമാണ് തന്റെ ലക്ഷ്യമെന്നുമുള്ള ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോകാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. കർമ്മമാണ് തന്റെ ധർമ്മമെന്നും കടമ നിറവേറ്റുകയെന്നത് തന്റെ പവിത്രമായ പ്രതിബദ്ധതയാണെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. വ്യക്തിയിൽ നിന്ന് കൂട്ടായ്മയിലേക്ക്-'ഞാൻ' എന്നതിൽ നിന്ന് 'നമ്മൾ' എന്നതിലേക്ക്-തന്റെ ജീവിതത്തിലെ ഓരോ കണികയും ഓരോ നിമിഷവും ഭാരതമണ്ണിനായി സമർപ്പിക്കപ്പെടുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യ ഒരു വികസിത രാഷ്ട്രമാകുന്നതുവരെ താൻ വിശ്രമിക്കുകയോ തളരുകയോ തന്റെ പാതയിൽ നിന്ന് വ്യതിചലിക്കുകയോ ഇല്ലെന്നും അദ്ദേഹം പ്രതിജ്ഞ ചെയ്തു. ●

'വോക്കൽ ഫോർ ലോക്കൽ' ഇന്ത്യൻ ഹൃദയങ്ങളെ ഒന്നിപ്പിച്ച ആഹ്വാനം







ഈ വർഷത്തെ ദീപാവലിയിലെ പ്രകാശപൂരിതമായ ദീപങ്ങൾ സവിശേഷമാണ്; കാരണം, അവ 'സ്വയംപര്യാപ്തത' എന്ന വെളിച്ചത്താൽ തെളിയിക്കപ്പെട്ട വയാണ്. 'മൻ കി ബാത്തി'ലൂടെ പ്രതിധ്വനിച്ച 'പ്രാദേശിക ഉൽപ്പന്നങ്ങൾക്കായി ശബ്ദമുയർത്തുക' – വോക്കൽ ഫോർ ലോക്കൽ എന്ന ആഹ്വാനം ഇന്ന് ഒരു വൻ ആൽമരമായി വളർന്നിരിക്കുന്നു. വളരെ ലളിതമായി ആരംഭിച്ച ഈ യാത്ര, സെമികണ്ടക്ടർ ചിപ്പുകൾ, ആണവോർജ്ജം തുടങ്ങിയ മേഖലകളിൽ തദ്ദേശീയമായ വിജയങ്ങൾ കൈവരിക്കുന്നിടം വരെ എത്തിനിൽക്കുന്നു. ഖാദി, പ്രതിരോധ കയറ്റുമതി, കളിപ്പാട്ട വ്യവസായം, കൃഷി, അല്ലെങ്കിൽ മറ്റ് കയറ്റുമതി മേഖലകൾ – എവിടെയും 'ഭാരതീയത'യുടെ ചൈതന്യം ലോകമെമ്പാടും പ്രതിധ്വനിക്കുന്നു. 'സ്വദേശി' എന്നത് വിപണിയുമായി ബന്ധപ്പെട്ട ഒരു ആശയം മാത്രമല്ല, മറിച്ച് ദേശീയ സുരക്ഷയുടെ ഒരു സുരക്ഷിത കവചം കൂടിയാണെന്ന് 'ഓപ്പറേഷൻ സിന്ദൂർ' തെളിയിച്ചിരിക്കുന്നു. ഈ വർഷത്തെ ദീപാവലി സവിശേഷമായി പ്രാധാന്യമുള്ളതാണ്; കാരണം, നമ്മുടെ കരകൗശല വിദഗ്ധരുടെ നൈപുണ്യത്തിൽ അഭിമാനം കൊള്ളുന്ന ഭാരതം, 2047-ഓടെ ഒരു 'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിനുള്ള തറക്കല്ലിടുന്ന ഒരു നിർണ്ണായക നിമിഷത്തെയാണ് ഇത് അടയാളപ്പെടുത്തുന്നത്. ദീപാവലി, ഛഠ് തുടങ്ങിയ ഉത്സവങ്ങളുടെ ഈ ശുഭവേളകളിൽ, നാം തെളിയിക്കുന്ന ഓരോ വിളക്കും നൽകുന്ന ഓരോ സമ്മാനവും നടത്തുന്ന ഓരോ വാങ്ങലും വെറുമൊരു ഉത്സവ ആഘോഷം മാത്രമല്ലെന്ന് നാം തിരിച്ചറിയണം; അത് 140 കോടി ഇന്ത്യക്കാരുടെ കൂട്ടായ ദൃഢനിശ്ചയത്തെയാണ് പ്രതിഫലിപ്പിക്കുന്നത്സ്വദേശിക്കും സ്വയംപര്യാപ്തതയ്ക്കും സമൃദ്ധമായ ഒരു ഭാരതത്തിനും വേണ്ടിയുള്ള ദൃഢനിശ്ചയം.





ഇന്ത്യ ഉത്സവങ്ങളുടെ നാടാണ്. ഇവിടെ, ഓരോ മതത്തിന്റെയും സമുദായത്തിന്റെയും ആഘോഷങ്ങൾ സന്തോഷത്തോടൊപ്പം ഒരു ദൃഢനിശ്ചയവും കൊണ്ടുവരുന്നു. ഇത്തരം ഓരോ നിശ്ചയത്തിനും അതിന്റേതായ പ്രാധാന്യവും അർത്ഥതലങ്ങളുമുണ്ട്. ഇരുട്ടിനുമേൽ വെളിച്ചം നേടിയ വിജയത്തെ ദീപാവലി ആഘോഷിക്കുമ്പോൾ, സാഹോദര്യത്തിന്റെയും ഒത്തൊരുമയുടെയും സന്ദേശമാണ് ഈദ് നൽകുന്നത്. ക്രിസ്മസ് സ്നേഹത്തിന്റെയും കരുണയുടെയും പാഠങ്ങൾ പകർന്നുനൽകുന്നു; ഗുരുപുരബ് സേവനത്തിന്റെയും ത്യാഗത്തിന്റെയും പാത കാണിച്ചുതരുന്നു; ബുദ്ധ പൂർണിമയാകട്ടെ, അനുകമ്പയുടെയും അഹിംസയുടെയും മൂല്യങ്ങൾ പഠിപ്പിക്കുന്നു. സഹോദരങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തെ രക്ഷാബന്ധൻ ഒരു നൂലിൽ കോർക്കുമ്പോൾ, മകരസംക്രാന്തി ദാനധർമ്മത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും സന്ദേശം നൽകുന്നു. സൂര്യനോടും ജലത്തോടുമുള്ള നന്ദി പ്രകടിപ്പിക്കുന്ന 'ഛഠ്' എന്ന മഹോത്സവം, അച്ചടക്കത്തിന്റെയും തപസ്സിന്റെയും കൂടി അവസരമാണ്. 'നിർജല' വ്രതമനുഷ്ഠിക്കുന്നതും ഉദയസൂര്യനും അസ്തമയസൂര്യനും 'അർഘ്യം' അർപ്പിക്കുന്നതും പ്രകൃതിയോടുള്ള ആദരവിന്റെ ആഴമേറിയ പാരമ്പര്യത്തെ സജീവമായി നിലനിർത്തുന്നു. നവരാത്രി, ഓണം, പൊങ്കൽ, ബൈസാഖി, ബിഹു തുടങ്ങിയ ഉത്സവങ്ങൾക്ക് അവയുടേതായ തനത് പാരമ്പര്യങ്ങളും കഥകളുമുണ്ടെങ്കിലും, അവയെല്ലാം ഒരു പൊതുവികാരത്താൽ ഒന്നിപ്പിക്കപ്പെടുന്നു: ആഘോഷങ്ങളിലെ ഒത്തൊരുമയുടെ ഭാവം. സമീപകാലത്ത്, ഈ ഒത്തൊരുമയുടെ ഭാവം ഒരു പുതിയ ദൃഢനിശ്ചയത്തിലേക്ക് വഴിമാറിയിരിക്കുന്നു-വിവിധ സമുദായങ്ങളെയും മതങ്ങളെയും പ്രദേശങ്ങളെയും ഒന്നിപ്പിക്കുന്ന ഒരു ദൃഢനിശ്ചയം. അതാണ് 'വോക്കൽ ഫോർ ലോക്കൽ' അഥവാ പ്രാദേശിക ഉൽപ്പന്നങ്ങളെയും സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന ആശയം.

ഛഠ് പൂജ എന്ന മഹോത്സവം ഈ മനോഭാവത്തിന്റെ ഏറ്റവും സ്വാഭാവികവും സജീവവുമായ പ്രതീകമായി നിലകൊള്ളുന്നു. മുളകൊണ്ട് നിർമ്മിക്കുന്ന 'സൂപ്' (മുറം), 'ദൗര' (വലിയ മുളക്കൂട) എന്നിവ ബീഹാറിലെയും പൂർവാഞ്ചലിലെയും ആയിരക്കണക്കിന് മുള കരകൗശല വിദഗ്ധർക്ക് ഉപജീവനമാർഗ്ഗം നൽകുന്നു. പൂജയ്ക്കായി ഉപയോഗിക്കുന്ന കൂടകളായാലും, മൺവിളക്കുകളും അടുപ്പുകളുമായാലും, ഗ്രാമീണ മൺപാത്ര തൊഴിലാളികളുടെ കരവിരുത് ഓരോ വീട്ടിലുമെത്തുന്നു. പ്രസാദമായി നൽകുന്ന 'ഥേകുവ' പ്രാദേശികമായി ഉൽപ്പാദിപ്പിച്ച ഗോതമ്പും ശർക്കരയും ഉപയോഗിച്ചാണ് ഉണ്ടാക്കുന്നത്. പൂജാദ്രവ്യങ്ങളിലുള്ള കരിമ്പ്, തേങ്ങ, സുത്നി (മധുരക്കിഴങ്ങ്), പഴം, അടയ്ക്ക എന്നിവയെല്ലാം പ്രാദേശിക കർഷകരുടെ കൃഷിയിടങ്ങളിൽ നിന്ന് നേരിട്ട് വരുന്നവയാണ്. മഞ്ഞൾച്ചെടി മുതൽ വിളക്കുകൾ കത്തിക്കാൻ ഉപയോഗിക്കുന്ന മൺതളികകളും നദീതീരത്ത് വിരിക്കുന്ന പായകളും വരെ, ഛഠ് പൂജയുമായി ബന്ധപ്പെട്ട ഓരോ വസ്തുവും തദ്ദേശീയമാണ്; ഇവ ഓരോന്നും കരകൗശല വിദഗ്ധരുടെയും നെയ്ത്തുകാരുടെയും കർഷകരുടെയും കഠിനാധ്വാനത്തിന്റെ കഥ പറയുന്നു. അതുകൊണ്ടാണ്, പ്രത്യേക ആഹ്വാനങ്ങളൊന്നുമില്ലാതെ തന്നെ, 'വോക്കൽ ഫോർ ലോക്കൽ' (പ്രാദേശിക ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക) എന്ന ആശയത്തെ ഛഠ് പൂജ വർഷങ്ങളായി സ്വാഭാവികമായി ഉൾക്കൊണ്ടിരിക്കുന്നത്. ഇന്ന് ഈ ഉത്സവത്തിന്റെ പ്രശസ്തി വളർന്ന് ആഗോളതലത്തിലേക്ക് വ്യാപിച്ചിരിക്കുന്നു; പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ പരിപാടികളിൽ പലപ്പോഴും ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് എടുത്തുപറയാറുണ്ട്.

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ



“വോക്കൽ ഫോർ ലോക്കൽ’, ‘മെയ്ഡ് ഇൻ ഇന്ത്യ’, ‘ആത്മനിർഭർ ഭാരത്’ എന്നിവയ്ക്ക് പിന്നിലെ കാഴ്ചപ്പാടിന്റെ നേരിട്ടുള്ള ഫലമായാണ്, നവരാത്രി മുതൽ ദീപാവലി വരെയുള്ള കാലയളവിൽ രാജ്യത്തെ ബിസിനസ്സ് വിറ്റുവരവ് 7 ലക്ഷം കോടി രൂപ കവിയുമെന്ന് കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് (CAIT) വിലയിരുത്തിയിരിക്കുന്നത്.

ഇന്ത്യൻ സംസ്കാരത്തിന്റെ സത്ത ഉൾക്കൊള്ളുന്ന ഈ ഉത്സവവേളകളിൽ സാധനങ്ങൾ വാങ്ങുന്നതായാലും സമ്മാനങ്ങൾ കൈമാറുന്നതായാലും, ഇന്ത്യൻ കരകൗശലത്തൊഴിലാളികളുടെ കൈകളാൽ നിർമ്മിച്ച ഒരു ഉൽപ്പന്നം തിരഞ്ഞെടുക്കുമ്പോൾ, ആ ഉത്സവം വിശ്വാസത്തിന്റെ ആഘോഷം മാത്രമായി ഒതുങ്ങുന്നില്ല. മറിച്ച്, രാഷ്ട്രനിർമ്മാണത്തിൽ ഒരു പൗരൻ നേരിട്ട് സംഭാവന നൽകുന്ന പ്രവർത്തനമായി അത് മാറുന്നു.

വൈവിധ്യങ്ങൾക്കിടയിലും 140 കോടി ഇന്ത്യക്കാരെ ഒരുമിപ്പിക്കുകയും സ്വയംപര്യാപ്ത ഇന്ത്യ കെട്ടിപ്പടുക്കുകയെന്ന പൊതുവായ ദൃഢനിശ്ചയത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നത് ഈ ചൈതന്യം തന്നെയാണ്.

ഈ വർഷവും ദീപാവലിയും മഹത്തായ ഛഠ് ഉത്സവവും സവിശേഷമായ ഒരു അവസരമാണ് നമുക്കു മുന്നിൽ തുറന്നിടുന്നത്. ‘പ്രാദേശിക ഉൽപ്പന്നങ്ങൾക്കായി ശബ്ദമുയർത്തുക’ എന്ന ദൃഢനിശ്ചയം, തദ്ദേശീയ ഉൽപ്പന്നങ്ങളെ ആഗോള വേദിയിലെത്തിക്കാനുള്ള ദൃഢനിശ്ചയം, 2047-ഓടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള ദൃഢനിശ്ചയം എന്നിവയാണ് ഈ അവസരത്തിന്റെ സവിശേഷത. ഈ പശ്ചാത്തലത്തിൽ, ഉത്സവങ്ങൾ കേവലം പാരമ്പര്യത്തിന്റെ ആഘോഷങ്ങൾ മാത്രമല്ലാതായിരിക്കുന്നു; അവ നമ്മുടെ സ്വയംപര്യാപ്തതയുടെ ആഘോഷങ്ങളായി മാറിയിരിക്കുന്നു. ഇന്ന് ഒരു ബഹുജന പ്രസ്ഥാനമായി വളർന്ന ഈ പ്രചാരണത്തിന് തുടക്കമായത് 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യത്തെ ‘മൻ കി ബാത്ത്’ റേഡിയോ പ്രക്ഷേപണത്തോടെയാണ്. ആ പരിപാടിയിൽ ഖാദി ഉൽപ്പന്നങ്ങൾ സ്വീകരിക്കണമെന്നു നടത്തിയ ആഹ്വാനം ജനമനസ്സുകളിൽ മായാത്ത മുദ്ര പതിപ്പിച്ചു. തുടർന്ന്, ലോകം മുഴുവൻ കോവിഡ്-19 മഹാമാരിയുടെ പിടിയിലായിരുന്ന 2020 ജൂൺ, ഓഗസ്റ്റ് മാസങ്ങളിൽ പ്രധാനമന്ത്രി മോദി വീണ്ടും പ്രാദേശിക ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനും പ്രാദേശിക കരകൗശലത്തൊഴിലാളികളുടെയും നെയ്ത്തുകാരുടെയും ശിൽപ്പികളുടെയും കഴിവുകൾ തിരിച്ചറിയാനും പൗരന്മാരോട് ആഹ്വാനം ചെയ്തു. ഈ അഭ്യർഥന കേവലം ഒരു മുദ്രാവാക്യമായിരുന്നില്ല. പ്രതിസന്ധിയെ ഒരവസരമാക്കി മാറ്റുന്നതിനുള്ള ഒരു ദർശനമായിരുന്നു അത്. തുടർന്നുള്ള വർഷങ്ങളിൽ ഇന്ത്യയുടെ സാമ്പത്തിക കാഴ്ചപ്പാടിനെ അടിസ്ഥാനപരമായി പുനർരൂപപ്പെടുത്തുകയും ചെയ്ത ദർശനം. പ്രധാനമന്ത്രിയുടെ ഈ ആഹ്വാനങ്ങൾക്ക് നന്ദി, ‘വോക്കൽ ഫോർ ലോക്കൽ’ എന്ന ആശയം കേവലം ഒരു ഗവൺമെന്റ് പദ്ധതിയുടെ പരിധി കടന്ന് 140 കോടി ഇന്ത്യക്കാരുടെ കൂട്ടായ ബോധത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. ഓരോ ഗ്രാമത്തിലെയും കടകളിൽ, ഓരോ വീട്ടിലെയും കുട്ടികളുടെ ചിന്താഗതിയിൽ, ഓരോ വിപണിയിലും നടക്കുന്ന ഓരോ ഇടപാടിലും ഈ വികാരം പ്രതിഫലിക്കുന്നു.

മറ്റു രാജ്യങ്ങളെ ആശ്രയിച്ച് ഭാരതം ഇനി മുന്നോട്ടുപോകരുത് എന്ന ഉറച്ച ബോധ്യം സമീപ വർഷങ്ങളിൽ നമുക്കുണ്ടായിട്ടുണ്ട്. നാം സ്വയംപര്യാപ്തരാകണം. ലോകത്ത് വിലകുറഞ്ഞതും കൂടുതൽ വേഗത്തിൽ ലഭ്യമാകുന്നതുമായ നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടായേക്കാം. എന്നാൽ അവയെ ആശ്രയിക്കുന്നത് നമ്മുടെ സ്വന്തം കഴിവുകൾ വളർത്തിയെടുക്കാൻ സഹായിക്കില്ല; നമ്മുടെ കഴിവുകളുടെ കരുത്ത് പരീക്ഷിക്കപ്പെടുന്നതിനും അത് വഴിയൊരുക്കില്ല. അതിനാൽ, നാം നമ്മുടെ സ്വന്തം ശേഷികൾ ശക്തിപ്പെടുത്തുകയും സ്വന്തം താൽപര്യങ്ങൾ സ്വയം സംരക്ഷിക്കുകയും വേണം. അതുകൊണ്ടാണ് ‘ആത്മനിർഭർ ഭാരത്’ എന്ന ദൃഢനിശ്ചയവുമായി നാം മുന്നോട്ടുപോകുന്നത്. ‘മെയ്ക്ക് ഇൻ ഇന്ത്യ’, ‘സ്വദേശി’, ‘വോക്കൽ ഫോർ ലോക്കൽ’ തുടങ്ങിയ സംരംഭങ്ങളുമായി ഇന്ത്യക്കാരുടെ ഹൃദയങ്ങൾ ചേർന്നുനിൽക്കുന്നു.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

ജനകീയ പ്രസ്ഥാനമായി മാറിയ ഒരു മന്ത്രം

‘വോക്കൽ ഫോർ ലോക്കൽ’ എന്നതിന്റെ വ്യാപ്തി കേവലം വാങ്ങലുകളിൽ മാത്രം പരിമിതമല്ല എന്ന് പ്രധാനമന്ത്രി മോദി ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്.



'വോക്കൽ ഫോർ ലോക്കൽ' എന്നത് മൺചിരാതുകൾ വാങ്ങുന്നതിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. നിങ്ങളുടെ പ്രദേശത്ത് നിർമ്മിക്കുന്ന പ്രാദേശിക ഉല്പന്നങ്ങളെ കഴിയുന്നത്ര സജീവമായി പ്രോത്സാഹിപ്പിക്കണം. ഇന്ത്യൻ ശില്പിയുടെ അധ്വാനത്തിലും സ്വന്തം മണ്ണിലെ വിഭവങ്ങളിൽ നിന്നു രൂപപ്പെട്ടതുമായ ഏതൊരുല്പന്നവും നമുക്ക് അഭിമാനകരമാണ്. ഈ അഭിമാനത്തെ നാം വീണ്ടും വാനോളമുയർത്തുകയും ആഘോഷിക്കുകയും വേണം.

- പ്രധാനമന്ത്രി നരേന്ദ്ര മോദി

നമ്മുക്കുവേണ്ടിയോ നമ്മുടെ വീട്ടിലേയ്ക്കുവേണ്ടിയോ സാധനങ്ങൾ വാങ്ങുമ്പോഴെല്ലാം അവ ഇന്ത്യയിൽ നിർമ്മിച്ചതാണെന്ന് നാം ഉറപ്പാക്കണം എന്നാണ് ഇതിലൂടെ അർത്ഥമാക്കുന്നത്. കമ്പനിയുടെ മാതൃരാജ്യമോ ബ്രാൻഡ് നാമത്തിന്റെ ഭാഷയോ ഏതായാലും, ആ ഉല്പന്നം ഇന്ത്യയിൽ, ഇന്ത്യൻ കരകൗശല വിദഗ്ധരുടെ കഠിനാധ്വാനത്തിലൂടെ നിർമ്മിക്കപ്പെട്ടതായിരിക്കണം. പ്രധാനമന്ത്രി രാജ്യത്തിന് മുമ്പിൽ നിരന്തരം അവതരിപ്പിച്ചിട്ടുള്ള സ്വദേശി എന്ന ആശയത്തിന്റെ ലളിതമായ നിർവചനം ഇതാണ്. ഈ വികാരം വെറുമൊരു ഗവണ്മെന്റ് പദ്ധതി എന്നതിലുപരിയായി വളർന്നിരിക്കുന്നു; മാധ്യമങ്ങൾ, സർഗ്ഗാത്മക മേഖല, സാമൂഹ്യമാധ്യമ വിദഗ്ധർ, ചലച്ചിത്ര മേഖലയിലുള്ളവർ എന്നിവരെല്ലാം ഈ പ്രചാരണത്തിന് പിന്തുണയേകിയിട്ടുണ്ട്. 'വോക്കൽ ഫോർ ലോക്കൽ' എന്ന ആശയം സ്വീകരിക്കാനും തങ്ങളെ പിന്തുടരുന്ന ദശലക്ഷക്കണക്കിന് ആളുകളെ അതിനായി പ്രേരിപ്പിക്കാനും പ്രധാനമന്ത്രി പലതവണ പ്രമുഖരോടും സെലിബ്രിറ്റികളോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സ്വയംപര്യാപ്തതയുടെ വിജയ ഗാഥകൾ

ഏതൊരു പദ്ധതിയുടെയും വിജയത്തിന്റെ ഏറ്റവും വിശ്വസനീയമായ തെളിവ് സ്ഥിതിവിവരക്കണക്കുകളാണ്, 'വോക്കൽ ഫോർ ലോക്കൽ' പദ്ധതിയുമായി ബന്ധപ്പെട്ട കണക്കുകൾ വളരെ പ്രതീക്ഷ നൽകുന്നവയാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ പ്രതിരോധ ഉല്പാദനം ഏകദേശം നാലിരട്ടിയായി വർദ്ധിച്ചു. ഖാദി, ഗ്രാമീണ വ്യവസായ മേഖലകളിലെ ഉല്പാദനം ഏകദേശം ആറിരട്ടിയായും ഇലക്ട്രോണിക്സ് നിർമ്മാണം ഏഴിരട്ടിയായും ആധുനിക റെയിൽവേ കോച്ചുകളുടെ ഉല്പാദനം ഇരുപത്തൊന്നിരട്ടിയായും മൊബൈൽ ഫോൺ ഉല്പാദനം മുപ്പത്തഞ്ചു മടങ്ങായും കുതിച്ചുയർന്നു. കൂടാതെ, ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും നൂതനാശയങ്ങളുടെയും രംഗത്ത് ഇന്ത്യ ആഗോളതലത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിയിട്ടുണ്ട്. ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം ഏകദേശം നാലിരട്ടിയായി, അനുവദിച്ച പേറ്റന്റുകളുടെ എണ്ണം നാലിരട്ടിയായി, ഡിജിറ്റൽ ഇടപാടുകൾ നൂറു മടങ്ങായി വർദ്ധിച്ചു. അതേസമയം, സാധാരണക്കാരന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഗവണ്മെന്റ് അതീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്; 'കുടിവെള്ള' കണക്ഷനുകൾ നൽകുന്നതിന്റെ വേഗത പതിനഞ്ചിരട്ടിയായി വർദ്ധിച്ചു. മുൻപത്തേക്കാൾ ആറിരട്ടി വേഗതയിലാണ് ഗ്യാസ് കണക്ഷനുകൾ നൽകിയിട്ടുള്ളത്. പാവപ്പെട്ടവർക്കായി ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന്റെ വേഗത നാലുമടങ്ങായി വർദ്ധിച്ചു. പാവപ്പെട്ടവർക്കുള്ള ഭവന നിർമ്മാണം മൂന്നിരട്ടി വേഗത്തിൽ പൂർത്തിയാക്കി. രാജ്യത്തിന്റെ ഭരണസംവിധാനത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്; ആയിരക്കണക്കിന് അനാവശ്യ നിയമങ്ങൾ ഒഴിവാക്കുകയും നൂറുകണക്കിന് കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുകയും ചെയ്തു – ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കുള്ള യാത്ര കഴിഞ്ഞ നൂറ്റാണ്ടിലെ നിയമങ്ങൾ വെച്ച് നടത്താൻ കഴിയില്ലെന്ന തിരിച്ചറിവായിരുന്നു ഇതിനു പിന്നിൽ. ആധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി മെട്രോ ശൃംഖലകൾ വിപുലീകരിക്കപ്പെടുകയും പൊതുഗതാഗതം ശക്തിപ്പെടുത്തുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം, കഴിഞ്ഞ ഒരു ദശകത്തിനുള്ളിലാണ് ഇത്തരമൊരു വേഗതയിലും വ്യാപ്തിയിലും വിജയകരമായ മുന്നേറ്റം രാജ്യം ദർശിച്ചത്. ഇത്തരം നേട്ടങ്ങൾ പ്രകടമാകുമ്പോൾ, ഇത്രയും ദ്രുതഗതിയിലുള്ള പുരോഗതി ദൃശ്യമാകുമ്പോൾ, രാജ്യത്തെ പൗരന്മാരുടെ ശേഷി ഓരോ നിമിഷവും ശക്തമാകുമ്പോൾ, 2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുമെന്ന ദൃഢനിശ്ചയം നിറവേറ്റപ്പെടാതെ പോകില്ല. ഇന്ത്യ ഇനി ഒരിക്കലും പുറകോട്ടുപോവുകയോ നിശ്ചലമാവുകയോ ഇല്ലെന്നും മുന്നോട്ട് കുതിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ് ഈ കണക്കെല്ലാം സാക്ഷ്യപ്പെടുത്തുന്നത്.

സെമികണ്ടക്ടർ മുതൽ ആണവോർജ്ജം വരെ: സ്വയംപര്യാപ്തതയുടെ പുതിയഗാഥ

സ്വയംപര്യാപ്തതയിലേക്കുള്ള ഈ മുന്നേറ്റത്തിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് സെമികണ്ടക്ടർ മേഖല.

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ

ദേശീയ പ്രസ്ഥാനത്തിലേക്കുള്ള ആഹ്വാനം

കഴിഞ്ഞ 12 വർഷത്തിനിടയിൽ 'വോക്കൽ ഫോർ ലോക്കൽ' ആശയത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന സപ്തധാരകൾ

കഴിഞ്ഞ 12 വർഷങ്ങളായി, 'സ്വദേശി', 'വോക്കൽ ഫോർ ലോക്കൽ' എന്നീ ആശയങ്ങൾ ദേശീയ വികസനത്തിനായുള്ള ഒരു ചാലകശക്തിയായി മാറിയിരിക്കുന്നു. സ്വാതന്ത്ര്യസമരകാലത്ത് ചർക്കയും ഖാദിയും കരുത്തുറ്റ പ്രതീകങ്ങളായതുപോലെയും, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഭക്ഷ്യപ്രതിസന്ധി മറികടക്കാൻ 'ജയ് ജവാൻ – ജയ് കിസാൻ' എന്ന മുദ്രാവാക്യം വഴിയൊരുക്കിയതുപോലെയും, 2014 – ൽ തുടക്കമിട്ട 'വോക്കൽ ഫോർ ലോക്കൽ' എന്ന സംരംഭം ബഹുമുഖ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരൊറ്റ ആഹ്വാനത്തിലൂടെ വികസനത്തിന്റെ അനേകം ധാരകൾക്ക് ജീവൻ വെച്ചിരിക്കുന്നു.

ചിപ്പുകൾ മുതൽ ആണവോർജ്ജം വരെ



സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ തുടക്കത്തിൽ തന്നെ സെമികണ്ടക്ടറുകളെക്കുറിച്ചുള്ള ആഗോള ചർച്ചകൾ ആരംഭിച്ചിരുന്നെങ്കിലും, അന്ന് രാജ്യത്ത് കാര്യമായ പദ്ധതികളൊന്നും നടപ്പിലായിരുന്നില്ല. ഇലക്ട്രോണിക് ഉപകരണങ്ങൾ മുതൽ വൈദ്യശാസ്ത്ര ഉപകരണങ്ങൾ വരെ എല്ലാ കാര്യങ്ങളിലും ഒഴിവാക്കാനാവാത്ത ഘടകമായ ചിപ്പുകൾ ഇല്ലാതെ ലോകം നിശ്ചലമാകും എന്ന വസ്തുതയിൽ നിന്ന് തന്നെ ഇന്നത്തെ ഡിജിറ്റൽ, സാങ്കേതിക രംഗത്ത് അവയ്ക്കുള്ള അത്യന്താപേക്ഷിതമായ പ്രാധാന്യം വ്യക്തമാണ്. ഈ പശ്ചാത്തലത്തിൽ, സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഇന്ത്യ സ്വന്തമായി സെമികണ്ടക്ടർ പ്ലാന്റുകൾ ആരംഭിച്ചു. നിലവിൽ മൂന്ന് പ്ലാന്റുകൾ പ്രവർത്തനക്ഷമമാവുകയും കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

“

'വികസിത ഭാരതം' പടുത്തുയർത്താൻ നാമെല്ലാവരും ഒന്നിച്ച് കഠിനാധ്വാനം ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ, രാജ്യത്തിന് നമ്മിൽ വലിയ പ്രതീക്ഷകളുണ്ട്. ആ പ്രതീക്ഷ സ്വയംപര്യാപ്തതയാണ്. ഇന്ത്യ സ്വയംപര്യാപ്തമാകുമ്പോൾ മാത്രമേ വികസിത രാജ്യമായി മാറുകയുള്ളൂ. ഇന്ത്യയുടെ സ്വയംപര്യാപ്തതയ്ക്ക് 'സ്വദേശി' എന്ന മന്ത്രം അത്യന്താപേക്ഷിതമാണ്.

- പ്രധാനമന്ത്രി നരേന്ദ്ര മോദി



സ്വദേശിയുടെ പ്രയാണം: വികസിത ഭാരതത്തിലേക്കുള്ള നാഴികക്കല്ലുകൾ

വർഷം	നാഴികക്കല്ല്
1905 ഓഗസ്റ്റ് 7	ബംഗാൾ വിഭജനത്തിൽ പ്രതിഷേധിച്ച് സ്വദേശി പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു.
2014	'മേക്ക് ഇൻ ഇന്ത്യ'യുടെ തുടക്കം
2014 ഒക്ടോബർ	കുറഞ്ഞത് ഒരു ഖാദി ഉല്പന്നമെങ്കിലും വാങ്ങാനുള്ള ('മൻ കീ ബാത്ത്' പരിപാടിയിൽ നടത്തിയ) ആഹ്വാനം
2015 ഓഗസ്റ്റ് 7	പ്രഥമ ദേശീയ കൈത്തറി ദിനം
2020 ജൂൺ–ഓഗസ്റ്റ്	'മൻ കി ബാത്തി'ൽ 'വോക്കൽ ഫോർ ലോക്കൽ'എന്ന ആഹ്വാനം; 'ആത്മനിർഭർ ഭാരത്' പ്രചാരണത്തിന് തുടക്കം
2021 ജൂൺ 24	ടോയ്കത്തോൺ–2021 'വോക്കൽ ഫോർ ലോക്കൽ ടോയ്സ്' എന്നതിനായുള്ള ആഹ്വാനം
2021 ഫെബ്രുവരി 27 – മാർച്ച് 2	പ്രഥമ 'ഖിലോന മേള'
2021 ഡിസംബർ	76,000 കോടി രൂപ അടങ്കൽ തുകയോടെ 'സെമിക്കോൺ ഇന്ത്യ' പദ്ധതിക്ക് അംഗീകാരം
2023 ഓഗസ്റ്റ്	ഖാദി വിറ്റുവരവ് 1.3 ലക്ഷം കോടി രൂപ കടന്നു (ദേശീയ കൈത്തറി ദിന പ്രസംഗം)
2024 ജനുവരി	അയോധ്യയിലെ രാം ലല്ലയുടെ പ്രാണപ്രതിഷ്ഠ; തദ്ദേശീയ വസ്തുക്കളുടെയും കലയുടെയും ഉപയോഗം
2025 മെയ് 67	ഓപ്പറേഷൻ സിന്ദൂർ തദ്ദേശീയ ആയുധങ്ങളുടെ പ്രകടനം
2025 ഒക്ടോബർ	എൻ.സി.ഇ.ആർ.ടി.–യുടെ 'സ്വദേശി: വോക്കൽ ഫോർ ലോക്കൽ' പാഠ്യപദ്ധതി മൊഡ്യൂൾ
2026 ഫെബ്രുവരി 28	രാജ്യത്തെ ആദ്യ സെമികണ്ടക്ടർ പ്ലാന്റിന്റെ ഉദ്ഘാടനം
2026 മാർച്ച് 31	രണ്ടാമത്തെ സെമികണ്ടക്ടർ പ്ലാന്റിന്റെ ഉദ്ഘാടനം
2026 ജൂലൈ	സെമിക്കോൺ 2.0–യ്ക്ക് അംഗീകാരം (1,27,500 കോടി രൂപ)
2026 സെപ്റ്റംബർ	2 സെമികണ്ടക്ടർ പദ്ധതികളിൽ 5 എണ്ണം വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിച്ചു

അടുത്ത ഏഴ് -എട്ട് വർഷത്തിനുള്ളിൽ മറ്റൊരു അഞ്ച് മുതൽ എട്ട് വരെ സെമികണ്ടക്ടർ പ്ലാന്റുകൾ കൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്വയംപര്യാപ്തതയുടെ അടിത്തറയിൽ പടുത്തുയർത്തിയ 'വികസിത ഭാരതത്തിലേക്കുള്ള' പാതയാണിത്.

ദശാബ്ദങ്ങളോളം ഇന്ത്യ ഈ മേഖലയിൽ പിന്നാക്കം നിന്നിരുന്നുവെങ്കിലും, 'ആത്മനിർഭർ ഭാരതിനായുള്ള' ദൃഢനിശ്ചയം ഈ രംഗത്തെ അതിവേഗം മാറ്റിമറിക്കുകയാണ്. 'ഇന്ത്യ സെമികണ്ടക്ടർ മിഷന്റെ' കീഴിൽ, 1.64 ലക്ഷം കോടി രൂപയിലധികം നിക്ഷേപമുള്ള 12 പദ്ധതികൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി 2026 ഫെബ്രുവരി 28-ന് രാജ്യത്തെ ആദ്യ സെമികണ്ടക്ടർ പ്ലാന്റും, 2026 മാർച്ച് 31-ന് രണ്ടാമത്തെ പ്ലാന്റും ഉദ്ഘാടനം ചെയ്തു.

2026 സെപ്റ്റംബറോടുകൂടി മൈക്രോൺ, കെയിൻസ് സെമികൺ, സി.ജി. സെമി, സി.ഡി.ഐ.എൽ. സെമികണ്ടക്ടർ മൊഹാലി, സുചി സെമികൺ സൂറത്ത് എന്നീ അഞ്ച് പദ്ധതികളും വാണിജ്യ ഉത്പാദനം ആരംഭിച്ചു. ചിപ്പ് രൂപകൽപ്പന, ഉപകരണങ്ങളുടെയും സാമഗ്രികളുടെയും നിർമ്മാണം, അത്യാധുനിക പാക്കേജിംഗ് ശേഷി വർദ്ധിപ്പിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് 2026 ജൂലൈയിൽ ഗവൺമെന്റ് 1,27,500 കോടി രൂപ അടങ്കൽ തുകയുള്ള 'സെമികൺ 2.0' പദ്ധതിക്കും അംഗീകാരം നൽകി. ധൊലേരയിലെ ടാറ്റാ ഇലക്ട്രോണിക്സ് – പി.എസ്.എം.സി. ഫാബും, 2026 ഡിസംബറോടെ തങ്ങളുടെ ആദ്യ സിലിക്കൺ ഉത്പാദനം ആരംഭിക്കുന്നതിനുള്ള ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ്.

സ്വയംപര്യാപത ഭാരതത്തിന്റെ പ്രയാണം കണക്കുകളിലൂടെ മനസ്സിലാക്കാം

ഖാദി

വില്പനയിൽ
501%
വർധന



ഉല്പാദനത്തിൽ
380%
വർധന



തൊഴിലവസര സൃഷ്ടിയിൽ
56%
വർധന

2.04
കോടി ആളുകൾക്ക് തൊഴിൽ നൽകി









(2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2025-26 സാമ്പത്തിക വർഷം)

സെമികണ്ടക്ടറുകൾ എത്രത്തോളം നിർണായകമാണോ, അത്രത്തോളം പ്രാധാന്യമുള്ളതാണ് അപൂർവ ധാതുക്കളും. സാങ്കേതിക മേഖലയിൽ ഊർജ്ജത്തിന്റെ പ്രാധാന്യം അനുദിനം വർദ്ധിച്ചുവരികയാണ്; ഊർജ്ജ മില്ലാതെ ഈ പുതിയ ലോകത്തെ മുന്നോട്ട് നയിക്കുക അസാധ്യമാണ്; അതിനാൽ ചിപ്പുകളാകട്ടെ, നിർമ്മിതബുദ്ധിയാകട്ടെ, ഡാറ്റാ സെന്ററു കളാകട്ടെ, ഇവയ്ക്കൊക്കെ വൻതോതിൽ വൈദ്യുതി ആവശ്യമായി വരും. അതിനാൽ ഊർജ്ജ സുരക്ഷ കാലഘട്ടത്തിന്റെ ആവശ്യമാണ്, രാജ്യം ഇതിനകം തന്നെ ഈ ദിശയിൽ ശക്തമായ നടപടികൾ സ്വീക രിച്ചിട്ടുമുണ്ട്. ബജറ്റിൽ പ്രഖ്യാപിച്ച നാഷണൽ ക്രിട്ടിക്കൽ മിനറൽസ് മിഷൻ, ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ തുടങ്ങിയ സംരംഭങ്ങളിലൂ ടെ ഇന്ത്യ ശക്തമായ ചുവടുവയ്പ്പുകൾ നടത്തിക്കഴിഞ്ഞു, ഈ മേഖല യിൽ ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങൾ ഇപ്പോൾ ഇന്ത്യയിൽ വിശ്വാസമർപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. സാങ്കേതികവിദ്യയിലേക്കും സ്വയംപര്യാപ്തതയിലേക്കുമുള്ള ഈ പ്രയാണത്തിൽ ഊർജ്ജ സുരക്ഷ മറ്റൊരു പ്രധാന സ്തംഭമായി ഉയർന്നുവന്നിട്ടുണ്ട്. ചിപ്പുകളാകട്ടെ, നിർ മ്മിതബുദ്ധിയാകട്ടെ, ഡാറ്റാ സെന്ററുകളാകട്ടെ, ഇവയ്ക്കെല്ലാം വൻതോ തിൽ വൈദ്യുതി ആവശ്യമായി വരും.

“

അടുത്തകാലത്തായി നമ്മുടെ ആഘോഷ ങ്ങളുമായി ഒരു പുതിയ ദൃഢനിശ്ചയം കൂടി ബന്ധപ്പെട്ടിരിക്കുന്നു: 'വോക്കൽ ഫോർ ലോ ക്കൽ' എന്ന ദൃഢനിശ്ചയമാണത്. നമ്മുടെ ആഘോഷങ്ങളുടെ സന്തോഷത്തിൽ, പ്രാദേ ശിക കരകൗശല വിദഗ്ധരെയും കൈത്തൊ ഴിലാളികളെയും വ്യാപാരികളെയും കൂടി നാം പങ്കാളികളാക്കുന്നു. ഈ മുന്നേറ്റത്തിന് നാം കൂടുതൽ വേഗത നൽകേണ്ടതുണ്ട്.

- പ്രധാനമന്ത്രി നരേന്ദ്ര മോദി

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ

ഇലക്ട്രോണിക്സ്

2025-26-ൽ

13.11

ലക്ഷം കോടി രൂപയുടെ ഉല്പാദനം (2014-15ൽ ഇത് 1.9 ലക്ഷം കോടി രൂപയായിരുന്നു); ഇലക്ട്രോണിക്സ് ഉല്പാദനത്തിൽ ഏഴ് മടങ്ങ് വർധന.

2025-26-ൽ

4.24

ലക്ഷം കോടി രൂപ കയറ്റുമതി (2014-15ൽ 38,000 കോടി രൂപയായിരുന്നു); ഇലക്ട്രോണിക്സ് കയറ്റുമതിയിൽ 11 മടങ്ങ് വർധന.



സെമികണ്ടക്ടറുകൾ

'സെമികോൺ 2.0' 2026 ജൂലൈ 15-ന് അംഗീകരിച്ചു,

1,27,500

കോടി രൂപ അടങ്കൽ തുകയോടെ



1.64

ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപം; ആറ് സംസ്ഥാനങ്ങളിലായി 12 സെമികണ്ടക്ടർ പദ്ധതികൾക്ക് അനുമതി.



ഇക്കാര്യം മുൻനിർത്തി, ആണവോർജ്ജ മേഖലയ്ക്കായി ഇന്ത്യ അഭിലാഷപൂർണ്ണമായ ഒരു വലിയ ലക്ഷ്യം നിർണ്ണയിച്ചിട്ടുണ്ട്: 2047-ഓടെ 100 ഗിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്നത്. പാർലമെന്റിൽ 'ശാന്തി ആക്ട്' പാസാക്കിയതിലൂടെ ഈ പുതിയ ലക്ഷ്യത്തിലേക്കുള്ള പാത ഒരുങ്ങിയിരിക്കുകയാണ്. ഈ ദശകത്തിനുള്ളിൽ അഞ്ച് പുതിയ ആണവ റിയാക്ടറുകൾ പ്രവർത്തനക്ഷമമാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. ഫാസ്റ്റ് ബ്രീഡർ ന്യൂക്ലിയർ സാങ്കേതിക വിദ്യയിൽ പൂർണ്ണ നൈപുണ്യം നേടിയതിലൂടെ ആണവ ഇന്ധന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമത്തിൽ ഈ വർഷം ഇന്ത്യ വലിയൊരു നാഴികക്കല്ല് പിന്നിട്ടു.

സ്വദേശിവൽക്കരണത്തിന്റെ കരുത്ത്: സുരക്ഷാ സംവിധാനം സ്വയംപര്യാപ്തമായപ്പോൾ

സ്വയംപര്യാപ്തത എന്നത് സാമ്പത്തിക പുരോഗതിയുടെ അടിത്തറ മാത്രമല്ല; അത് ദേശീയ സുരക്ഷയുടെ നട്ടെല്ല് കൂടിയായി മാറിയിരിക്കുന്നു. 'ഓപ്പറേഷൻ സിന്ദൂർ' ദൗത്യത്തിലൂടെ ഇതിന്റെ ഏറ്റവും ശക്തമായ തെളിവ് രാജ്യവും ലോകവും കണ്ടു. പഹൽഗാമിൽ നിരപരാധികളായ സാധാരണക്കാർ ക്രൂരമായി കൊല്ലപ്പെട്ടതിനെത്തുടർന്ന്, ഭീകരവാദത്തിനെതിരെ ഇന്ത്യ ശക്തമായ നടപടി സ്വീകരിച്ചു; പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ കൃത്യമായ ആക്രമണം നടത്തുന്നതിനായി 2025 മേയ് 6-7 രാത്രിയിൽ ഇന്ത്യ 'ഓപ്പറേഷൻ സിന്ദൂർ' ആരംഭിച്ചു. ഈ ദൗത്യത്തിനിടയിൽ ഇന്ത്യയുടെ തദ്ദേശീയ ആയുധങ്ങളുടെ വീര്യം ലോകം മുഴുവൻ കണ്ടതാണ്. ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനങ്ങളും തദ്ദേശീയ മിസൈലുകളും തദ്ദേശീയമായി നിർമ്മിച്ച ഡ്രോണുകളും 'ആത്മനിർഭർ ഭാരത്' എന്ന ദൃഢനിശ്ചയം വെറുമൊരു സാമ്പത്തിക മുദ്രാവാക്യം മാത്രമല്ല, മറിച്ച് ദേശീയ സുരക്ഷയുടെ ഉറപ്പ് കൂടിയാണെന്ന് തെളിയിച്ചു.

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ

മൊബൈൽ

2025-26 സാമ്പത്തിക വർഷത്തിൽ **6.27**


ലക്ഷം കോടി രൂപയുടെ മൊബൈൽ ഉൽപ്പാദനം (2014-15ൽ ഇത് 18,000 കോടി രൂപയായിരുന്നു); 33 മടങ്ങ് വർധന.



2025-26 സാമ്പത്തിക വർഷത്തിൽ **₹2.60**


ലക്ഷം കോടി രൂപയുടെ കയറ്റുമതി (2014-15ൽ ഇത് 1,566 കോടി രൂപയായിരുന്നു); 165 മടങ്ങ് വർധന.

മൊബൈൽ നിർമ്മാണ യൂണിറ്റുകളുടെ എണ്ണം



മൊബൈൽ നിർമ്മാണ മേഖലയിലെ **12** ലക്ഷം തൊഴിലുകളിൽ ഏകദേശം 70% വും വനിതകളാണ്





ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊബൈൽ ഫോണുകളിൽ **99.2%** വും ഇപ്പോൾ ആഭ്യന്തരമായി നിർമ്മിക്കപ്പെടുന്നവയാണ്.

വ്യാപ്തിയിൽ, ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ മൊബൈൽ ഫോൺ നിർമ്മാതാക്കളാണ് ഇന്ത്യ.

ബ്രഹ്മോസ് പോലുള്ള തദ്ദേശീയ മിസൈലുകൾ രാജ്യത്തിന്റെ എല്ലാ ശത്രുക്കളുടെയും മനസ്സിൽ മായാത്ത ഭയം ജനിപ്പിച്ചിട്ടുണ്ട്. ഈ ഓപ്പറേഷൻ ഓരോ ശത്രുവിന്റെയും ഹൃദയത്തിൽ ഭീതി പടർത്തിയിരിക്കുന്നു. പാകിസ്ഥാനിൽ ബ്രഹ്മോസ് മിസൈലിന്റെ ശബ്ദം കേൾക്കുന്നത് മാത്രം മതി അവിടുത്തെ ജനങ്ങളുടെ ഉറക്കം കെടുത്താൻ എന്ന് പ്രധാനമന്ത്രി മോദി പലപ്പോഴും പറയാറുണ്ട്.

സുരക്ഷാ രംഗത്തെ ഈ സ്വയംപര്യാപ്തതയോടൊപ്പം, മാനവികതയിലൂന്നിയ ഒരു സമീപനവും ഓരോ വർഷവും ദീപാവലി വേളയിൽ ദൃശ്യമാകുന്നു. കഴിഞ്ഞ 25 വർഷമായി പ്രധാനമന്ത്രി മോദി സൈനികർക്കൊപ്പം ദീപാവലി ആഘോഷിച്ചുവരുന്നു. ഈ വികാരം ഒരു ശക്തമായ സന്ദേശമാണ് നൽകുന്നത്: ഇത് ഇന്ത്യയിലെ ജനങ്ങളെ ശാക്തീകരിക്കുക മാത്രമല്ല, രാജ്യത്തിന്റെ അതിർത്തികളുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

“ലോകത്തിലെ പല കാര്യങ്ങളും എളുപ്പത്തിലും കുറഞ്ഞ ചെലവിലും സ്വന്തമാക്കാൻ കഴിഞ്ഞേക്കാം, എന്നാൽ അവയൊന്നും നമ്മുടെ ശേഷി വർദ്ധിപ്പിക്കുകയോ അതിനെ പരീക്ഷിക്കുകയോ ചെയ്യുന്നില്ല. അതിനാൽ, നാം നമ്മുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും നമ്മുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും വേണം. ‘ആത്മനിർഭർ ഭാരത്’ പടുത്തുയർത്തുക എന്ന ദൃഢനിശ്ചയത്തോടെയാണ് നാം മുന്നോട്ട് പോകുന്നത്.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ

പ്രതിരോധം

2014–15 സാമ്പത്തിക വർഷത്തിലെ 46,429 കോടിരൂപയുമായി താരതമ്യം ചെയ്യുമ്പോൾ, 2025–26 സാമ്പത്തിക വർഷത്തിൽ

ഉൽപ്പാദനം

1.78

ലക്ഷം കോടി രൂപയാണ് ; ഏകദേശം 16 ശതമാനത്തിന്റെ വർധന





കളിപ്പാട്ടങ്ങൾ

2025–26 സാമ്പത്തിക വർഷത്തിൽ **384.7** മില്യൺ ഡോളർ മൂല്യമുള്ള കയറ്റുമതി രേഖപ്പെടുത്തി.

കഴിഞ്ഞ നാല് വർഷത്തിനിടെ കയറ്റുമതി **239%** വർദ്ധിച്ചു.

ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി **150** – ലധികം രാജ്യങ്ങളിലേക്ക് എത്തുന്നു.



നൂറ്റാണ്ടുകളുടെ പാരമ്പര്യം... സ്വദേശി

സ്വദേശി പ്രസ്ഥാനത്തിന്റെ ആവേശം ഇന്ത്യയ്ക്ക് പുതിയ ഒന്നല്ല. ബംഗാൾ വിഭജന പ്രഖ്യാപനത്തെത്തുടർന്ന് 1905 ഓഗസ്റ്റ് 7-നാണ് സ്വദേശി പ്രസ്ഥാനം ആരംഭിച്ചത്; വിദേശ വസ്തുക്കൾ ബഹിഷ്കരിക്കാനും തദ്ദേശീയ ഉത്പന്നങ്ങൾ സ്വീകരിക്കാനും ഭാരതീയർ അന്ന് ദൃഢനിശ്ചയം ചെയ്തു. ഈ പ്രസ്ഥാനം വെറുമൊരു രാഷ്ട്രീയ മുന്നേറ്റം മാത്രമായിരുന്നില്ല; അത് ബ്രിട്ടീഷുകാർക്ക് വലിയൊരു സാമ്പത്തിക പ്രഹരം ഏൽപ്പിക്കുകയും 1905-നും 1908-നും ഇടയിൽ ഇറക്കുമതിയിൽ ഗണ്യമായ കുറവുണ്ടാക്കുകയും ചെയ്തു. കൂടാതെ രാജ്യത്തിനുള്ളിൽ തദ്ദേശീയ തുണിമില്ലുകൾ, സോപ്പ്-തീപ്പെട്ടി ഫാക്ടറികൾ, തുകൽ സംസ്കരണ ശാലകൾ, ബാങ്കിംഗ്-ഇൻഷുറൻസ് കമ്പനികൾ എന്നിവയ്ക്ക് അടിത്തറ പാകാൻ ഈ പ്രസ്ഥാനം സഹായിക്കുകയും ചെയ്തു.

ഈ പാരമ്പര്യം മുന്നോട്ട് കൊണ്ടുപോകുന്നതിനായി, 2014 മുതൽ പ്രചാരത്തിലുള്ള 'വോക്കൽ ഫോർ ലോക്കൽ', കോവിഡ്-19 മഹാമാരിയുടെ കാലത്ത് ശക്തിപ്രാപിച്ച 'ആത്മനിർഭർ ഭാരത്' എന്നീ ആശയങ്ങൾ ഒരു പുതിയ സ്വദേശി പ്രസ്ഥാനത്തിന് വഴിയൊരുക്കി. ഈ കാഴ്ചപ്പാടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, കേന്ദ്ര ഗവണ്മെന്റ് 2015 ഓഗസ്റ്റ് 7-ന് ദേശീയ കൈത്തറി ദിനം ആചരിക്കാൻ തുടങ്ങി. അടുത്തിടെ, എൻ.സി.ഇ.ആർ.ടി. 'സ്വദേശി: വോക്കൽ ഫോർ ലോക്കൽ' എന്ന പേരിൽ പ്രത്യേക പാഠ്യപദ്ധതി മൊഡ്യൂളുകളും തയ്യാറാക്കുകയുണ്ടായി; ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി മോദി തന്നെ എടുത്തു പറഞ്ഞ വസ്തുതയാണിത്.

കവർ സ്റ്റോറി

വോക്കൽ ഫോർ ലോക്കൽ

എഫ്ഡിഐ



യു എസ് നിക്ഷേപം 2013-14 സാമ്പത്തിക വർഷത്തിലെ 36.05 ബില്യൺ യുഎസ് ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ, 2024-25 സാമ്പത്തിക വർഷത്തിൽ

81.04

ബില്യൺ യുഎസ് ഡോളർ (പ്രാഥമിക കണക്ക്).

കഴിഞ്ഞ 11 വർഷത്തിനിടയിൽ

163%

വർധന രേഖപ്പെടുത്തി.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ്



63-ാമത്
സാമ്പത്തിക വർഷം 2019

142-ാമത്
സാമ്പത്തിക വർഷം 2014

വസ്ത്ര കയറ്റുമതി

2025-26 വർഷം ഇന്ത്യയുടെ വസ്ത്ര, അനുബന്ധ ഉൽപ്പന്ന കയറ്റുമതി (കൈത്തറി ഉത്പന്നങ്ങൾ ഉൾപ്പെടെ)

3,25,339

കോടി രൂപയായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു.



1.8%
വളർച്ച

2024-25 സാമ്പത്തിക വർഷത്തിൽ

3,19,573.2

കോടി രൂപ

ഇത്തരം ദേശീയ പുരോഗതിക്ക് ആത്മവിശ്വാസവും ദേശാഭിമാനബോധവും അത്യാവശ്യമാണ്. അതുകൊണ്ടാണ്, മറ്റ് രാജ്യങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന അവസ്ഥയിൽ നിന്ന് മാറി, ഇന്ത്യ സ്വയം പര്യാപ്തമായിത്തീരണമെന്ന ദൃഢനിശ്ചയത്തോടെ കേന്ദ്ര ഗവണ്മെന്റ് കഴിഞ്ഞ കുറെ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നത്. ആഗോളതലത്തിൽ പല ഉത്പന്നങ്ങളും ലഭ്യമാണെങ്കിലും-പലപ്പോഴും കുറഞ്ഞ ചെലവിലോ വേഗത്തിലോ ലഭിക്കുമെങ്കിലും-അവ രാജ്യത്തിന്റെ സഹജമായ ശേഷി വർദ്ധിപ്പിക്കുന്നില്ല, മാത്രമല്ല പൗരന്മാരുടെ കഴിവുകളുടെ മാനദണ്ഡമായി വർത്തിക്കുന്നുമില്ല. പ്രധാനമന്ത്രി മോദി പലപ്പോഴും പറയുന്നതുപോലെ, 'നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കുകയും നമ്മുടെ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുകയും വേണം; അതുകൊണ്ടാണ് ആത്മനിർഭർ ഭാരതിലേക്ക് ശക്തമായ ദൃഢനിശ്ചയത്തോടെ നാം മുന്നേറുന്നത്.' മെയ്ക്ക് ഇൻ ഇന്ത്യ', സ്വദേശി, 'വോക്കൽ ഫോർ ലോക്കൽ' തുടങ്ങിയ സംരംഭങ്ങൾ ഈ സമഗ്രമായ കാഴ്ചപ്പാടിന്റെ ഫലങ്ങളാണ്-ഇന്ന് ഓരോ ഭാരതീയനും വൈകാരികമായി ബന്ധപ്പെട്ടിരിക്കുന്ന പ്രസ്ഥാനങ്ങളാണിവ.

ഇന്ന് രാജ്യത്തെ 140 കോടി പൗരന്മാരുടെയും ഏക മന്ത്രം സമൃദ്ധ ഭാരതം എന്നതാണ്. അമൃത മഹോത്സവ വർഷത്തിനുമപ്പുറം വളർന്ന ഒരു വികാരമാണ് ഇതിന് പിന്നിലുള്ളത്: ദശലക്ഷക്കണക്കിന് ആളുകളുടെ ത്യാഗം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്നുവെങ്കിൽ,'വോക്കൽ ഫോർ ലോക്കൽ' എന്ന ആശയത്തെ പിന്തുണച്ചുകൊണ്ടും 'സ്വദേശി' എന്ന മന്ത്രം സ്വീകരിച്ചുകൊണ്ടും-ഇന്ത്യയെ സമൃദ്ധമായ ഒരു രാഷ്ട്രമാക്കി മാറ്റാൻ സാധിക്കും.

ആണവോർജ്ജം

ആണവോർജ്ജ ദൗത്യം

- 2047-ഓടെ ഇന്ത്യയുടെ ആണവോർജ്ജ ഉൽപ്പാദനശേഷി 100 GW ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

സ്ഥാപിത ശേഷി

- 2026 ജൂലൈ 31-ലെ കണക്കനുസരിച്ച് 8.78 GW ആണവോർജ്ജ ഉൽപ്പാദനശേഷി.



ഉൽപ്പാദന ബന്ധിത പ്രോത്സാഹന പദ്ധതി



2.40 ലക്ഷം കോടി രൂപയിലധികം നിക്ഷേപം നടത്തിയിട്ടുണ്ട്.



14.15 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

15.12 ലക്ഷം കോടി രൂപയിലധികം കയറ്റുമതി.

ഓട്ടോമൊബൈൽ മേഖല

2021-ൽ 22.65 ദശലക്ഷം യൂണിറ്റായിരുന്ന വാഹന ഉൽപ്പാദനം 2025-ൽ

31.03 ദശലക്ഷം യൂണിറ്റായി വർധിച്ചു.

മേഖലയിൽ നേരിട്ടും പരോക്ഷമായും

3 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.



സമൃദ്ധമായ ഇന്ത്യയിലേക്കുള്ള യാത്രയിൽ ഈ തലമുറ പുതിയ മുന്നേറ്റങ്ങൾ നടത്തണം - അതാണ് കാലഘട്ടത്തിന്റെ ആവശ്യകത.

അതുകൊണ്ടാണ് ചുവപ്പുകോട്ടയുടെ കൊത്തളത്തിൽനിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 'പ്രാദേശിക ഉൽപ്പന്നങ്ങൾക്കായി ശബ്ദമുയർത്തുക' (Vocal for Local) എന്ന മന്ത്രത്തെ അടിസ്ഥാനമാക്കി ആഹ്വാനം നടത്തിയത്: " ഇന്ന്, ഈ മന്ത്രം മുന്നോട്ടുകൊണ്ടുപോകാൻ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. രാജ്യത്തെ എല്ലാ ഇൻഫ്ലുവൻസർമാരെയും ഇതിനായി പ്രവർത്തിക്കാൻ എന്നെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളോടും രാഷ്ട്രീയ നേതാക്കളോടും ഞാൻ അഭ്യർത്ഥിക്കുന്നു- വരൂ, നമുക്ക് ഒരുമിച്ചുനിൽക്കാം. ഇത് ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ മാത്രം അജണ്ടയല്ല; ഇന്ത്യ നമുക്കെല്ലാവർക്കും അവകാശപ്പെട്ടതാണ്.

ഓരോ പൗരന്റെയും ജീവിതത്തിൽ 'പ്രാദേശിക ഉൽപ്പന്നങ്ങൾക്കായി ശബ്ദമുയർത്തുക,' ഒരു മാർഗദർശക തത്വമാക്കി മാറ്റാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ഇന്ത്യയിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ മാത്രം വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. ഇന്ത്യൻ പൗരന്മാരുടെ വിയർപ്പുകൊണ്ട് നിർമിക്കപ്പെട്ടതും ഇന്ത്യയുടെ മണ്ണിന്റെ ഗന്ധം ഉൾക്കൊള്ളുന്നതും സ്വയംപര്യാപ്തതയ്ക്കായുള്ള നമ്മുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുന്നതുമായ ഉൽപ്പന്നങ്ങളായിരിക്കണം അവ. ഇത് നമ്മുടെ കൂട്ടായ പ്രതിജ്ഞയാകട്ടെ. ലോകത്തെ മാറ്റിമറിക്കാൻ നമുക്ക് സാധിക്കും."

ഖാദി മുതൽ കളിപ്പാട്ടങ്ങൾ വരെ: താഴെത്തട്ടിലെ യാഥാർഥ്യങ്ങളുടെ കഥകൾ

സ്വാതന്ത്ര്യത്തിനു മുമ്പ്, ചർക്കയും ഖാദിയും ഒരു ബഹുജന പ്രസ്ഥാനത്തിന്റെ പ്രതീകങ്ങളായിരുന്നു. പ്രവർത്തനത്തിനായുള്ള പ്രധാനമന്ത്രി മോദിയുടെ ആഹ്വാനത്തെത്തുടർന്ന്, ഖാദി വീണ്ടും ദേശീയ ഫാഷന്റെ പ്രതീകമായി ഉയർന്നുവന്നിരിക്കുന്നു. അതിന്റെ വ്യാപ്തി ഇപ്പോൾ കേ



ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ

ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം

12-14%

ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ സംഭാവനയാണ്. അടുത്ത പത്ത് വർഷത്തിനുള്ളിൽ ഈ വിഹിതം 20 ശതമാനമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്.





'സ്റ്റേറ്റ് ഓഫ് ഇന്ത്യാസ് ഡിജിറ്റൽ ഇക്കണോമി റിപ്പോർട്ട് 2026' പ്രകാരം, ഇന്ത്യ ഇപ്പോൾ ലോകത്തിലെ അഞ്ചാമത്തെ വലിയ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയാണ്.

വലം ഇന്ത്യയിൽ മാത്രം ഒതുങ്ങുന്നില്ല

മഹാത്മാഗാന്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മെക്സിക്കോയിലെ ഒവാക്സാക്ക മേഖലയിലെ ഒരു യുവാവ് ഇന്ത്യ സന്ദർശിക്കുകയും, സ്വന്തം നാട്ടിൽ തിരിച്ചെത്തിയശേഷം ഖാദി ഉൽപ്പാദിപ്പിക്കുന്ന രീതി പ്രാദേശിക ഗ്രാമവാസികളെ പഠിപ്പിക്കുകയും ചെയ്തു. ഇന്ന് 'ഒവാക്സാക്ക ഖാദി' ഒരു പ്രമുഖ ബ്രാൻഡായി മാറിയിരിക്കുന്നു.

സമാനമായി കളിപ്പാട്ട വ്യവസായത്തിന്റെ കഥയും പ്രചോദനാത്മകമാണ്. കളിപ്പാട്ട നിർമ്മാണത്തിന്റെ സമ്പന്നമായ പാരമ്പര്യത്തിനും ഇന്ത്യയുടെ പ്രൗഢിക്കും വേദിയൊരുക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്കാരത്തെയും നൂതനാശയങ്ങളെയും സമന്വയിപ്പിക്കുകയും ആഗോളതലത്തിൽ വിപുലീകരിക്കുകയും ചെയ്യുന്ന സ്വയംപര്യാപ്തമായ ഒരു കളിപ്പാട്ട വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 2021 ജനുവരിയിൽ 'ടോയ്കത്തോൺ' സംഘടിപ്പിച്ചു. തുടർന്ന്, 2021 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ രാജ്യത്തെ ആദ്യത്തെ 'കളിപ്പാട്ടമേള' സംഘടിപ്പിച്ചു.

2021-ൽ ഇന്ത്യയ്ക്ക് ആവശ്യമായ കളിപ്പാട്ടങ്ങളിൽ ഏകദേശം 80 ശതമാനവും ഇറക്കുമതി ചെയ്യുകയായിരുന്നുവെന്നും, 100 ബില്യൺ ഡോളർ മൂല്യമുള്ള ആഗോള കളിപ്പാട്ട വിപണിയിൽ ഇന്ത്യയുടെ വിഹിതം വെറും 1.5 ബില്യൺ ഡോളർ മാത്രമായിരുന്നുവെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടിയിരുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഈ സ്ഥിതിഗതികൾ പൂർണമായും മാറി. 2026 ജൂലൈയിലെ ഒരു റിപ്പോർട്ട് പ്രകാരം, പ്രധാന കളിപ്പാട്ട വിഭാഗങ്ങളിലെ ഇന്ത്യയുടെ കയറ്റുമതി 2017-18-ലെ 152.7 ദശലക്ഷം ഡോളറിൽ നിന്ന് 2025-26-ൽ 384.7 ദശലക്ഷം ഡോളറായി ഉയർന്നു. ഇത് ഏകദേശം 152 ശതമാനത്തിന്റെ ശ്രദ്ധേയമായ വർദ്ധനയാണ് രേഖ

ആത്മനിർഭർ ഭാരതത്തിന്റെ അഞ്ച് സ്തംഭങ്ങൾ

1 സമ്പദ്‌വ്യവസ്ഥ
ചെറിയ മാറ്റങ്ങൾക്കു പകരം വലിയ മുന്നേറ്റം ലക്ഷ്യമിടുന്നു. ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യം.



2. അടിസ്ഥാനസൗകര്യങ്ങൾ
ഇന്ത്യയുടെ പുതിയ സ്വത്വം. 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യയിലെ അടിസ്ഥാനസൗകര്യ വികസനമേഖലയിൽ 100 ലക്ഷം കോടി രൂപയിലധികം നിക്ഷേപം നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്.




3. വ്യവസ്ഥിതി
21-ാം നൂറ്റാണ്ടിലെ സാങ്കേതികവിദ്യാധിഷ്ഠിത സംവിധാനങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസ്ഥിതി.

4. ഊർജസ്വലമായ ജനസംഖ്യ
ആത്മനിർഭർ ഭാരതത്തിന് മത്സരരംഗത്ത് നേട്ടം നൽകുന്ന ഒരു ഘടകമായിരിക്കും ഇത്.



5. ആവശ്യകത
ആവശ്യകതയുടെയും വിതരണ ശൃംഖലയുടെയും ശക്തി പരമാവധി പ്രയോജനപ്പെടുത്തണം.



പ്പെടുത്തുന്നത്.

ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ഇതര കളിപ്പാട്ടങ്ങളുടെ മേഖലയിൽ മാത്രം ഏകദേശം 160 ശതമാനം വളർച്ച രേഖപ്പെടുത്തി. ഏറ്റവും ശ്രദ്ധേയമായ കാര്യം, 2017-18-ൽ ഈ മേഖലയിൽ ഇന്ത്യയ്ക്ക് 213 ദശലക്ഷം ഡോളറിന്റെ വ്യാപാരക്കമ്മി ഉണ്ടായിരുന്നപ്പോൾ, 2025-26-ൽ 152 ദശലക്ഷം ഡോളറിന്റെ വ്യാപാരമിച്ചം രേഖപ്പെടുത്തി എന്നതാണ്.

ഗുജറാത്തിലെ രാജ്കോട്ട് മുതൽ കർണാടകയിലെ ചന്നപട്ന, ആന്ധ്രാപ്രദേശിലെ കൊണ്ടപ്പള്ളി-എട്ടിക്കൊപ്പാക്ക, ഉത്തർപ്രദേശിലെ വാരണാസി എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പരമ്പരാഗത കളിപ്പാട്ട നിർമാണ കേന്ദ്രങ്ങളാണ് ഇന്ന് ഈ പരിവർത്തനത്തിന്റെ കേന്ദ്രബിന്ദു. ഇന്ത്യയിലെ പന്ത്രണ്ട് പരമ്പരാഗത കളിപ്പാട്ട നിർമാണ കേന്ദ്രങ്ങൾക്ക് ഭൗമസൂചികാ പദവി ലഭിച്ചിട്ടുണ്ട്. ഈ പൈതൃകത്തിന് ഏകദേശം 5,000 വർഷത്തെ പഴക്കമുണ്ടെന്നാണ് വിശ്വസിക്കപ്പെടുന്നത്.

ഓരോ വീടിനും കടയ്ക്കും വേണ്ടിയുള്ള ഒരു പ്രതിജ്ഞ

സ്വദേശി ഉൽപ്പന്നങ്ങളാണ് അവിടെ വിൽക്കുന്നതെന്ന് വ്യക്തമാക്കുന്ന ബോർഡുകൾ കടകളിൽ അഭിമാനപൂർവം പ്രദർശിപ്പിക്കണമെന്ന് വലുതും ചെറുതുമായ വ്യാപാരികളോടും കടയുടമകളോടും പ്രധാനമന്ത്രി മോദി, നിരന്തരം ആഹ്വാനം ചെയ്തിട്ടുണ്ട്. തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉപയോഗം നിർബന്ധം മൂലമല്ല, മറിച്ച് ശക്തമായ ആത്മവിശ്വാസത്തിന്റെയും സ്വയംപര്യാപ്തതയുടെയും അടിസ്ഥാനത്തിലായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഈ ദൃഢനിശ്ചയം വിശദീകരിച്ചുകൊണ്ട് പ്രധാനമന്ത്രി ഇങ്ങനെ പറഞ്ഞു: "ഇന്ന്, ഓരോ വ്യാപാരിയോടും കടയുടമയോടും ഒരു അഭ്യർത്ഥന നടത്താൻ ഞാൻ ആഗ്രഹിക്കുന്നു - ഇതും നിങ്ങളുടെ ഉത്തരവാദിത്വമാണ്. നമ്മൾ ചെറുപ്പമായിരുന്നപ്പോൾ ചന്തകൾ നിരീക്ഷിക്കുമായിരുന്നു. കടകളിൽ 'നെയ്യ് കട' എന്നി

ങ്ങനെ മാത്രമായിരുന്നു എഴുതിയിരുന്നത്...”

എന്നാൽ കാലക്രമേണ അവർ ‘ശുദ്ധമായ നെയ്യ് വിൽക്കുന്ന കട’ എന്ന ബോർഡുകൾ പ്രദർശിപ്പിക്കാൻ തുടങ്ങി. രാജ്യത്തുടനീളമുള്ള വ്യാപാരികളും കടയുടമകളും മുന്നോട്ടുവന്ന്, സ്വന്തം കടകളിൽ തദ്ദേശീയ ഉൽപ്പന്നങ്ങൾ വിൽക്കുന്നുവെന്ന് വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സ്വാശ്രയത്വം കൈവരിക്കാനും ആവശ്യമെങ്കിൽ മറ്റുള്ളവരെയും അതിന് പ്രേരിപ്പിക്കാനും നാം സ്വദേശി ഉൽപ്പന്നങ്ങളെ ഉപയോഗപ്പെടുത്തണം. അതായിരിക്കണം നമ്മുടെ ശക്തിയും മന്ത്രവും.” സ്വദേശി ദിനം, സ്വദേശി വാരം, പ്രാദേശിക ഉൽപ്പന്ന ദിനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് സ്കൂളുകളിലും ഈ മനോഭാവം വളർത്തിയെടുക്കാനുള്ള നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. 2025 സെപ്റ്റംബറിൽ ദേശീയ അധ്യാപക പുരസ്കാര ജേതാക്കളുമായി നടത്തിയ സംവാദത്തിനിടെ, വിദ്യാർഥികളുമായി സഹകരിച്ച് സ്വദേശി പ്രചാരണത്തിന് നേതൃത്വം നൽകാനുള്ള ചുമതല പ്രധാനമന്ത്രി അധ്യാപകരെ ഏൽപ്പിച്ചു. ‘മെയ്ക്ക് ഇൻ ഇന്ത്യ’ എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ സ്കൂളുകളിൽ നിന്നും വിദ്യാർഥികൾക്ക് നൽകണമെന്നും അദ്ദേഹം നിർദേശിച്ചു. വിദ്യാർഥികൾക്ക് അവരുടെ പ്രദേശങ്ങളിൽ സ്വദേശി റാലികൾ സംഘടിപ്പിക്കാനും സ്കൂൾ മേളകളിലൂടെ ഈ ആശയം ആഘോഷിക്കാനും സ്വദേശി ഉൽപ്പന്നങ്ങൾക്കും തദ്ദേശീയ ഉൽപ്പന്നങ്ങൾക്കുമായി പ്രത്യേക ദിനങ്ങൾ ആചരിക്കാനും കഴിയും. സ്വന്തം വീടുകളിൽ ഉപയോഗിക്കുന്ന തദ്ദേശീയ ഉൽപ്പന്നങ്ങളുടെ പട്ടിക തയ്യാറാക്കി സ്കൂളിൽ കൊണ്ടുവരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം. ഓരോ മാസവും വീടുകളിൽ ഉപയോഗിക്കുന്ന ഇത്തരം ഉൽപ്പന്നങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന് പ്രതിജ്ഞയെടുക്കാനും അവരെ പ്രേരിപ്പിക്കാം. സ്വദേശി ഉൽപ്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കാനും കുട്ടികളുടെ ജന്മദിനങ്ങളിൽ തദ്ദേശീയ ഉൽപ്പന്നങ്ങൾ സമ്മാനമായി നൽകുന്ന രീതി പ്രോത്സാഹിപ്പിക്കാനും കഴിയും. ഇതിലൂടെ കുട്ടിക്കാലം മുതൽ തന്നെ സ്വദേശി മനോഭാവം വളർത്തിയെടുക്കാനും ക്രമേണ കുടുംബത്തെ മുഴുവൻ തദ്ദേശീയ ഉൽപ്പന്നങ്ങൾ സ്വീകരിക്കുന്നതിലേക്ക് നയിക്കാനും സാധിക്കും. വ്യാപാരത്തിലും നയങ്ങളിലും വന്ന മാറ്റങ്ങൾ

കേന്ദ്ര ഗവണ്മെന്റ് ആദ്യമായി 14 പ്രധാന മേഖലകളെ തിരിച്ചറിഞ്ഞ് ഉൽപ്പാദന ബന്ധിത പ്രോത്സാഹന പദ്ധതി ആരംഭിച്ചു. ‘ബിസിനസ് നടത്താനുള്ള എളുപ്പം’ സൂചികയിൽ ഇന്ത്യയുടെ റാങ്കിങ് മെച്ചപ്പെട്ടു. 2014-ൽ 142-ാം സ്ഥാനത്തായിരുന്ന ഇന്ത്യ 63-ാം സ്ഥാനത്തേക്ക് ഉയർന്നു. വിദേശ നിക്ഷേപത്തിന്റെ വരവിലും റെക്കോർഡ് വർദ്ധന രേഖപ്പെടുത്തി. 2014 മുതൽ 2024 വരെയുള്ള കാലയളവിൽ ഇന്ത്യയ്ക്ക് 667.4 ബില്യൺ ഡോളറിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപം ലഭിച്ചു. 2004-14 കാലയളവിനെ അപേക്ഷിച്ച് ഇത് 119 ശതമാനം വർദ്ധനയാണ്. 2026 ഓഗസ്റ്റിൽ മാത്രം ഇന്ത്യയുടെ തുണിത്തര കയറ്റുമതി 29,776 കോടി രൂപയിലെത്തി. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 16.1 ശതമാനത്തിന്റെ വർദ്ധനയാണിത്. ‘ഒരു ജില്ല, ഒരു ഉൽപ്പന്നം’ നയം സൂക്ഷ്മ സംരംഭങ്ങളുടെ



മത്സരക്ഷമത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്.

ഈ ദീപാവലിയിലും പ്രതിജ്ഞ അതേപടി തുടരുന്നു...

2026-ലെ ഈ ദീപാവലി പല നിലകളിലും സവിശേഷമാണ്. അർദ്ധചാലക സാങ്കേതികവിദ്യ, ആണവോർജ്ജം തുടങ്ങിയ മേഖലകളിൽ രാജ്യം വലിയ മുന്നേറ്റങ്ങൾ കൈവരിച്ച വർഷമാണിത്. പ്രതിരോധ കയറ്റുമതി പുതിയ റെക്കോർഡ് സ്ഥാപിച്ചു. തദ്ദേശീയമായി വികസിപ്പിച്ച സൈനികശക്തി സ്വന്തം കഴിവ് തെളിയിക്കുകയും ചെയ്തു. ആഗോള സാഹചര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത എന്നത്തേക്കാളും ശക്തമായി അനുഭവപ്പെടുന്നു.പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശം വ്യക്തമാണ്: നിങ്ങൾ എന്ത് വാങ്ങിയാലും അത് സ്വദേശി ഉൽപ്പന്നമായിരിക്കട്ടെ. നിങ്ങളുടെ വീടുകൾ തദ്ദേശീയ ഉൽപ്പന്നങ്ങൾകൊണ്ട് അലങ്കരിക്കുക. ‘മെയ്ഡ് ഇൻ ഇന്ത്യ’ സമ്മാനങ്ങൾ നൽകുക. ഇന്ത്യൻ മണ്ണിന്റെ ഗന്ധം ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിറയട്ടെ. ഈ ആഹ്വാനം ഒരു രാഷ്ട്രീയ പാർട്ടിയെയോ ഗവൺമെന്റിനെയോ മാത്രം സംബന്ധിക്കുന്നതല്ല; അത് രാജ്യത്തിന്റെ മുഴുവൻ ഭാവിയെ സംബന്ധിക്കുന്നതാണ്. ഈ പ്രതിജ്ഞയുടെ ഭാഗമായി, മറ്റുള്ളവരുമായി അനാവശ്യമായ താരതമ്യങ്ങളിൽ ഏർപ്പെടുന്നതിനുപകരം സ്വന്തം വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്വന്തം മുന്നേറ്റം ഉറപ്പാ



ക്കാനാണ് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്യുന്നത്.

ഒക്ടോബർ 7-ന് പൊതുപ്രവർത്തനരംഗത്ത് 25 വർഷം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇങ്ങനെ പറയുന്നു: "എന്റെ വിപുലമായ അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് പറയാനുള്ളത് ഇതാണ്- മറ്റൊരാളുടെ പാത ചെറുതാക്കാൻ ശ്രമിച്ച് നമ്മുടെ ഊർജ്ജം പാഴാക്കരുത്. പകരം, നമ്മുടെ സ്വന്തം പാത കൂടുതൽ നീളമുള്ളതാക്കാൻ നമ്മുടെ മുഴുവൻ ഊർജ്ജവും വിനിയോഗിക്കണം. നമ്മുടെ പാത നീട്ടിയാൽ ലോകം നമ്മുടെ കഴിവും മികവും അംഗീകരിക്കും. ഇന്ന് ആഗോളതലത്തിൽ സാമ്പത്തിക സ്വാർത്ഥതയ്ക്ക് ആധിപത്യമുള്ള സാഹചര്യത്തിൽ, പ്രതിസന്ധികളെക്കുറിച്ച് വിലപിച്ചുകൊണ്ടിരിക്കുന്നതല്ല കാലഘട്ടത്തിന്റെ ആവശ്യം; മറിച്ച്, ധൈര്യപൂർവം നമ്മുടെ സ്വന്തം പാത ദീർഘിപ്പിക്കുകയാണ് വേണ്ടത്. എന്റെ 25 വർഷത്തെ ഭരണാനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും: നാം ഈ പാത തിരഞ്ഞെടുക്കുകയാണെങ്കിൽ-ഓരോരുത്തരും ഈ പാത തിരഞ്ഞെടുക്കുകയാണെങ്കിൽ-സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഒരു ശക്തിക്കും നമ്മെ ഒരിക്കലും അതിന്റെ പിടിയിൽ അകപ്പെടുത്താൻ കഴിയില്ല."

വികസിത ഇന്ത്യയിലേക്ക്...

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന 2047-ഓടെ വികസിത രാഷ്ട്രമായി മാറുക എന്ന ദൃഢനിശ്ചയം, 'ആത്മനിർഭരത'യുടെയും സ്വദേശി ഉൽപ്പന്നങ്ങളോടുള്ള അഭിമാനത്തിന്റെയും ചൈതന്യത്തിലാണ് നിലയുറപ്പിച്ചിരിക്കുന്നത്. 'മേക്ക് ഇൻ ഇന്ത്യ', സ്വദേശി, 'വോക്കൽ ഫോർ ലോക്കൽ' എന്നീ മൂന്ന് ശക്തമായ ആശയങ്ങൾ ഇന്ത്യയുടെ മഹത്തായ പ്രാചീന പൈതൃകം വീണ്ടെടുക്കുന്നതിനുള്ള പാത തുറക്കുകയാണ്. ഈ ഉത്സവകാലത്ത്, പ്രത്യേകിച്ച് ദീപാവലിയുടെയും മഹത്തായ ഛഠ് ഉത്സവത്തിന്റെയും വേളയിൽ, ഓരോ ഇന്ത്യക്കാരനും സ്വദേശി ദീപങ്ങൾ തെളിയിക്കാനും പ്രാദേശിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ആഘോഷങ്ങൾ നിറമുള്ളതാക്കാനും അഭിമാനത്തോടെ "ഇത് സ്വദേശിയാണ്; ഇത് ഇന്ത്യയിൽ നിർമ്മിച്ചതാണ്" എന്ന് പ്രഖ്യാപിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്യുന്നു. യഥാർഥത്തിൽ, 'വോക്കൽ ഫോർ ലോക്കൽ' എന്ന ആഹ്വാനം ഇന്ന് ഇന്ത്യയുടെ ഓരോ കോണിലും പ്രതിധ്വനിക്കുന്നു. ജനങ്ങൾ സജീവമായി പ്രാദേശിക ഉൽപ്പന്നങ്ങൾ തേടുകയും വാങ്ങുകയും ചെയ്യുന്നു. ഈ ശീലം ദേശീയ അഭിമാനത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു.

ഇന്ത്യൻ സ്വത്വത്തിന്റെ ചൈതന്യവും 'വോക്കൽ ഫോർ ലോക്കൽ' എന്ന മന്ത്രത്തിന്റെ ദർശനവും ചേർന്ന്, 140 കോടി ഇന്ത്യക്കാരെ ഒരുമിപ്പിക്കുന്ന ഒരു കൂട്ടായ ദൃഢനിശ്ചയമായി വളർന്നിരിക്കുന്നു. രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുക എന്നതാണ് ഈ ദൃഢനിശ്ചയത്തിന്റെ ലക്ഷ്യം. പ്രാദേശിക ഉൽപ്പന്നങ്ങളെയും വിപണികളെയും പ്രോത്സാഹിപ്പിക്കുന്ന ഈ പ്രസ്ഥാനം, ഇന്ത്യൻ ഉൽപ്പന്നങ്ങളെ ആഗോളതലത്തിൽ ശ്രദ്ധേയമായ സ്ഥാനത്തേക്ക് ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഈ അമൃതകാലത്ത്, 'വോക്കൽ ഫോർ ലോക്കൽ' എന്ന ആഹ്വാനത്തിലൂടെ ഇന്ത്യയുടെ പാരമ്പര്യങ്ങൾക്കും വീരഗാഥകൾക്കും കൂടുതൽ അംഗീകാരവും പ്രാധാന്യവും നേടിക്കൊടുക്കും എന്ന ദൃഢനിശ്ചയത്തിലാണ് രാജ്യം.■

ഇന്ത്യക്കാർ ജീവൻ എടുക്കുന്നവരല്ല, ജീവൻ രക്ഷിക്കുന്നവരാണ്.



അസാമാന്യമായ ധൈര്യവും മനസ്സാന്നിധ്യവും പ്രകടിപ്പിച്ച ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചർ, 9/11 ആക്രമണത്തിന് സമാനമായേക്കാവുന്ന ഒരു ആക്രമണം ഒഴിവാക്കുക മാത്രമല്ല, ലോകമെമ്പാടുമുള്ള 140 കോടി ഇന്ത്യക്കാർക്ക് അഭിമാനിക്കാൻ ഒരു കാരണം കൂടി നൽകുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് അമേരിക്കയും ഇസ്രായേലും ഉൾപ്പെടെ ലോകം മുഴുവൻ ഈ ഇന്ത്യൻ പൈലറ്റിനെ ഒരു നായകനായി വാഴ്ത്തുന്നത്. ഒക്ടോബർ 2-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോളിലൂടെ ഈ ധീരനായ പൈലറ്റുമായി സംസാരിക്കുകയും വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. ആ സംഭാഷണത്തിലെ പ്രധാന ഭാഗങ്ങൾ ഇതാ:

പ്രധാനമന്ത്രി: നമസ്കാരം, സ്മിത്.
ക്യാപ്റ്റൻ സ്മിത്: ജയ് ഹിന്ദ്, സർ. നമസ്കാരം, സർ.

പ്രധാനമന്ത്രി: ഇപ്പോൾ എങ്ങനെയുണ്ട്? ആരോഗ്യ നില എങ്ങനെയുണ്ട്?
ക്യാപ്റ്റൻ സ്മിത്: സർ, എല്ലാം സുഖമാണ്; എല്ലാം സുഖമാണ്.

പ്രധാനമന്ത്രി : നോക്കൂ, രാജ്യം മുഴുവൻ നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയാണ്. എല്ലായിടത്തും മഹാമൃത്യുഞ്ജയ മന്ത്രജപം നടക്കുന്നുണ്ട്.
ക്യാപ്റ്റൻ സ്മിത്: അതെ, സർ.
പ്രധാനമന്ത്രി: നിങ്ങളുടെ ധൈര്യവും ക്ഷമയും മനസ്സാന്നിധ്യവും - ഒരു സെക്കൻഡിനുള്ളിൽ നിങ്ങൾ എത്രയോ തീരുമാനങ്ങളാണ് എടുത്തത്... അതിലൂടെ എത്രയോ ജീവനുകളാണ് രക്ഷിച്ചത്. ഇന്ന്, ഞങ്ങൾ ഇന്ത്യക്കാർ ജീവൻ എടുക്കുന്നവരല്ല, ജീവൻ രക്ഷിക്കുന്നവരാണ് എന്ന് രാജ്യം മുഴുവൻ അഭിമാനത്തോടെ പറയാൻ കഴിയും.
ക്യാപ്റ്റൻ സ്മിത്: തീർച്ചയായും, സർ.
പ്രധാനമന്ത്രി: നിങ്ങൾക്ക് ശരീരത്തിൽ അത്ര വലിയൊരു മുറിവുണ്ടായിരുന്നു. നിങ്ങൾതന്നെ ജീവിതത്തിനും മരണത്തിനുമിടയിൽ പോരാടിക്കൊണ്ടിരിക്കുകയായിരുന്നു. എന്നിട്ടും ആ നിമിഷത്തിൽ, സ്വന്തം ജീവനേക്കാൾ എല്ലാ യാത്രക്കാരുടെയും ജീവനുകൾക്കാണ് നിങ്ങൾ മുൻഗണന നൽകിയത്. ഏറ്റവും പ്രധാനമായി, 140 കോടി സഹപൗരന്മാർക്ക് നിങ്ങൾ അഭിമാനം നേടിക്കൊടുത്തു.

ക്യാപ്റ്റൻ സ്മിത് : നന്ദി, സർ.

പ്രധാനമന്ത്രി : ഭൂപേന്ദ്ര ഭായി, ഒപ്പം ഗീതാ ബെഹനും സോണൽ ബെഹനുമുണ്ട്. ഞാൻ ഗീതാ ബെഹനോട് പറഞ്ഞു, അവരുടെ പേര് ഗീത എന്നാണെങ്കിലും, ഭഗവദ്ഗീതയുടെ അന്തസ്സത്തയും ശ്രീകൃഷ്ണന്റെ ഉപദേശങ്ങളും ജീവിതത്തിൽ പൂർണ്ണമായും ഉൾക്കൊണ്ട വ്യക്തിയാണ് അവരെന്ന്. ആ മഹത്തായ മൂല്യങ്ങൾ പകർന്നുനൽകിയാണ് അവർ സ്മിത്തിന്റെ ജീവിതം രൂപപ്പെടുത്തിയത്.

ക്യാപ്റ്റൻ സ്മിത് : തീർച്ചയായും, സർ.

പ്രധാനമന്ത്രി : സ്മിത്, ഇനി ഞാൻ താങ്കളിൽ നിന്ന് കാര്യങ്ങൾ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നു.

ക്യാപ്റ്റൻ സ്മിത് : സർ, അങ്ങാണ് എന്റെ ഏറ്റവും വലിയ മാതൃക. അങ്ങ് എന്നെ വിളിച്ച് ഇതുപോലെ ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആ സമയത്ത് ഞാൻ എന്റെ ജീവനുവേണ്ടി പോരാടുകയായിരുന്നു. എന്നാൽ ഞാൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ എല്ലാം അവസാനിക്കുമെന്ന് തിരിച്ചറിഞ്ഞ ഒരു നിമിഷമുണ്ടായി. കാരണം ഞാൻ താഴെ വീണുപോയിരുന്നു. ശരീരമാസകലം നിരവധി പരിക്കുകളുണ്ടായിരുന്നു, ഞാൻ താഴെ കുടുങ്ങിക്കിടക്കുകയായിരുന്നു. ആ സമയത്ത് ഞാൻ എന്നോട് തന്നെ പറഞ്ഞു, 'ഞാൻ ഇപ്പോൾ എഴുന്നേറ്റില്ലെങ്കിൽ...' സർ, കഴിഞ്ഞ 17 വർഷമായി ഞാൻ FZ -ൽ വിമാനം പറത്തുന്നുണ്ട്. കഴിഞ്ഞ 11 വർഷമായി ക്യാപ്റ്റനായി സേവനമനുഷ്ഠിക്കുന്നു. അതുകൊണ്ട്, കണ്ണുകൾ അടച്ചാൽ പോലും വിമാനത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് കൃത്യമായി മനസ്സിലാക്കാൻ കഴിയും.

ഞാൻ താഴെ വീണുകിടക്കുമ്പോഴും വിമാനം താഴേക്ക് പതിക്കുകയാണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഇനി ഒരു അവസാന ശ്രമം കൂടി നടത്തിയാൽ മതിയെന്നും വാതിൽ തൊട്ടടുത്തുതന്നെയുണ്ടെന്നും എനിക്ക് വ്യക്തമായി അറിയാമായിരുന്നു. അപ്പോഴും എനിക്ക് പരിക്കേൽക്കുന്നുണ്ടായിരുന്നു. എന്നിട്ടും, സർ, ഞാൻ ആ വാതിൽ തുറന്നു. തുടർന്ന് എല്ലാവരും അവിടേക്ക് എത്തിച്ചേരുകയും അവരവരുടെ പങ്ക് നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ, പൂർണ്ണബോധ്യത്തോടെ തന്നെ പറയട്ടെ, സ്വന്തം ജീവൻ രക്ഷിക്കാൻ ശ്രമിക്കുമ്പോഴും, ഒപ്പമുള്ളവരെ മരണത്തിന് വിട്ടുകൊടുക്കാൻ കഴിയില്ലെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.

അതിനുശേഷം, സൗദിയിൽ ഇവിടുത്തെ ആളുകൾ നൽകിയ പരിചരണവും ചികിത്സയും ഏറ്റവും മികച്ചതായിരുന്നു. ഇതിലും മികച്ച പരിചരണമോ ചികിത്സയോ എനിക്ക് മറ്റൊരിടത്തുനിന്നും ലഭിക്കുമായിരുന്നില്ല. വേദന അനുഭവപ്പെടുമ്പോഴെല്ലാം എന്റെ മനസ്സിൽ വരുന്നത് ഒരേയൊരു കാര്യമാണ് - ഞാൻ ഹനുമാൻ ചാലിസ ജപിക്കും. ആ സമയത്തും ഞാൻ ഹനുമാൻ ചാലിസ മാത്രമാണ് ജപിച്ചുകൊണ്ടിരുന്നത്. ഈശ്വരനാണ് എന്നെ രക്ഷിച്ചതെന്ന് എനിക്കറിയാം. ഇപ്പോൾ, സർ, അങ്ങയുടെ ഫോൺ കോൾ കൂടി വന്നതോടെ എനിക്ക് അതിയായ അഭിമാനം തോന്നുന്നു. ഇതുവരെ എനിക്ക് അങ്ങനെ തോന്നിയിരുന്നില്ല. എന്നാൽ ഇപ്പോൾ ആ അഭിമാനം തോന്നുന്നു, സർ. ക്ഷമിക്കണം, സർ, അങ്ങയുടെ മുന്നിൽ ഞാൻ കരഞ്ഞുപോകുന്നു.

പ്രധാനമന്ത്രി : സ്മിത്, എന്റെ മുന്നിലല്ലാതെ മറ്റെവിടെയാണ് താങ്കൾക്ക് വികാരാധീനനാകാൻ കഴിയുക?

ക്യാപ്റ്റൻ സ്മിത് : സർ, അങ്ങയോട് നേരിട്ട് സംസാരിക്കാൻ കഴിയുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല, ഒരിക്കൽ പോലും കരുതിയില്ല.

പ്രധാനമന്ത്രി : സഹോദരാ, താങ്കൾ ചെയ്തിരിക്കുന്നത് അത്രയും മഹത്തായ കാര്യമാണ്. ഇന്ന് രാജ്യത്തെ ഓരോ പൗരനും മാത്രമല്ല, ലോകമെമ്പാടുമുള്ള ജനങ്ങൾ പോലും താങ്കളെ കാണാനും സംസാരിക്കാനും ആഗ്രഹിക്കുന്നു. ഹനുമാൻ ചാലിസയെക്കുറിച്ച് താങ്കൾ പറഞ്ഞ കാര്യം എന്നെ ഏറെ സ്പർശിച്ചു. താങ്കൾക്ക് ഇത്തരം മഹത്തായ മൂല്യങ്ങൾ പകർന്നുനൽകിയ ഗീതാ ബെഹനെ ഞാൻ ശിരസ്സാ നമിച്ച് ആദരിക്കുന്നു.

ക്യാപ്റ്റൻ സ്മിത് : അതെ, സർ. എല്ലാ ദിവസവും രാവിലെ ഞാൻ പ്രാർത്ഥിക്കുമ്പോൾ, എന്റെ രണ്ടുവയസ്സുള്ള മകൻ എന്റെ മടിയിൽ വന്നിരിക്കും. അപ്പോൾ ഞാൻ അവന് ഹനുമാൻ ചാലിസ ചൊല്ലിക്കൊടുക്കും. നമ്മൾ സ്വന്തം രാജ്യത്തിന് പുറത്താണ് ജീവിക്കുന്നതെങ്കിലും, നമ്മുടെ സംസ്കാരത്തിൽ നിന്ന് ഒരിക്കലും അകന്നുപോകാൻ പാടില്ലല്ലോ.

പ്രധാനമന്ത്രി: അത് ശരിയാണ്.

ക്യാപ്റ്റൻ സ്മിത്: ഇവിടെ കഴിയുമ്പോൾ ഞങ്ങൾ നാട്ടിൽ നിന്ന് അകലെയാണെന്ന് തോന്നാറില്ല. അത്രയേറെ സ്നേഹത്തോടെയും കരുതലോടെയുമാണ് ഇവിടെയുള്ളവർ ഞങ്ങളെ പരിചരിക്കുന്നത്.

പ്രധാനമന്ത്രി: താങ്കൾ ഒരുപക്ഷേ ഇക്കാര്യം അറിഞ്ഞിട്ടുണ്ടാകില്ല. സവർക്കുണ്ട്ലയിലും വധ്വാനിലും ജനങ്ങൾ വളരെ വികാരനിർഭരമായ അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്നലെ അവിടെയുള്ള ക്ഷേത്രങ്ങളിലെല്ലാം പ്രാർത്ഥനകളും പൂജകളും ആരതിയും നടന്നു. രാജ്യത്തുടനീളമുള്ള തീർത്ഥാടന കേന്ദ്രങ്ങളിലും ആരതി നടന്നു. താങ്കളെ സ്വാഗതം ചെയ്യാൻ ഇന്ത്യ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

പ്രധാനമന്ത്രി: താങ്കൾക്ക് മികച്ച പരിചരണം നൽകിയതിന് സൗദി അറേബ്യയിലെയും യു.എ.ഇയിലെയും സർക്കാരുകളോട് ഞാൻ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സ്മിത്, താങ്കൾക്ക് എപ്പോൾ എന്ത് സഹായം ആവശ്യമുണ്ടെങ്കിലും ഒരു ഫോൺകോളിലൂടെ എന്നെ ബന്ധപ്പെടാവുന്നതാണ്.

ക്യാപ്റ്റൻ സ്മിത്: നന്ദി, സർ.

പ്രധാനമന്ത്രി: നേരിൽ കാണുമ്പോൾ ഇതിന്റെ പൂർണ്ണവിവരങ്ങൾ നമുക്ക് വിശദമായി സംസാരിക്കാം. ഇത്തരം കാര്യങ്ങൾ മൊബൈൽ ഫോണിലൂടെ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ക്യാപ്റ്റൻ സ്മിത്: ശരി, സർ.

പ്രധാനമന്ത്രി: താങ്കൾ ഇപ്പോൾ ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. രാജ്യം മുഴുവൻ താങ്കളോടൊപ്പമുണ്ട്.

ക്യാപ്റ്റൻ സ്മിത്: നന്ദി, സർ.

പ്രധാനമന്ത്രി : ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ!





> കഴിഞ്ഞ 10–12 വർഷത്തിനിടെ, ആധുനിക ആശയവിനിമയ മാധ്യമം എന്നതിനപ്പുറം, സദ്ഭരണത്തിനുള്ള സുപ്രധാന ഉപാധിയായും മൊബൈൽ ഫോൺ മാറിയിട്ടുണ്ട്. നമ്മുടെ ഡിജിറ്റൽ ഇന്ത്യ ദർശനത്തിന്റെ കേന്ദ്രബിന്ദുവും ഇതുതന്നെയാണ്.
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ഡിജിറ്റൽ കണക്റ്റിവിറ്റിയിലൂടെ ഭാവിയിലേക്ക് പുതിയൊരു ദിശാബോധം

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ടെലികോം, ഡിജിറ്റൽ കണക്റ്റിവിറ്റി മേഖലകളിൽ സമാനതകളില്ലാത്ത വളർച്ചയ്ക്കാണ് ഇന്ത്യ സാക്ഷ്യം വഹിച്ചത്. വിദൂര പ്രദേശങ്ങളിലേക്ക് പോലും ടെലികോം ടവറുകളും ഒപ്റ്റിക്കൽ ഫൈബർ ശൃംഖലകളും എത്തിയതോടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ഉണർവ് ലഭിച്ചു. ഈ മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതിനായി, അടുത്ത ഒരു പതിറ്റാണ്ടിലെ ഡിജിറ്റൽ, ടെലികമ്മ്യൂണിക്കേഷൻ രംഗത്തെ വികസനത്തിനുള്ള രൂപരേഖ രാജ്യം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പിന്റെ ഉദ്ഘാടനച്ചടങ്ങിൽ, സാങ്കേതികവിദ്യ, ഗവേഷണം, വ്യവസായം, നിക്ഷേപം, നൂതനാശയങ്ങൾ എന്നിവയുടെ സംഗമവേദിയാക്കി ഐ. എം. സി – യെ മാറ്റണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

ഒക്ടോബർ 7 മുതൽ 10 വരെ നടന്ന ഇന്ത്യ മൊബൈൽ കോൺഗ്രസ് രാജ്യത്തിന്റെ പുരോഗതിയും അഭിലാഷങ്ങളും ലോകത്തിനുമുന്നിൽ അവതരിപ്പിച്ചു. കഴിഞ്ഞ പത്തു വർഷത്തിനിടെ രാജ്യത്തെ ടെലികോം അടിസ്ഥാന സൗകര്യങ്ങൾ തുടർച്ചയായി വികസിപ്പിച്ചതായി ഉദ്ഘാടന ച്ചടങ്ങിൽ പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. വിദൂര പ്രദേശങ്ങളിൽ ടവറുകൾ സ്ഥാപിക്കുകയും ഒപ്റ്റിക്കൽ ഫൈബർ ശൃംഖല അഭൂതപൂർവ്വമായി വികസിപ്പിക്കുകയും ഡാറ്റാ സേവനങ്ങൾ കൂടുതൽ താങ്ങാനാവുന്ന നിരക്കിൽ ലഭ്യമാക്കുകയും ചെയ്തു. ഇതിലൂടെ പുതിയ സാമ്പത്തിക മേഖലകൾ രൂപംകൊണ്ടു. സാങ്കേതികവിദ്യ, വിനോദം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പുതിയ ഉപഭോക്തൃവിഭാഗവും പുതുതലമുറയിലെ ഉള്ളടക്ക സ്രഷ്ടാക്കളും വളർന്നുവരുന്നതിനും ഇത് വഴിയൊരുക്കി. ടെലികോം മേഖലയിലെ ഈ വിപ്ലവത്തിന്റെ പ്രയോജനം രാജ്യത്തെ പൗരന്മാർക്ക് നേരിട്ട് ലഭിച്ചു.

വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യ പോലുള്ള ഒരു രാജ്യത്തെ സാങ്കേതികവിദ്യ എങ്ങനെയാണ് ഒന്നിപ്പിച്ചതെന്ന് വിശദീകരിച്ച പ്രധാനമന്ത്രി, മുമ്പ് ദൈനംദിന ജീവിതത്തിന് തടസ്സമായി നിന്ന ഭൂമിശാസ്ത്രപരവും ഭാഷാപരവുമായ വലിയ അതിർവരമ്പുകളെ മൊബൈൽ കണക്റ്റിവിറ്റി ഘട്ടംഘട്ടമായി ഇല്ലാതാക്കിയെന്ന് വ്യക്തമാക്കി. ഡിജിറ്റൽ യുഗത്തിന് മുൻപ് ബാങ്ക് ഇടപാടുകൾക്കും ചികിത്സയ്ക്കും മറ്റ് ഗവണ്മെന്റ് ആവശ്യങ്ങൾക്കുമായി ആളുകൾക്ക് നഗരങ്ങളിലേക്ക് യാത്ര ചെയ്യേണ്ടിവന്നിരുന്നു. ഇതിലൂടെ ജനങ്ങൾക്ക് ധാരാളം സമയവും പണവും നഷ്ടപ്പെട്ടിരുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ മൊബൈൽ കണക്റ്റിവിറ്റിയിലൂടെ സാധിച്ചു.

ഡിജിറ്റൽ ഭരണസംവിധാനം ഈ സാഹചര്യത്തിന് മാറ്റംവരുത്തി. ഇന്ന് നൂറുകണക്കിന് ഗവണ്മെന്റ് സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാണ്. ഒപ്പം ഗവണ്മെന്റ് ആനുകൂല്യങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുകയും ചെയ്യുന്നു.

കോവിഡ്-19 മഹാമാരിയുടെ കാലത്ത് മറ്റെല്ലാ പ്രവർത്തനങ്ങളും സ്തംഭിച്ചപ്പോഴും ഇന്ത്യയിൽ ഓഫീസ് പ്രവർത്തനങ്ങളും ബാങ്കിംഗ് സേവനങ്ങളും വിദ്യാഭ്യാസവും തുടർന്നു. രാജ്യത്തെ ഡിജിറ്റൽ ആവാസവ്യവസ്ഥയാണ് ഈ മാറ്റം സാധ്യമാക്കിയത്. മൊബൈൽ, ഇന്റർനെറ്റ് കണക്റ്റിവിറ്റികൾ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പണമിടപാട് സംവിധാനങ്ങൾ, ഗവണ്മെന്റ് സേവനങ്ങൾ എന്നിവ തടസ്സമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കി.

ഐ.എം.സി 2026-ന്റെ പ്രമേയം : അതിരുകൾക്കപ്പുറം പുതിയ മുന്നേറ്റങ്ങൾ

ഐ.എം.സി 2026-ന്റെ നാല് സുപ്രധാന സ്തംഭങ്ങൾ

- **സൃഷ്ടി :** ഭാവി കെട്ടിപ്പടുക്കൽ
- **സമൃദ്ധി :** വളർച്ചയ്ക്ക് ആക്കം കൂട്ടൽ
- **സുരക്ഷ :** വിശ്വാസ്യത ശക്തിപ്പെടുത്തൽ
- **ശാക്തീകരണം :** അവസരങ്ങളുടെ വിപുലീകരണം



2026-ലെ പതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒൻപത് പ്രധാന മേഖലകൾ

- 5G, 6G സാങ്കേതികവിദ്യകൾ
- അടുത്ത തലമുറ എ.ഐ ശൃംഖലകൾ
- സെമികണ്ടക്ടറുകൾ
- നോൺ-ടെറസ്ട്രിയൽ നെറ്റ്‌വർക്കുകൾ
- സൈബർ സുരക്ഷ
- ക്വാണ്ടം കമ്മ്യൂണിക്കേഷൻ
- സംരംഭങ്ങളുടെ പരിവർത്തനം
- വർത്തുള സമ്പദ്‌വ്യവസ്ഥ
- ഇ.എസ്.ജി.യും ഇലക്ട്രോണിക്സ് നിർമ്മാണവും



ഒൻപതാമത് മൊബൈൽ കോൺഗ്രസിന്റെ ശ്രദ്ധാകേന്ദ്രങ്ങൾ...

- സ്മാർട്ട് മൊബിലിറ്റി
- സ്റ്റേഡിയം അനുഭവം
- ഇൻഡസ്ട്രിയൽ റോബോട്ടിക്സ്
- ഗതാഗത സാങ്കേതികവിദ്യ

ഡിജിറ്റൽ ആവാസവ്യവസ്ഥയുടെ കരുത്ത് വ്യക്തമാക്കുന്ന കണക്കുകൾ...

- പി.എം കിസാൻ സമ്മാൻ നിധി പദ്ധതിക്ക് കീഴിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 4 ലക്ഷം കോടിയിലധികം രൂപ കൈമാറി.
- നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം വഴി ഏകദേശം 50 ലക്ഷം കോടി രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറി.
- ഈ സംവിധാനത്തിലൂടെ ഗവണ്മെന്റ് ഫണ്ടുകളിൽനിന്ന് 5 ലക്ഷം കോടി രൂപയുടെ ചോർച്ച തടയാനായി.
- ഇന്ത്യയിൽ 50 കോടിയിലധികം ആളുകൾ ഏതെങ്കിലും തരത്തിൽ ഗെയിമിംഗ് ആവാസവ്യവസ്ഥയുടെ ഭാഗമാണ്.
- 5G ശൃംഖലയ്ക്ക് കരുത്തുപകരുന്ന 5.5 ലക്ഷത്തിലധികം ബേസ് സ്റ്റേഷനുകൾ ഇന്ത്യയിലുടനീളം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.
- 2022-നെ അപേക്ഷിച്ച് രാജ്യത്തെ മൊബൈൽ ഇന്റർനെറ്റ് വേഗത പത്തിരട്ടിയായി വർദ്ധിച്ചു.

ഐ.എം.സി 2026-ന്റെ പ്രധാന സവിശേഷതകൾ...

100 -ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

900 -ലധികം ചിന്തകരുടെയും വിദഗ്ധരുടെയും പങ്കാളിത്തം

500-ലധികം പങ്കാളികളും പ്രദർശകരും

600 -ലധികം സ്റ്റാർട്ടപ്പുകൾ

1.5-ലക്ഷത്തിലധികം സന്ദർശകർ

120 -ലധികം സെഷനുകൾ

സാങ്കേതികവിദ്യ ജനങ്ങൾക്ക് സമ്മാനിച്ച നേട്ടങ്ങൾ

മൊബൈൽ ഫോണുകൾ ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല



ഓൺലൈൻ വിദ്യാഭ്യാസത്തിന് കരുത്തേകുന്ന 'ദീക്ഷ' പ്ലാറ്റ്ഫോമിലൂടെ, കോവിഡ് മഹാമാരി ആരംഭിച്ചതു മുതൽ 2022 ജൂലൈ വരെയുള്ള കാലയളവിൽ 500 കോടിയിലധികം ലേണിംഗ് സെഷനുകൾ നടന്നു. ഈ കാലയളവിൽ ആകെ പഠനസമയം ഏകദേശം 6,000 കോടി മിനിറ്റായിരുന്നു. രാജ്യത്തെ 25 കോടിയോളം വിദ്യാർത്ഥികളെ ഇത്തരം ഡിജിറ്റൽ, ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കാനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.●

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.



യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ (യു.പി.എസ്.സി) ശതാബ്ദി ആഘോഷങ്ങൾ

ജനകീയ ഭരണനിർവ്വഹണം

സദ്ഭരണത്തിന്റെ മുഖമുദ്ര

വികസിത ഭാരതത്തിലേക്ക് മുന്നേറാൻ രാജ്യം ഇന്ന് ലക്ഷ്യമിടുന്ന ഭരണസംവിധാനം പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് യു. പി. എസ്. സിയെയും സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളെയുമാണ്. കഴിഞ്ഞ 100 വർഷത്തെ പ്രവർത്തനങ്ങളിലൂടെ യു. പി. എസ്. സി അതിന്റെ വിശ്വാസ്യത നിരന്തരം ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്വയംഭരണാധികാരം, നിഷ്പക്ഷത, മെറിറ്റിനോടുള്ള പ്രതിബദ്ധത, രഹസ്യസ്വഭാവം, നീതിയുക്തമായ നടപടിക്രമങ്ങൾ എന്നിവയാണ് യു. പി. എസ്. സിയുടെ മുഖമുദ്ര. ഒക്ടോബർ 1-ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന യു. പി. എസ്. സി ശതാബ്ദി ആഘോഷച്ചടങ്ങിൽ സംസാരിക്കവെ, രാജ്യത്തിന്റെ പുതിയ തൊഴിൽ സംസ്കാരത്തിനായി ജനപക്ഷ സമീപനം, സജീവമായ സമീപനം, സദ്ഭരണം എന്നീ മൂന്ന് മന്ത്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവച്ചു.

1926-ൽ ഈ സ്ഥാപനത്തിന് അടിത്തറയിട്ടപ്പോൾ അന്നത്തെ മുൻഗണനകൾ തികച്ചും വ്യത്യസ്തമായിരുന്നു. ഭരണസംവിധാനത്തിന്റെ ശ്രദ്ധയും പ്രതിബദ്ധതയും അന്ന് ബ്രിട്ടീഷ് ഭരണകൂടത്തെ കേന്ദ്രീകരിച്ചായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം, സ്വതന്ത്ര ഭാരതത്തിന്റെ സ്വപ്നങ്ങളും ഭരണപരമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും കേന്ദ്രബിന്ദുവായി മാറി. കഴിഞ്ഞ പതിറ്റാണ്ടുകളിലൂടനീളം യു.പി.എസ്.സി അതിന്റെ ഉത്തരവാദിത്തങ്ങൾ മാതൃകാപരമായി നിർവ്വഹിച്ചു. യു.പി.എസ്.സിയുടെ 100 വർഷങ്ങളുടെ ആഘോഷം മാത്രമല്ല ഇതെന്നും, ഒരു മഹത്തായ പാരമ്പര്യത്തിന്റെ ആഘോഷം കൂടിയാണെന്നും ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഓരോ വർഷവും കോടിക്കണക്കിന് യുവജനങ്ങൾ നെഞ്ചിലേറ്റുന്നതും സാക്ഷാത്കരിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന സ്വപ്നങ്ങളുടെ ആഘോഷമാണിത്. ഓരോ ഇന്ത്യക്കാരനും ഈ സ്ഥാപനത്തിൽ അർപ്പിച്ചിരിക്കുന്ന അചഞ്ചലമായ വിശ്വാസത്തിന്റെ ആഘോഷം കൂടിയാണിത്. ഒരു നൂറ്റാണ്ട് നീണ്ട ഈ യാത്രയിൽ തലമുറകൾ മാറി, ഗവണ്മെന്റുകൾ മാറി, സാങ്കേതികവിദ്യ മാറി, പാഠ്യപദ്ധതികൾ മാറി. എന്നിട്ടും യു.പി.എസ്.സിയിലുള്ള വിശ്വാസത്തിന് ഇന്നും യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. അതാണ് ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ സമ്പത്തുകളിലൊന്നെന്നും അദ്ദേഹം പറഞ്ഞു.

ക്ഷമയുടെയും വിവേകത്തിന്റെയും ധീരതയുടെയും ഉദാത്ത മാതൃക

ഫ്ളൈദുബായ് വിമാനം FZ1073 പറത്തുന്നതിനിടെ അസാമാന്യ ധീരത പ്രകടിപ്പിച്ച ക്യാപ്റ്റൻ സ്മിത് മച്ചാർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ചടങ്ങിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു. ഇന്ത്യൻ ക്യാപ്റ്റൻ പ്രകടിപ്പിച്ച ക്ഷമയും വിവേകവും ധീരതയും എടുത്തുപറഞ്ഞ പ്രധാനമന്ത്രി, 9/11ന്

> ഭരണകൂടമാണ് പരമമായ സംരക്ഷകനും അന്നദാതാവും എന്ന് വിശ്വസിച്ചിരുന്ന ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ മന്ത്രം 'നാഗരിക് ദേവോ ഭവ' (പൗരൻ ദൈവതുല്യനാണ്) എന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ രാജ്യത്തെ ഓരോ പൗരനും നമുക്ക് ദൈവതുല്യനാണ്. പൗരന്മാർക്കുള്ള സേവനത്തിനാണ് ഗവണ്മെന്റ് ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നത്.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

സ്മാരക നാണയവും തപാൽ സ്റ്റാമ്പും പ്രകാശനം ചെയ്തു

- യു.പി.എസ്.സിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സ്മാരക നാണയം, പ്രത്യേക തപാൽ സ്റ്റാമ്പ്, 'യു.പി.എസ്.സിയുടെ നയങ്ങൾ രൂപപ്പെടുത്തിയ 100 ചരിത്രപരമായ തീരുമാനങ്ങൾ' എന്ന പുസ്തകം എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്തു.
- യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ 100 വർഷത്തെ നാൾവഴികൾ വ്യക്തമാക്കിക്കൊണ്ട് ഭാരത് മണ്ഡപത്തിൽ ഒരുക്കിയ പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിച്ചു.
- 1926-ൽ സ്ഥാപിതമായ യു.പി.എസ്.സിയുടെ 100 വർഷം പൂർത്തിയായതിന്റെയും കഴിഞ്ഞ വർഷം ഒക്ടോബർ 1-ന് ആരംഭിച്ച ഒരു വർഷം നീണ്ട ശതാബ്ദി ആഘോഷങ്ങളുടെ സമാപനത്തിന്റെയും ഭാഗമായാണ് ഈ ചടങ്ങ് സംഘടിപ്പിച്ചത്.
- വിവിധ സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷൻ അധ്യക്ഷന്മാരും അംഗങ്ങളും, കേന്ദ്ര ഗവണ്മെന്റിലെ ഉന്നത ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ധർ, യു.പി.എസ്.സി ഉദ്യോഗസ്ഥർ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മറ്റ് ബന്ധപ്പെട്ട മേഖലകളിലെ പ്രതിനിധികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.
- 2026 സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ യു.പി.എസ്.സി സംഘടിപ്പിച്ച ദ്വിദിന പരിപാടിയുടെ ഭാഗമായിരുന്നു ഈ സമ്മേളനം.
- ആദ്യ ദിവസം ഭാരത് മണ്ഡപത്തിൽ 'ശതാബ്ദി ആഘോഷം - മന്ഥൻ' സംഘടിപ്പിച്ചു. പ്രമുഖ വ്യക്തികളുടെ പ്രഭാഷണങ്ങളും വിവിധ വിഷയങ്ങളിലുള്ള പാനൽ ചർച്ചകളും പരിപാടിയുടെ ഭാഗമായി നടന്നു.

വളരുന്ന പ്രതിഭാശക്തി

1976

- യു.പി.എസ്.സിയുടെ സുവർണ്ണ ജൂബിലി (50-ാം വാർഷികം) ആഘോഷിച്ച 1976-നെ അപേക്ഷിച്ച്, പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ 45 മടങ്ങിലധികം വർദ്ധനവാണുണ്ടായത്.

1952

- 1952-ൽ സിവിൽ സർവീസ് പരീക്ഷ എഴുതിയവരിൽ വെറും 3 ശതമാനം മാത്രമായിരുന്നു വനിതകൾ; എന്നാൽ ഇന്നത് 30 ശതമാനത്തിലധികമായി ഉയർന്നു.

2014

- യു.പി.എസ്.സിയുടെ ചരിത്രത്തിൽ ഇതുവരെ നാല് വനിതകൾ അധ്യക്ഷപദവി വഹിച്ചിട്ടുണ്ട്. ഇവരിൽ മൂന്ന് പേർ 2014-നുശേഷമാണ് നിയമിതരായത്.

സമാനമായ ദുരന്തം ഈ ഇന്ത്യൻ പൗരൻ തടഞ്ഞുവെന്ന ഇസ്രായേൽ പ്രധാനമന്ത്രിയുടെ പരാമർശവും അനുസ്മരിച്ചു. സ്മിത്തിന്റെ ഈ ധീരകൃത്യം ഓരോ ഇന്ത്യക്കാരനും അഭിമാനം പകരുന്നതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'സ്മിത്തിന് ദീർഘായുസ്സും പൂർണ്ണ ആരോഗ്യവും ലഭിക്കുന്നതിനായി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം. ഇന്ത്യയുടെ യശസ്സ് വാനോളമുയർത്തിയ നമ്മുടെ പ്രിയ സഹോദരൻ സ്മിത്തിനെ അഭിവാദ്യം ചെയ്യാനും ഞാൻ രാജ്യത്തെ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു," അദ്ദേഹം പറഞ്ഞു.."

പി.എം–ജൻമൻ പദ്ധതിയുടെ മൂന്ന് വർഷം

ഗോത്രസമൂഹത്തിന്റെ ഉന്നമനം...
ഗോത്രപാരമ്പര്യത്തിന്റെ അഭിമാനം ആഘോഷിച്ച് വരുംതലമുറകൾക്ക് പ്രചോദനമേകുന്നു

'എന്റെ രാജ്യത്തെ വരുംതലമുറകൾ ഒരു കാര്യം തീർച്ചയായും അറിഞ്ഞിരിക്കണം. കാടുകളിലും മലനിരകളിലും ജീവിച്ചിരുന്ന എന്റെ ഗോത്രസഹോദരങ്ങൾക്ക് ശരീരം മറയ്ക്കാൻ ആവശ്യമായ വസ്ത്രങ്ങൾ പോലും ഇല്ലാതിരുന്ന കാലത്തും, ഭാരതാംബയുടെ സ്വാതന്ത്ര്യത്തിനായി ത്യാഗങ്ങൾ ചെയ്യാൻ അവർ ഒരിക്കലും മടിച്ചിരുന്നില്ല. അവർ ആദരവും ബഹുമാനവും അർഹിക്കുന്നു. വരുംതലമുറകൾ അവരിൽനിന്ന് പ്രചോദനം ഉൾക്കൊള്ളണം.' പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഈ ദീർഘവീക്ഷണത്തിന്റെ ഫലമായാണ് 2021 മുതൽ എല്ലാ വർഷവും നവംബർ 15 'ജൻജാതീയ ഗൗരവ് ദിവസ്' ആയി ആചരിച്ചു തുടങ്ങിയത്. തുടർന്ന് 2023–ൽ 'പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ' (പി.എം–ജൻമൻ) പദ്ധതിയും ആരംഭിച്ചു. ഇതിലൂടെ പ്രത്യേകിച്ച് ദുർബലരായ 75 ഗോത്രവിഭാഗങ്ങളുടെ (PVTG) ഉന്നമനത്തിന് തുടക്കമിട്ടു.

2011-ലെ സെൻസസ് പ്രകാരം, 10.45 കോടി ജനസംഖ്യയുള്ള 750 ഗോത്രവിഭാഗങ്ങളാണ് ഇന്ത്യയിലുള്ളത്. ഇതിൽ 75 വിഭാഗങ്ങളെ അതീവ ദുർബല ഗോത്രവിഭാഗങ്ങളായി (PVTG) തരംതിരിച്ചിരിക്കുന്നു. ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി സംവരണം ഏർപ്പെടുത്തിയിരുന്നെങ്കിലും, പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് അവരുടെ സമഗ്ര ക്ഷേമത്തിന് പ്രത്യേക ശ്രദ്ധ നൽകി. ഈ ജനവിഭാഗത്തിന്റെ പ്രതീക്ഷകളും അഭിലാഷങ്ങളും മനസ്സിലാക്കാൻ ഗൗരവമായ ശ്രമങ്ങൾ നടത്തി. 1999-ൽ ഗോത്രവർഗ്ഗ ക്ഷേമത്തിനായി പ്രത്യേക മന്ത്രാലയം രൂപീകരിച്ചു. ഗോത്രസമൂഹത്തിന്റെ ഉന്നമനവും അഭിവൃദ്ധിയും ലക്ഷ്യമിട്ട് 89-ാം ഭരണഘടനാ ഭേദഗതിയിലൂടെ ദേശീയ പട്ടികവർഗ്ഗ കമ്മീഷനും രൂപീകരിച്ചു. ഈ പാരമ്പര്യം മുന്നോട്ടുകൊണ്ടുപോകുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള നിലവിലെ ഗവണ്മെന്റ് കഴിഞ്ഞ 12 വർഷമായി ഗോത്രസമൂഹത്തിന്റെ അഭിമാനവും സംഭാവനകളും സജീവമായി ഉയർത്തിക്കാട്ടുന്നു. ഇതിലൂടെ വരുംതലമുറകൾക്ക് രാജ്യത്തിന്റെ ചരിത്രത്തിൽ ഗോത്രസമൂഹം വഹിച്ച പങ്കിനെക്കുറിച്ച് അറിയാനും അതിൽനിന്ന് പ്രചോദനം ഉൾക്കൊള്ളാനും സാധിക്കുന്നു. ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമര സേനാനിയും കൊളോണിയൽ ഭരണത്തിനെതിരെ പോരാടിയ നേതാവുമായ ബിർസ മുണ്ടയുടെ ജന്മദിനമായ നവംബർ 15 'ജൻജാതീയ ഗൗരവ് ദിവസ്' ആയി ആചരിക്കുന്നു. 1874-ലാണ് ബിർസ മുണ്ട ജനിച്ചത്. അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 2024-25 വർഷം ജൻജാതീയ ഗൗരവ് വർഷമായി ആചരിച്ചു.

പി.എം-ജൻമൻ... സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നു

ഗോത്രസമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഗവണ്മെന്റ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. 'പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ' (പി.എം-ജൻമൻ), 'ധർതി ആബാ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ' (DAJGUA) എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ പദ്ധതികൾ ഗോത്രജനതയുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

"അടൽജിയുടെ ഗവണ്മെന്റാണ് ഗോത്രസമൂഹത്തിനായി പ്രത്യേക മന്ത്രാലയവും പ്രത്യേക ബജറ്റ് വിഹിതവും ഏർപ്പെടുത്തിയത്. മുൻകാലത്തെ അപേക്ഷിച്ച്, ഞങ്ങളുടെ ഗവണ്മെന്റിന്റെ കാലത്ത് ഗോത്രവർഗ്ഗ ക്ഷേമത്തിനുള്ള ബജറ്റ് വിഹിതം ആറിരട്ടിയായി വർദ്ധിച്ചു.

നരേന്ദ്ര മോദി, പ്രധാനമന്ത്രി





പി.എം-ജൻമൻ പദ്ധതിക്ക് കീഴിലെ നടപടികൾ

നടപടി	അനുവദിച്ച എണ്ണം
പി.എം.എ.വൈ–ജി ഗ്രാമീണ ഭവന നിർമ്മാണം	4.82 ലക്ഷം വീടുകൾ
പി.എം.ജി.എസ്.വൈ റോഡുകൾ	7,992 കി.മീ
ജെ.ജെ.എം പ്രകാരം ശുദ്ധജല വിതരണത്തിന് അംഗീകാരം ലഭിച്ച ഗ്രാമങ്ങൾ	18,756
സഞ്ചരിക്കുന്ന ചികിത്സാ കേന്ദ്രങ്ങൾ	831
അംഗീകാരം നൽകിയ അങ്കണവാടി കേന്ദ്രങ്ങൾ	2,498
സർവശിക്ഷാ അഭിയാന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികൾ	500
വൈദ്യുതീകരണത്തിന് അനുമതി നൽകിയ വീടുകൾ	1.54 ലക്ഷം
കണക്റ്റിവിറ്റി ഉറപ്പാക്കാൻ തിരഞ്ഞെടുത്ത ജനവാസ കേന്ദ്രങ്ങൾ	4,347
വികസന കേന്ദ്രങ്ങളും വിവിധോദ്ദേശ്യ കേന്ദ്രങ്ങളും	1,540
വൻധൻ വികാസ് കേന്ദ്രങ്ങൾ	500

ധർതി ആബ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാന് കീഴിൽ 25 ഉന്നമന നടപടികൾ

ഗോത്രവർഗ ഗ്രാമങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് 17 മന്ത്രാലയങ്ങൾ സംയോജിച്ച് പ്രവർത്തിക്കുന്ന 'ധർതി ആബ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാന്' 2024 ഒക്ടോബർ 2-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. 63,843 ഗ്രാമങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങളും അങ്കണവാടികളും ഉൾപ്പെടെ അടിസ്ഥാന സൗകര്യ വിടവുകൾ നികത്തുന്നതിന് അടുത്ത അഞ്ച് വർഷത്തിനകം 25 സുപ്രധാന നടപടികളാണ് ദൗത്യം ലക്ഷ്യമിടുന്നത്. 30 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 549 ജില്ലകളിലെ 5 കോടിയിലധികം ജനങ്ങൾക്ക് ഉപജീവന അവസരങ്ങൾ ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

20 ലക്ഷം വീടുകൾ പി.എം.എ.വൈ -ജി പ്രകാരം നിർമ്മിച്ച് നൽകും.

25 ലക്ഷം എൽ.പി.ജി കണക്ഷനുകൾ പി.എം ഉജ്ജ്വല യോജനയ്ക്ക് കീഴിൽ ലഭ്യമാക്കും.

25,000 കിലോ മീറ്റർ റോഡുകൾ നിർമ്മിക്കും.

1,000 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സർവീസ് ആരംഭിക്കും.

- എല്ലാ ഗ്രാമങ്ങളിലും 'ഹർ ഘർ നൽ സേ ജൽ' പദ്ധതി വഴി സമ്പൂർണ ശുദ്ധജല ലഭ്യത.
- 2,000 സ്ഥാപനങ്ങളിൽ പുരപ്പുറ സൗരോർജ പ്ലാന്റുകൾ.
- പോഷൺ 2.0-ന് കീഴിൽ 2,000 പുതിയ അങ്കണവാടികൾ ആരംഭിക്കും.
- സമഗ്ര ശിക്ഷാ അഭിയാന്റെ ഭാഗമായി 1,000 ഹോസ്റ്റലുകൾ നിർമ്മിക്കും.
- 1,000 വൻധൻ വികാസ് കേന്ദ്രങ്ങളും 30 നൈപുണ്യ പരിശീലന കേന്ദ്രങ്ങളും.
- 700 പോഷൺ വാടികകൾ; 1,000 ഹോംസ്റ്റേകൾ.

പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം-ജൻമൻ), ധർതി ആബ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ എന്നിവയുൾപ്പെടെ ഗോത്രവർഗ വിഭാഗങ്ങൾക്കായി കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കിയ നിരവധി പദ്ധതികൾ ഈ ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തിവരികയാണ്. 2023-ലെ 'ജൻജാതീയ ഗൗരവ് ദിവസി'ൽ പ്രധാനമന്ത്രി തുടക്കം കുറിച്ച പി.എം-ജൻമൻ കാമ്പയിൻ രാജ്യത്തുടനീളം അതീവ ദുർബല ഗോത്രവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. 24,000 കോടിയിലധികം രൂപയുടെ വിഹിതമാണ് പദ്ധതിക്കായി വിനിയോഗിക്കുന്നത്. സുരക്ഷിത പാർപ്പിടം, ശുദ്ധജലം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, റോഡ്-ടെലികോം കണക്റ്റിവിറ്റി, വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതിയെത്തിക്കൽ, സുസ്ഥിര ഉപജീവന അവസരങ്ങൾ എന്നിവ പദ്ധതി പ്രദാനം ചെയ്യുന്നു. അതീവ ദുർബല ഗോത്രവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് 9 മന്ത്രാലയങ്ങൾ സംയുക്തമായി 11 വ്യത്യസ്ത ഇടപെടലുകളാണ് പദ്ധതിക്ക് കീഴിൽ നടപ്പാക്കുന്നത്.

വിവരശേഖരണം മൊബൈൽ ആപ്പ് വഴി

പി.എം-ജൻമൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രാമങ്ങളിലെയും ജനവാസ കേന്ദ്രങ്ങളിലെയും അതീവ ദുർബല ഗോത്രവിഭാഗങ്ങളുടെ ജനസംഖ്യയെക്കുറിച്ചും അടിസ്ഥാന സൗകര്യ സ്ഥിതിയെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നതിന് 'പി.എം ഗതിശക്തി' മൊബൈൽ ആപ്ലിക്കേഷനാണ് ഉപയോഗിച്ചത്. 19 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആകെ 48.52 ലക്ഷം ജനസംഖ്യയുള്ള 12.36 ലക്ഷം അതീവ ദുർബല ഗോത്രവിഭാഗ കുടുംബങ്ങളുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ നിരന്തരം അരക്ഷിതാവസ്ഥ നേരിട്ടിരുന്ന 75 അതീവ ദുർബല ഗോത്രവിഭാഗങ്ങൾ ഗോത്രവർഗ സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ●



ബ്ലൂംബെർഗ് | *ന്യൂ ഇക്കണോമി ഫോറം 2026*

ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗം

അധികാരം അഭിവൃദ്ധിക്കായി

ആരുടെ കൈകളിലാണ് അധികാരമെന്നതല്ല യഥാർത്ഥ ചോദ്യം, മറിച്ച് അത് എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നതാണ്. സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലരിലേക്ക് മാത്രം ഒതുങ്ങുമോ, അതോ കോടിക്കണക്കിന് പേർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുമോ? അറിവ് ഏതാനും പേരിലേക്ക് മാത്രം ചുരുങ്ങിപ്പോകുമോ, അതോ അത് ഓരോ വ്യക്തിയുടെയും അന്തർലീനമായ ശേഷിയെ ശാക്തീകരിക്കുമോ? ഒക്ടോബർ 13-ന് ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തിൽ സംസാരിക്കവെ ഈ ചോദ്യങ്ങൾ ഉന്നയിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു: 'ഇന്ന്, ഞാൻ ഇവിടെയെത്തിയിരിക്കുന്നത് ഒരു കാഴ്ചപ്പാടുമായാണ്: 'അധികാരം അഭിവൃദ്ധിക്കായി'...'

ഒരു ചൊല്ലുണ്ട്: 'വിദ്യാ വിവാദായ ധനം മദായ, ശക്തിഃ പരേഷാം പരി-പീഡനായ। ഖലസ്യ സാധോഃ വിപരീതമ് എതത്, ജ്ഞാനായ ദാനായ ച രക്ഷണായ॥ അറിവോ ധനമോ അധികാരമോ കൈവശമുള്ള ആരെ സംബന്ധിച്ചും അവ എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ് കാര്യമെന്നതാണ് ഇതിന്റെ അന്തസ്സത്ത. മറ്റൊരു തരത്തിൽ പറഞ്ഞാൽ അധികാരത്തിന്റെ യഥാർത്ഥ മൂല്യം നിലകൊള്ളുന്നത് അതിന്റെ ലക്ഷ്യത്തിലാണ്-ഇന്നത്തെ കാലഘട്ടത്തിൽ മനസ്സിലാക്കേണ്ട ഒരു സുപ്രധാന ആശയമാണിത്. അധികാരം അഭിവൃദ്ധിക്കായി വിനിയോഗിക്കുകയെന്ന മാനുഷിക മൂല്യം മറ്റുള്ളവരെ ഉപദേശിക്കാൻ മാത്രമുള്ളതല്ലെന്നും സഹസ്രാബ്ദങ്ങൾ പഴക്കമുള്ള നമ്മുടെ പാരമ്പര്യങ്ങൾ പകർന്നുനൽകിയ പാഠമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധനയിൽ വ്യക്തമാക്കി. ഇന്ത്യയിൽ നമ്മുടെ ഭരണ സംവിധാനത്തിലും തൊഴിൽ സംസ്കാരത്തിലും സമന്വയിപ്പിച്ച് ഇത് നാം പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

അവസരങ്ങളെ കോർത്തിണക്കി കണക്റ്റിവിറ്റി

ഏകദേശം 12-13 വർഷങ്ങൾക്ക് മുൻപുവരെ മൊബൈൽ ഫോണുകളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഇന്ത്യയിൽ ഒരുതരം അധികാരത്തിന്റെ അടയാളമായിരുന്നു. 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് അധികാരമേറ്റ ശേഷം മൊബൈൽ ഡാറ്റ സാധാരണക്കാർക്ക് താങ്ങാവുന്ന നിരക്കിലാക്കുന്നതിനാണ് രാജ്യം മുൻഗണന നൽകിയത്. തൽഫലമായി ഇന്ന് ഒരു ചെറു പട്ടണത്തിലെ വിദ്യാർത്ഥിക്ക് പോലും ഡിജിറ്റൽ പഠനം സാധ്യമാകുന്നു, ഒരു കൊച്ചു ഗ്രാമത്തിലെ വ്യാപാരിക്ക് പുതിയ ഉപഭോക്താക്കളിലേക്ക് എത്താൻ സാധിക്കുന്നു; യുവജനങ്ങൾക്ക് പുതിയ ഓൺലൈൻ കോഴ്സുകളിൽ ചേരാനും കഴിയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇന്ത്യയിലെ കണക്റ്റിവിറ്റി മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുക മാത്രമല്ല ചെയ്തത്; മറിച്ച് അത് സുവർണാവസരങ്ങളെ കോർത്തിണക്കി. ഇതാണ് അഭിവൃദ്ധിക്കായുള്ള അധികാരം.

ഡിജിറ്റൽ കരുത്തിന്റെ സുപ്രധാന പങ്ക്

100 -ലധികം ഭാഷകൾ

1,000 -ത്തിലധികം സാറ്റലൈറ്റ് ടിവി ചാനലുകൾ

80,000 രജിസ്റ്റർ ചെയ്ത പത്രങ്ങൾ

50 മില്യണിലധികം യൂട്യൂബ് ഉപയോക്താക്കൾ

50 മില്യണിലധികം ഇൻസ്റ്റാഗ്രാം ഉപയോക്താക്കൾ



സ്റ്റാർട്ടപ്പുകൾ

2.50 ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകൾ

45 % ശതമാനത്തിലേറെ സ്റ്റാർട്ടപ്പുകളിലും കുറഞ്ഞത് ഒരു വനിതാ ഡയറക്ടർ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ഈ വർഷത്തെ ബ്ലൂംബെർഗ് ഇക്കണോമി ഫോറത്തിന്റെ പ്രമേയം ലോകമെങ്ങും ഉയർന്നുവരുന്ന പുതിയ ശക്തികേന്ദ്രങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഇന്ത്യ തുടക്കം കുറിച്ച ആഗോള സംരംഭങ്ങൾ:

- അന്താരാഷ്ട്ര സൗരോർജ സഖ്യം.
- ദുരന്തനിവാരണ അടിസ്ഥാന സൗകര്യ സഖ്യം.
- ബിഗ് ക്യാറ്റ് സഖ്യം.
- ആഗോള ജൈവ ഇന്ധന സഖ്യം.
- ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി.
- മിഷൻ ലൈഫ് (പരിസ്ഥിതിക്കിണങ്ങിയ ജീവിതശൈലി ദൗത്യം) -പൊതുനന്മ ലക്ഷ്യം വെക്കുന്ന നടപടികൾ.

ഇന്ത്യ മുന്നോട്ടുവെച്ച ആഗോള ദർശനങ്ങൾ:

- ഒരു സൂര്യൻ, ഒരു ലോകം, ഒരു ഗ്രിഡ്
- ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി

ഈ ഉദാഹരണങ്ങളിലെല്ലാം അധികാരം പൂർണമായും മറ്റുള്ളവരെ ശാക്തീകരിക്കാനാണ് വിനിയോഗിച്ചിരിക്കുന്നത്.

700 ബില്യൺ ഡോളർ കവിഞ്ഞ് വിദേശനാണ്യ കരുതൽ ശേഖരം

- ഇന്ത്യയുടെ പക്കൽ നിലവിൽ 700 ബില്യൺ ഡോളറിലധികം വിദേശനാണ്യ കരുതൽ ശേഖരമുണ്ട്.
- നടപ്പുസാമ്പത്തിക വർഷം ഏപ്രിൽ-ജൂൺ പാദത്തിൽ ഇന്ത്യ 7.8% വളർച്ചാ നിരക്ക് രേഖപ്പെടുത്തി.

ഓരോ കാലഘട്ടത്തിനും അതിന്റേതായ അധികാര സ്രോതസ്സുകളും നിർവചനങ്ങളുമുണ്ടായിരുന്നു. എന്നാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽപ്രത്യേകിച്ച് ഈ മൂന്നാം പതിറ്റാണ്ടിൽഒരു വലിയ മാറ്റമാണ് സംഭവിക്കുന്നത്. ഇന്ന് സാങ്കേതികവിദ്യ, ഡാറ്റ, അറിവ്, നൂതനാശയങ്ങൾ എന്നിവയാണ് കരുത്തായി മാറുന്നത്.

നരേന്ദ്ര മോദി, പ്രധാനമന്ത്രി



2026 ഏഷ്യൻ ഗെയിംസിൽ മിന്നും പ്രകടനവുമായി ഇന്ത്യ

മനോഹരമായ മുന്നേറ്റം
അവിസ്മരണീയ നേട്ടം

കായികരംഗത്തിന്റെയും കായികതാരങ്ങളുടെയും ക്ഷേമത്തിന് രാജ്യത്തിന്റെ പരമോന്നത നേതൃത്വം നേരിട്ട് മുൻഗണന നൽകുമ്പോൾ അത് വലിയ ഫലങ്ങൾ നൽകുന്നു. കഴിഞ്ഞ 12 വർഷമായി ഇന്ത്യൻ കായികതാരങ്ങൾ മികച്ച പ്രകടനങ്ങളിലൂടെ കായികവേദികളിൽ രാജ്യത്തിന് അഭിമാനം കൊണ്ടുവരുന്നതും ഇതുകൊണ്ടുതന്നെയാണ്. ഈ മുന്നേറ്റം 2026 ഏഷ്യൻ ഗെയിംസിലും തുടർന്നു; 21 സ്വർണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ മെഡൽ പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനം സ്വന്തമാക്കി.



ആകെ 85 മെഡലുകളോടെയാണ് 2026 ഏഷ്യൻ ഗെയിംസ് പര്യടനം ഇന്ത്യ പൂർത്തിയാക്കിയത്. ഇന്ത്യൻ കായികതാരങ്ങളുടെ മിന്നുന്ന പ്രകടനങ്ങളാലും ചരിത്രനേട്ടങ്ങളാലും അടയാളപ്പെടുത്തിയ ഈ മുന്നേറ്റം രാജ്യം ദീർഘകാലം സ്മരിക്കും. ഐച്ചി-നഗോയ ഗെയിംസിൽ 21 സ്വർണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ 85 മെഡലുകൾ കരസ്ഥമാക്കിയാണ് ഇന്ത്യ നാലാം സ്ഥാനമുറപ്പിച്ചത്. ഏഷ്യൻ ഗെയിംസിന്റെ ചരിത്രത്തിൽ ഇന്ത്യ നേടുന്ന രണ്ടാമത്തെ ഏറ്റവും ഉയർന്ന മെഡൽ നേട്ടമാണിത്. കായികതാരങ്ങളുടെ പരേഡും ഔദ്യോഗിക സമാപനവുമടക്കം പരമ്പരാഗത ചടങ്ങുകളോടെയായിരുന്നു സമാപന ചടങ്ങ്.



അത്‌ലറ്റിക്സിൽ 24 മെഡലുകളും ഷൂട്ടിങ്ങിൽ 15 മെഡലുകളും നേടി ഇന്ത്യ

ചരിത്രപരമായ നിരവധി വ്യക്തിഗത നേട്ടങ്ങൾക്കും ഇന്ത്യ സാക്ഷ്യം വഹിച്ചു. ഏഷ്യൻ ഗെയിംസിൽ ഗോൾഫിൽ വ്യക്തിഗത സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി പ്രണവി ഉർസ് മാറിയപ്പോൾ ഈ ഭൂഖണ്ഡാന്തര കായിക മാമാങ്കത്തിൽ വ്യക്തിഗത റിക്കർവ് വിഭാഗത്തിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി 17-കാരിയായ കുംകും മൊഹാദ് ചരിത്രം കുറിച്ചു. കൂടാതെ, മേരി കോമിന് ശേഷം ഏഷ്യൻ ഗെയിംസ് ബോക്സിങ്ങിൽ സ്വർണം നേടുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതയായി ലവ്‌ലിന ബോർഗോഹെയ്ൻ മാറി. അത്‌ലറ്റിക്സിൽ 24 മെഡലുകളോടെയാണ് ഇന്ത്യ ഏറ്റവും ഉയർന്ന നേട്ടം സ്വന്തമാക്കിയത്; ഷൂട്ടിങ്ങിൽ 15 മെഡലുകളും നേടി. അഞ്ച് സ്വർണ മെഡലുകളോടെ ഏറ്റവും വലിയ വിജയം സമ്മാനിച്ച ഇനം അമ്പെയ്ത്താണ്.





ഏഷ്യൻ ഗെയിംസ് സമാപിക്കുമ്പോൾ, അചഞ്ചലമായ നിശ്ചയദാർഢ്യത്തോടും ആവേശത്തോടും സമാനതകളില്ലാത്ത കായിക മനോഭാവത്തോടും കൂടി രാജ്യത്തെ പ്രതിനിധീകരിച്ച ഇന്ത്യൻ സംഘത്തിലെ ഓരോ അംഗത്തെയും ഞാൻ അഭിനന്ദിക്കുന്നു. മികച്ച പ്രകടനങ്ങളിലൂടെ രാജ്യത്തിന് അളവറ്റ ആഹ്ലാദം സമ്മാനിച്ച എല്ലാ മെഡൽ ജേതാക്കൾക്കും അഭിനന്ദനങ്ങൾ. ഈ ഗെയിംസ് വരും വർഷങ്ങളിൽ ഇതിലും വലിയ നേട്ടങ്ങൾ കൈവരിക്കാൻ പ്രചോദനമാകുമെന്നും അടിസ്ഥാന തലത്തിൽ കായികരംഗത്തെ ശക്തിപ്പെടുത്താൻ സംഭാവന ചെയ്യുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഇന്ത്യയുടെ ചരിത്രപരമായ നേട്ടങ്ങൾ

ജപ്പാനിലെ ഇന്ത്യയുടെ പര്യടനം നിരവധി ചരിത്ര നാഴികക്കല്ലുകളിലൂടെയും വിവിധ കായിക ഇനങ്ങളിലെ കിരീടങ്ങൾ വിജയകരമായി നിലനിർത്തിയതിലൂടെയും ശ്രദ്ധേയമായി. പുരുഷ-വനിതാ ക്രിക്കറ്റ് ടീമുകൾ ഏഷ്യൻ കിരീടങ്ങൾ നിലനിർത്തിയപ്പോൾ ഇരു കബഡി ടീമുകളും സ്വർണം സ്വന്തമാക്കി. മലേഷ്യയെ 5-1 ന് പരാജയപ്പെടുത്തി പുരുഷ ഹോക്കി ടീം കിരീടം നിലനിർത്തിയപ്പോൾ ഫൈനലിൽ ചൈനയെ 1-0 ന് തോൽപ്പിച്ച് വനിതാ ഹോക്കി ടീം ഏഷ്യൻ ഗെയിംസ് സ്വർണത്തിനായുള്ള 44 വർഷത്തെ കാത്തിരിപ്പിന് വിരാമമിട്ടു. ■





പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

"നിങ്ങൾ നമ്മുടെ ത്രിവർണ പതാകയുടെ യശസ്സുയർത്തി"
കായികതാരങ്ങളുമായി സംവദിച്ച് പ്രധാനമന്ത്രി മോദി

ഒക്ടോബർ 15-ന് വൈകിട്ട് ഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ 2026-ലെ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ കായിക സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ആശയവിനിമയം നടത്തി. ചടങ്ങിൽ അദ്ദേഹം ഇന്ത്യൻ സംഘത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. കായികതാരങ്ങൾ, അവരുടെ പരിശീലകർ, സപ്പോർട്ട് സ്റ്റാഫ്, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികൾ, വിവിധ ദേശീയ കായിക ഫെഡറേഷൻ ഭാരവാഹികൾ, യുവജനകാര്യ-കായിക മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

വനിതാ ഹോക്കി ടീം 44 വർഷത്തെ നീണ്ട കാത്തിരിപ്പിന് വിരാമംകുറിച്ച് സ്വർണ മെഡൽ നേടിയ കാര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തുപറഞ്ഞു. ക്രിക്കറ്റിൽ പുരുഷ-വനിതാ ടീമുകൾ തുടർച്ചയായ രണ്ടാം തവണയും സ്വർണ മെഡൽ നേടി. ഭാരോദ്വഹനത്തിൽ 28 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് രാജ്യം ഒരു മെഡൽ സ്വന്തമാക്കുന്നത്. വനിതാ കായികതാരങ്ങളെ പ്രത്യേകം പ്രശംസിച്ച അദ്ദേഹം രാജ്യം നേടിയ ആകെ 85 മെഡലുകളിൽ 38 എണ്ണവും സ്വന്തമാക്കിയത് രാജ്യത്തെ പെൺമക്കളാണെന്ന് ചൂണ്ടിക്കാട്ടി. ഈ മെഡലുകൾ കേവലമൊരു സംഖ്യ മാത്രമല്ല, മറിച്ച് 'നവ ഇന്ത്യ'യുടെ ശക്തമായ പ്രതിച്ഛായയാണ് പ്രതിഫലിപ്പിക്കുന്നത്.

കഴിഞ്ഞ 12 വർഷമായി, തികഞ്ഞ ക്ഷമയോടും കഠിനാധ്വാനത്തോടുംകൂടിയാണ് രാജ്യത്തെ കായിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യ പ്രവർത്തിച്ചുവന്നത്.

> **നിങ്ങൾ രാജ്യത്തിന്റെ ത്രിവർണ പതാകയുടെ അഭിമാനം വാനോളമുയർത്തുകയും അതിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ നിങ്ങളുടെ ഈ വിജയം നിങ്ങളുടേത് മാത്രമായി ഒതുങ്ങുന്നില്ല; ഇത് ഈ രാജ്യത്തെ കോടിക്കണക്കിന് പൗരന്മാരുടെ വിജയമാണ്. മുഴുവൻ ഇന്ത്യക്കാരുടെയും പേരിൽ ഞാൻ നിങ്ങളെ ഏവരെയും അഭിനന്ദിക്കുന്നു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



ലഡാക്കിന് വികസനക്കുതിപ്പ്

ലഡാക്കിൽ യുവതലമുറയ്ക്ക് മുൻഗണന നൽകി വികസനത്തിന്റെയും ശാക്തീകരണത്തിന്റെയും പുതുയുഗം പിറക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ലേയിൽ ഒരു 'മികവിന്റെ കേന്ദ്രം' പൂർത്തിയായി വരുന്നു; കൂടാതെ, ഐ. ഐ. ടി ജമ്മു, ഐ. ഐ. എം ജമ്മു എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുതന്നെ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ എയർപോർട്ട് ടെർമിനലും സജ്ജമാവുകയാണ്; ഇത് വിനോദസഞ്ചാര മേഖലയ്ക്ക് വലിയ ഉത്തേജനം പകരും. ഈ പശ്ചാത്തലത്തിലാണ്, ഒക്ടോബർ 15 – ന് പ്രധാനമന്ത്രി നരേന്ദ്ര മോദി 3,350 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്തത്...

ലഡാക്കിലെ പുതുതലമുറയ്ക്ക് ഗവണ്മെന്റ് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്ന് ആയിരക്കണക്കിന് കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്യവേ, പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഈ മേഖലയിലെ യുവാക്കൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനും, പുതിയ സാങ്കേതികവിദ്യകൾ പഠിക്കുന്നതിനും, മറ്റ് നഗരങ്ങളെ ആശ്രയിക്കേണ്ടി വരാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ഗവണ്മെന്റ് പ്രവർത്തിച്ചു പോരുന്നത്. ലേയിൽ ഒരു 'മികവിന്റെ കേന്ദ്രം' സ്ഥാപിക്കുന്നതിനൊപ്പം, ഐ.ഐ.ടി ജമ്മു, ഐ.ഐ.എം ജമ്മു എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പുരോഗമിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി അറിയിച്ചു. ഇത് ലഡാക്കിലെ യുവാക്കൾക്ക് ഉന്നത വിദ്യാഭ്യാസം, ഗവേഷണം, പുതിയ നൈപുണ്യങ്ങൾ എന്നിവയ്ക്കായി പ്രാദേശികമായിത്തന്നെ മികച്ച അവസരങ്ങൾ ഒരുക്കും.

ലഡാക്കിന്റെ തദ്ദേശീയ പരിസ്ഥിതിയെ അതീവ ശ്രദ്ധയോടെ സംരക്ഷിച്ചുകൊണ്ട്, അവിടെ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാണ് കേന്ദ്ര ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. ഏകദേശം 2,500 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയ 'നിമ്മു-പദും-ദാർച്ച' റോഡ് പ്രധാനമന്ത്രി മോദി ലഡാക്കിനായി സമർപ്പിച്ചു. മുമ്പ് ഏകദേശം 12 മണിക്കൂർ എടുത്തിരുന്ന യാത്ര, ഇനി കേവലം 3 മണിക്കൂറിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കും. ഇത് യാത്രാ സമയം ലാഭിക്കുന്നതിനൊപ്പം, ഈ മേഖലയിലെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾക്ക് വലിയ ഉത്തേജനം പകരും.

ലഡാക്കിന് 3,350 കോടി രൂപയുടെ 5 വൻകിട പദ്ധതികൾ

- നിമ്മു-പാദും-ദാർച്ച റോഡ്: 298 കിലോമീറ്റർ ദൈർഘ്യമുള്ള തന്ത്രപ്രധാനമായ റോഡ് രാഷ്ട്രത്തിന് സമർപ്പിച്ചു.
- പുതിയ വിമാനത്താവള ടെർമിനൽ: 640 കോടി രൂപ ചെലവിൽ നിർമിച്ച കുഷോക് ബകുല റിംപോച്ചി വിമാനത്താവളത്തിലെ 23,800 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ആധുനിക ടെർമിനൽ പ്രവർത്തനക്ഷമമാകുന്നു. (വാർഷിക ശേഷി: 3.5 ദശലക്ഷം യാത്രക്കാർ)
- വൈദ്യുതിയും ഊർജവും: 9 മെഗാവാട്ട് ഹനു ചെറുകിട ജലവൈദ്യുത പദ്ധതിയുടെയും 66 കെവി ഡബിൾ-സർക്യൂട്ട് ദാ-ഹനു-ഖലാറ്റ്സെ പ്രസരണ ലൈനിന്റെയും ഉദ്ഘാടനം.
- ജലസംരക്ഷണം: 'ഹിം സരോവർ' പദ്ധതിയുടെ കീഴിൽ 40 ഗ്രാമങ്ങളിലായി 40 ജലാശയങ്ങൾ രാഷ്ട്രത്തിന് സമർപ്പിച്ചു.

പ്രധാനമന്ത്രി മോദി പങ്കെടുത്ത പരിപാടി പൂർണ്ണമായും കാണുവാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.



പൈതൃകത്തെയും ഭാവി പ്രതീക്ഷകളെയും പരിപാലിച്ച് പുരോഗതിയിലേക്ക്

ഇന്ത്യ അതിവേഗം പുരോഗമിക്കുകയാണ്, അതോടൊപ്പം ഉത്കർഷേച്ഛയും സ്വപ്നങ്ങളും പിന്തുടരുകയും ചെയ്യുന്നു. കാശി തമിഴ് സംഗമം പോലുള്ള സംരംഭങ്ങൾ സാംസ്കാരിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നു, ആധുനിക റെയിൽവേകളും ദേശീയപാതകളും സംസ്ഥാനങ്ങളുടെ വികസനത്തിന് ആക്കം കൂട്ടുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഈയിടെ ചെന്നൈ സന്ദർശിച്ചു, അവിടെ അദ്ദേഹം തമിഴ്നാടിനായി 13,000 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. ഒരു മസ്തിഷ്ക ഗവേഷണ കേന്ദ്രം അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു. കൂടാതെ, ജയ്ഗോപാൽ ഗരോഡിയ ഹിന്ദു വിദ്യാലയ മെട്രിക്കുലേഷൻ ഹയർ സെക്കൻഡറി സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ യുവാക്കളെ അഭിസംബോധന ചെയ്യവേ, രാജ്യത്തിന്റെ അപാരമായ സാധ്യതകളെക്കുറിച്ച് വിശദീകരിക്കുകയും ശോഭനമായ ഭാവിയെക്കുറിച്ച് സങ്കൽപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

ഇന്ത്യയുൾപ്പെടെ ഏതൊരു രാഷ്ട്രത്തെയും സംബന്ധിച്ച് പുരോഗതിയുടെ ഏറ്റവും ശക്തമായ സ്തംഭമായി വർത്തിക്കുന്നത് വിപുലമായ അടിസ്ഥാന സൗകര്യങ്ങളാണ്. ഒരു രാജ്യത്തിന്റെ ഭാവിയുടെ ശിൽപികളാണ് യുവാക്കൾ. അതുകൊണ്ടാണ്, ഭാവി തലമുറകൾക്കായി റെയിൽ, മെട്രോ സംവിധാനങ്ങൾ, ദേശീയപാതകൾ, എക്സ്പ്രസ് വേകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ റെക്കോർഡ് വേഗത്തിൽ സൃഷ്ടിക്കുന്നതിനൊപ്പം, ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമായി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ എന്നിവയും ഇന്ത്യ സ്ഥാപിക്കുന്നത്. ചെന്നൈയിൽ നടന്ന പരിപാടിയിൽ സംസാരിക്കവേ, ഇന്ത്യ സ്വന്തം സാംസ്കാരിക ഗരിമയിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നുവെന്നും, ശാസ്ത്രീയ പുരോഗതിയിലൂടെ മുന്നേറുന്നുവെന്നും, ആധുനിക അടിസ്ഥാന സൗകര്യങ്ങൾ മുഖേന പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നുവെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നമ്മുടെ പൈതൃകവും ഭാവി അഭിലാഷങ്ങളും കൈകോർത്ത് മുന്നേറുകയാണ്.

കഴിഞ്ഞ ദശകത്തിൽ, രാജ്യത്തുടനീളം മെട്രോ ശൃംഖല ഗണ്യമായി വികസിപ്പിക്കാൻ ഇന്ത്യക്കായിട്ടുണ്ട്. 2014 ൽ മെട്രോ റെയിൽ സർവീസുകൾ വെറും അഞ്ച് നഗരങ്ങളിലായി പരിമിതപ്പെട്ടിരുന്നെങ്കിൽ, ഇന്ന് 25 നഗരങ്ങളിൽ അവ പ്രവർത്തനക്ഷമമാണ്. മെട്രോ ശൃംഖല 250 കിലോമീറ്ററിൽ നിന്ന് 1,100 കിലോമീറ്ററായി വളർന്നു. ചെന്നൈ മെട്രോയുടെ വികസനം ഈ ശൃംഖലയെ കൂടുതൽ വിപുലീകരിക്കും.

ശക്തമായ മന്ത്രം: സംസ്ഥാനങ്ങളുടെ വികസനത്തിലൂടെ ദേശീയ വികസനം

- ചെന്നൈയിൽ 13,000 കോടി രൂപ ചെലവ് വരുന്ന വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവ്വഹിച്ചു.
- മെട്രോ റെയിൽ, ദേശീയപാതകൾ, റെയിൽവേ, തുറമുഖങ്ങൾ, പെട്രോളിയം, വിദ്യാഭ്യാസം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ വ്യാപിക്കുന്നതാണ് ഈ പദ്ധതികൾ.
- ചെന്നൈ മെട്രോ റെയിൽ പദ്ധതിയുടെ (രണ്ടാം ഘട്ടം) പൂനമല്ലി-വടപളനി ഭാഗം ഉദ്ഘാടനം ചെയ്ത അദ്ദേഹം മെട്രോ ട്രെയിനിൽ യാത്ര ചെയ്തു.
- തമിഴ്നാട്ടിൽ ഏകദേശം 3,700 കോടി രൂപ ചെലവ് വരുന്ന ദേശീയ പാതാ പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവ്വഹിച്ചു.
- കാരയ്ക്കൽ-പെരളം റെയിൽവേ ലൈൻ ഉൾപ്പെടെ 750 കോടി രൂപയുടെ റെയിൽവേ അടിസ്ഥാന സൗകര്യ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു.
- കോയമ്പത്തൂരിലും പരിസര പ്രദേശങ്ങളിലുമുള്ള മൂന്ന് റെയിൽവേ മേൽപ്പാലങ്ങൾ രാഷ്ട്രത്തിന് സമർപ്പിച്ചു; പളനി, വെല്ലൂർ കന്റോൺമെന്റ്, അംബാസമുദ്രം, പരമകുടി, നാമക്കൽ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അഞ്ച് അമൃത് ഭാരത് സ്റ്റേഷനുകളും ഉദ്ഘാടനം ചെയ്തു.
- ചെന്നൈ തുറമുഖം, കാമരാജർ തുറമുഖം, വി.ഒ. ചിദംബരനാർ തുറമുഖം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് തറക്കല്ലിട്ടു.
- ഐഐടി മദ്രാസിലെ 'സുധ ഗോപാലകൃഷ്ണൻ മസ്തിഷ്ക ഗവേഷണ കേന്ദ്രം' രാഷ്ട്രത്തിന് സമർപ്പിക്കുന്നതിനൊപ്പം, സവിശേഷമായ ആഗോള ശാസ്ത്ര ദൗത്യത്തിനും തുടക്കം കുറിച്ചു. ഭ്രൂണാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ള മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 100-ലധികം മനുഷ്യ മസ്തിഷ്കങ്ങളുടെ കോശതലത്തിലുള്ള വിശദമായ ത്രിമാന രേഖകൾ തയ്യാറാക്കുകയാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.
- മസ്തിഷ്കാഘാതം ബാധിച്ച തലച്ചോറിലെ 1,000-ത്തിലധികം സൂക്ഷ്മ മേഖലകളുടെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന, ഇത്തരത്തിലുള്ള ലോകത്തിലെ ആദ്യത്തെ മനുഷ്യ ഇസ്കെമിക് സ്ട്രോക്ക് അറ്റ്ലസായ 'സി-സ്ട്രോക്ക്' പുറത്തിറക്കി.



"കഴിഞ്ഞ 25 വർഷത്തിനിടയിൽ, ജനാധിപത്യത്തിന്റെ രണ്ട് സ്തംഭങ്ങളിലുള്ള എന്റെ വിശ്വാസം ശക്തിപ്പെട്ടു. ഒന്നാമതായി, രാജ്യത്തെ ജനങ്ങൾ! രണ്ടാമതായി, സഹകരണാത്മക ഫെഡറലിസം! സംസ്ഥാനങ്ങളുടെ വികസനത്തിലൂടെയാണ് രാജ്യത്തിന്റെ വികസനം സാധ്യമാകുന്നത് എന്ന മന്ത്രമാണ് എപ്പോഴും എന്റെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായി വർത്തിക്കുന്നത്.

നരേന്ദ്ര മോദി, പ്രധാനമന്ത്രി



പ്രധാനമന്ത്രി മോദി പങ്കെടുത്ത പരിപാടി പൂർണ്ണമായും കാണുവാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.


ഇന്ന്, രാജ്യം തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ഷിപ്പിംഗ് മേഖലയെ പുതിയ ഉയരങ്ങളിലേക്ക് ആനയിക്കുകയും ചെയ്യുന്നു. ഗവണ്മെന്റിന്റെ തലവൻ എന്ന നിലയിലുള്ള 25 വർഷത്തെ സേവനത്തെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട്, സംസ്ഥാന തലത്തിൽ ചെലവഴിച്ച കാലയളവ് തന്റെ ദേശീയ ദർശനത്തെ രൂപപ്പെടുത്തിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി. മുഖ്യമന്ത്രിയായി സേവനമനുഷ്ഠിച്ചത് സംസ്ഥാനതല അഭിലാഷങ്ങൾ മനസ്സിലാക്കാൻ സഹായിച്ചു; തത്ഫലമായി, പ്രധാനമന്ത്രിയായ ശേഷം, ആ പ്രതീക്ഷകൾ നിറവേറ്റാൻ മാത്രമല്ല, ഓരോ സംസ്ഥാനത്തിനും അതിന്റെ അഭിലാഷ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാനും അദ്ദേഹം ശ്രമിച്ചു.

ആഗോള പരിഹാരങ്ങൾ വാഗ്ദാനം ചെയ്യാൻ ശേഷിയുണ്ട് ഇന്ത്യൻ യുവാക്കൾക്ക്

ചെന്നൈയിലെ ജയ്ഗോപാൽ ഗരോഡിയ ഹിന്ദു വിദ്യാലയ മെട്രിക്കുലേഷൻ ഹയർ സെക്കൻഡറി സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. "**सा विद्या या विमुक्तये** (അറിവിലൂടെയാണ് വിമോചനം) എന്ന ആപ്തവാക്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സമൂഹത്തിന് അർത്ഥവത്തായ സംഭാവനകൾ നല്കാൻ ശേഷിയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കാൻ സ്കൂൾ പരിശ്രമിക്കുന്നു.



വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളുടെ ശാക്തീകരണം കഴിഞ്ഞ ദശകത്തിൽ



- നിരവധി പുതിയ ഐഐടികൾ, ഐഐഎമ്മുകൾ, ഐഐഐടികൾ, എയിംസുകൾ എന്നിവ സ്ഥാപിക്കപ്പെട്ടു.



ചടങ്ങിൽ സംസാരിക്കവെ, 'വികസിത ഇന്ത്യ' എന്ന ദർശനം സാക്ഷാത്കരിക്കുന്നതിൽ നിർണ്ണായക ശക്തിയാകാൻ ഇന്നത്തെ യുവജനങ്ങൾക്ക് അദമ്യമായ ആഗ്രഹമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. ഈ ദേശീയ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ പുതിയ ആശയങ്ങളും പരിഹാരങ്ങളും രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെ തന്നെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും. ഇന്ന് ലോകം വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ തേടുകയാണ്; അവ സംഭാവന ചെയ്യാൻ യുവജനങ്ങൾക്ക് കഴിയും.

2036 ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കാനുള്ള ദൃഢനിശ്ചയം

കായികരംഗത്തെ കേവലം വിനോദമായി മാത്രം കാണാതെ, അതിനെ ഒരു മികച്ച തൊഴിൽ മാർഗ്ഗമായിക്കൂടി മാറ്റിയെടുക്കുന്നതിനായി, രാജ്യം പുതിയ കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും മികച്ച പരിശീലനവും പിന്തുണയും നൽകുകയും ചെയ്യുന്നു. 2030-ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ രാജ്യം ഊർജ്ജസ്വലമായി തയ്യാറെടുക്കുകയാണെന്ന് പ്രധാനമന്ത്രി മോദി യുവാക്കളോട് പറഞ്ഞു. അതോടൊപ്പം, 2036-ലെ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുക എന്ന വലിയ സ്വപ്നം സാക്ഷാത്കരിക്കാനായുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഭാവിയിൽ ഇത്തരം ആഗോള കായിക മേളകൾക്ക് ആതിഥേയത്വം വഹിക്കുന്നത് യുവാക്കൾക്ക് മികച്ച അവസരങ്ങൾ നൽകുകയും, അവരുടെ പ്രതിഭകൾ വികസിപ്പിക്കുകയും, ഗവണ്മെന്റിന്റെ പൂർണ്ണ പിന്തുണ ഉറപ്പാക്കുകയും ചെയ്യും.



"'വികസിത ഇന്ത്യ' എന്ന ദർശനത്തിന് പിന്നിലെ ചാലകശക്തിയാകാൻ യുവതലമുറ ആഗ്രഹിക്കുന്നു. വികസിത ഇന്ത്യക്ക് ആവശ്യമായ പുതിയ ആശയങ്ങളും പരിഹാരമാർഗ്ഗങ്ങളും കേവലം രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെ തന്നെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമാകും.

-നരേന്ദ്ര മോദി, പ്രധാനമന്ത്രി

'**അചമല്ലിൽ, അചമല്ലിൽ**' (ഭയമില്ല, ഭയമില്ല) എന്ന പ്രശസ്തമായ കവിവാക്യം ഉൾക്കൊള്ളാനും, സ്വന്തം ആശയങ്ങളും സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഉത്സാഹത്തോടെ മുന്നോട്ട് പോകാനും പ്രധാനമന്ത്രി മോദി യുവജനങ്ങളോട് ആഹ്വാനം ചെയ്തു. വലിയ സ്വപ്നങ്ങൾ കാണാനും, വ്യത്യസ്തമായി ചിന്തിക്കാനും, നിർഭയരായിരിക്കാനും അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചു. ●

പ്രധാനമന്ത്രി മോദി പങ്കെടുത്ത പരിപാടി പൂർണ്ണമായും കാണുവാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ഇന്ത്യയിലെ ആദ്യ വനിതാ എയർ മാർഷൽ



1968-ൽ ഇന്ത്യൻ വ്യോമസേനയിൽ ചേർന്ന ഡോ. പത്മാവതി ബന്ദോപാധ്യായ, ഇന്ത്യയിലെ പ്രഥമ വനിതാ എയർ മാർഷൽ എന്ന ബഹുമതിക്ക് അർഹയായി. ഇന്ത്യൻ വ്യോമസേനയുടെ മെഡിക്കൽ വിഭാഗത്തിൽ നാല് പതിറ്റാണ്ടോളം സേവനമനുഷ്ഠിച്ച അവർ, 1971-ലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധത്തിലും പങ്കെടുത്തു. മികച്ച സേവനത്തിനുള്ള 'വിശിഷ്ട സേവാ മെഡൽ' ലഭിച്ചിട്ടുണ്ട്. ഉത്തരധ്രുവത്തിൽ ശാസ്ത്രീയ ഗവേഷണം നടത്തിയ ആദ്യത്തെ ഇന്ത്യൻ വനിതയും അവരാണ്. സ്ത്രീ ശാക്തീകരണത്തിന്റെ പ്രതീകവും പത്മശ്രീ പുരസ്കാര ജേതാവുമായ ഡോ. പത്മാവതി ബന്ദോപാധ്യായ, രാജ്യത്തിന്, വിശിഷ്യാ നമ്മുടെ പെൺമക്കൾക്ക് വലിയ പ്രചോദനമാണ്.



ജനനം: 1944 നവംബർ 4

1944 നവംബർ 4-ന് ആന്ധ്രാപ്രദേശിലെ തിരുപ്പതിയിൽ ജനിച്ച ഡോ. പത്മാവതി ബന്ദോപാധ്യായ, കുട്ടിക്കാലത്തുതന്നെ ഡോക്ടറാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. പിന്നീട് പൂനെയിലെ ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജിൽ ചേർന്ന അവർ, 1968-ൽ ഇന്ത്യൻ വ്യോമസേനയുടെ ഭാഗമായി. ആകാശത്ത് പറന്നുയരണമെന്ന് അവർ ആഗ്രഹിച്ചു. അവർ സേനയിൽ അംഗമാകുമ്പോൾ, ഒരു വനിത വ്യോമസേനയുടെ ഭാഗമാകുക എന്നത് പലർക്കും ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമായിരുന്നു.

1971-ലെ യുദ്ധത്തിൽ, അവർ ഭർത്താവിനൊപ്പം അതിർത്തിയിൽ നിയോഗിക്കപ്പെട്ടു. അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ ഏക വനിതയായിരുന്ന അവർ ഒരു ബങ്കറിലാണ് താമസിച്ചിരുന്നത്. 1971-ലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധത്തിൽ കാഴ്ചവെച്ച മാതൃകാപരമായ സേവനത്തിന് അവർക്ക് 'വിശിഷ്ട സേവാ മെഡൽ' (VSM) ലഭിച്ചു. 2002-ൽ, 'എയർ വൈസ് മാർഷൽ' (രണ്ട് നക്ഷത്ര പദവി) റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ആദ്യ വനിതാ ഉദ്യോഗസ്ഥയായി അവർ മാറി. 'എയർ കമോഡോർ' റാങ്കിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ആദ്യ വനിതാ ഉദ്യോഗസ്ഥയും, ഉത്തരധ്രുവത്തിൽ ശാസ്ത്രീയ ഗവേഷണം നടത്തിയ ആദ്യ ഇന്ത്യൻ വനിതയും അവരാണ്. ഇതിനെല്ലാം പുറമെ, 'ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജ്' കോഴ്സ് പൂർത്തിയാക്കിയ ആദ്യ വനിതാ ഉദ്യോഗസ്ഥയും അവരായിരുന്നു.

വൈദ്യശാസ്ത്ര രംഗത്തെ സംഭാവനകൾക്ക് 2020 ജനുവരി 25-ന് പത്മാവതി ബന്ദോപാധ്യായയ്ക്ക് 'പത്മശ്രീ' പുരസ്കാരം പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് നടന്ന ചടങ്ങിൽ, അന്നത്തെ രാഷ്ട്രപതി രാം നാഥ് കോവിന്ദ് അവർക്ക് ഈ ബഹുമതി സമ്മാനിച്ചു. പുരസ്കാരം സ്വീകരിച്ചുകൊണ്ട്, ഇന്ത്യാ ഗവണ്മെന്റിനോടും പ്രധാനമന്ത്രിയോടും ആഭ്യന്തര മന്ത്രിയോടും അവർ നന്ദി രേഖപ്പെടുത്തി. ഏകദേശം 12 വർഷമായി താൻ ടെലിമെഡിസിൻ മുഖേന പടിഞ്ഞാറൻ ഉത്തർപ്രദേശിലെ രോഗികൾക്ക് സേവനം നൽകിവരികയാണെന്ന് അവർ അറിയിച്ചു. ആഴ്ചയിൽ മൂന്ന് ദിവസങ്ങൾ ഇതിനായി നീക്കിവയ്ക്കുന്ന അവർ, 80 മുതൽ 100 വരെ രോഗികളെ പരിശോധിക്കുന്നുണ്ട്. വാരാന്ത്യങ്ങളിൽ സ്വന്തം വീട്ടിൽ വച്ച്, പാവപ്പെട്ട കുട്ടികളെ ശാസ്ത്രവും ഗണിതശാസ്ത്രവും പഠിപ്പിക്കാനും അവർ സമയം കണ്ടെത്തുന്നു. ആ കുട്ടികളുടെ അനുഗ്രഹം കൊണ്ടാണ് തനിക്ക് പത്മശ്രീ ബഹുമതി ലഭിച്ചതെന്ന് അവർ പറഞ്ഞു.●

വിട പറഞ്ഞു, നാനാ പടേക്കർ











ത്രിവർണ്ണ പതാകയുടെ അന്തസ്സും മഹത്വവും കാത്തുസൂക്ഷിക്കാൻ സ്വജീവിതം സമർപ്പിച്ച അസാധാരണ കലാകാരനായ നാനാ പടേക്കർ ഒക്ടോബർ 8-ന് അന്തരിച്ചു. വൈവിധ്യമാർന്ന വേഷങ്ങളിലൂടെ പ്രേക്ഷകഹൃദയങ്ങൾ കീഴടക്കിയ നാനാ, ഒരിക്കലും പരമ്പരാഗത ചട്ടക്കൂടുകളിൽ ഒതുങ്ങിനിന്നില്ല; മറിച്ച്, ഒരു സ്വതന്ത്ര പക്ഷിയെപ്പോലെ അദ്ദേഹം സിനിമാലോകത്ത് വിഹരിച്ചു. തന്റെ ചലച്ചിത്രങ്ങളിലൂടെ, സമൂഹത്തിൽ നിലനിന്നിരുന്ന അരാജകത്വങ്ങൾക്കെതിരെ അദ്ദേഹം രൂക്ഷമായ വിമർശനങ്ങൾ ഉന്നയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ചലച്ചിത്ര രംഗത്തെ പ്രമുഖർ തുടങ്ങി നിരവധി പ്രമുഖ വ്യക്തിത്വങ്ങൾ അദ്ദേഹത്തിന്റെ വിയോഗത്തിൽ ആദരാഞ്ജലി അർപ്പിച്ചു.

ജനനം: 1951 ജനുവരി 1
മരണം: 2026 ഒക്ടോബർ 8

ഹിന്ദി, മറാഠി ചലച്ചിത്ര രംഗത്ത് പ്രശസ്തി സമ്പാദിച്ച നാനാ പടേക്കർ, പതിറ്റാണ്ടുകൾ നീണ്ട തന്റെ കരിയറിലൂടെ സിനിമയിൽ തന്റേതായ ഒരിടം കണ്ടെത്തുന്നതിനൊപ്പം സമൂഹത്തിൽ മായാത്ത മുദ്രയും പതിപ്പിച്ചു. സാമൂഹിക തിന്മകൾക്കെതിരെ പോരാടിയ അദ്ദേഹം ഒരു യഥാർത്ഥ 'ക്രാന്തിവീർ' (വിപ്ലവ സൂര്യൻ) ആയിരുന്നു. തീപ്പൊരി ചിതറുന്ന അദ്ദേഹത്തിന്റെ വാക്കുകളെപ്പോലെ തന്നെ ശക്തമായിരുന്നു അദ്ദേഹത്തിന്റെ മൗനവും. രാജ്യവിരുദ്ധ ശക്തികളെ നിയന്ത്രിച്ചു നിർത്തണമെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. 'പരിന്ദ', 'ക്രാന്തിവീർ', 'അബ് തക് ഛപ്പൻ', 'വെൽക്കം' തുടങ്ങിയ ചിത്രങ്ങളിലെ അദ്ദേഹത്തിന്റെ പ്രകടനം നിരൂപകപ്രശംസ പിടിച്ചുപറ്റി. ഇന്ത്യാ ഗവണ്മെന്റ് അദ്ദേഹത്തെ 'പത്മശ്രീ' നൽകി ആദരിച്ചു.

രാഷ്ട്രസേവനത്തോടുള്ള നാനാ പടേക്കറുടെ അഭിനിവേശം എത്രത്തോളം ആഴത്തിലുള്ളതായിരുന്നു എന്നതിന് തെളിവാണ് 'പ്രഹാർ' എന്ന സിനിമയുടെ സംവിധാനത്തിനും അഭിനയത്തിനുമായി അദ്ദേഹം 'ടെറിട്ടോറിയൽ ആർമി'യിൽ ചേർന്ന് മൂന്ന് വർഷത്തോളം കഠിനമായ സൈനിക പരിശീലനം നേടിയത്. സൈന്യം അദ്ദേഹത്തിന് ക്യാപ്റ്റൻ (പിന്നീട് മേജർ) പദവി നൽകി ആദരിക്കുകയുണ്ടായി. ഏറ്റവും ശ്രദ്ധേയമായ കാര്യം, 1999-ലെ കാർഗിൽ യുദ്ധസമയത്ത്, അദ്ദേഹം ഒരു 'ക്വിക്ക് റിയാക്ഷൻ ടീമി'ൽ അംഗമാവുകയും, 'മറാഠ ലൈറ്റ് ഇൻഫൻട്രി' റെജിമെന്റിനൊപ്പം യുദ്ധമുഖത്തെത്തി രാഷ്ട്രസേവനം നടത്തുകയും ചെയ്തു എന്നതാണ്.

> **നാനാ പടേക്കർ ജിക്ക് ഉണ്ടായിരുന്ന ഗഹനതയും സവിശേഷതയും ശക്തമായ വ്യക്തിപ്രഭാവവും വളരെ കുറച്ച് അഭിനേതാക്കൾക്ക് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം കൈകാര്യം ചെയ്ത ഓരോ വേഷത്തിലും വൈവിധ്യവും സർഗ്ഗാത്മകതയും പ്രകടമായിരുന്നു; തലമുറകളോളം സ്മരിക്കപ്പെടുന്ന കഥാപാത്രങ്ങളെയാണ് അദ്ദേഹം നമുക്ക് സമ്മാനിച്ചത്. വ്യക്തമായ അഭിപ്രായങ്ങൾ തുറന്നു പ്രകടിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധേയനായിരുന്നു; തന്റെ മനസ്സിലുള്ള കാര്യങ്ങൾ തുറന്നുപറയാൻ അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

> **ഇന്ത്യൻ ചലച്ചിത്രലോകത്തെ ഇതിഹാസ നടൻ നാനാ പടേക്കർ ജിയുടെ വിയോഗം കലാ ലോകത്തിന് നികത്താനാവാത്ത നഷ്ടമാണ്.**
>
> *- അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി*



Narendra Modi ✓
@narendramodi


25 वर्षों का जनविश्वास मेरे लिए और अधिक ऊर्जा के साथ काम करने की प्रेरणाशक्ति है। ईश्वररूपी जनता-जनार्दन के लिए मेरा एक ही संकल्प है कि मैं देशवासियों की और अधिक सेवा करूं।

Gratitude to everyone for their blessings and wishes. What greater strength can there be than the trust and affection of 140 crore Indians?



Rajnath Singh ✓
@rajnathsingh

देश की सुरक्षा के लिए हमारी Defence Industry की Surge Capacity और Production Capacity का मजबूत होना जरूरी है। हमारी प्रतिभा, युवा शक्ति और Policy Support हमारी ताकत हैं। सरकार हमेशा Defence Industry के साथ खड़ी है, ताकि जरूरत पड़ने पर उत्पादन तेजी से बढ़ाया जा सके और देश हर चुनौती के लिए तैयार रहे।



Amit Shah ✓ @AmitShah

मोदी सरकार में सहकारिता ग्रामीण अर्थव्यवस्था व महिला सशक्तीकरण का सशक्त माध्यम बन रही है। चाहे श्वेत क्रांति 2.0 की शुरुआत हो या PACS को बहुउद्देश्यीय बना डेयरी से जोड़ना हो, सहकारिता का सबसे बड़ा लाभ सहकारी डेयरी क्षेत्र को मिल रहा है।

आज भोपाल में आयोजित राज्य स्तरीय गोपालक सम्मेलन में प्रदेशभर से आए पशुपालकों से संवाद किया। इस अवसर पर गोपालक दीदियों का सम्मान किया, डॉ. भीमराव अंबेडकर कामधेनु योजना के तहत लाभ वितरित किए तथा मोरवन प्रोजेक्ट के अंतर्गत नगर वन विकसित करने के लिए KRIBHCO एवं मध्य प्रदेश राज्य जैवविविधता बोर्ड के बीच MOU भी हुआ।



Nitin Gadkari ✓ @nitin_gadkari

हवा में उडनेवाली बस.. (Skybus), यह सिर्फ एक नई Transport Technology नहीं...

यह उस 🇮🇳 भारत की कल्पना है,
जहां Innovation का उद्देश्य सिर्फ गति नहीं, बल्कि जनसेवा, सुविधा और बेहतर भविष्य है।

नई सोच।
नई तकनीक।
नई ऊँचाई।
और गतिशील 🇮🇳भारत का भविष्य - SKY BUS



Kiren Rijiju ✓ @KirenRijiju ·

SIR प्रक्रिया में 13 करोड़ वोटर कटने का दावा भ्रामक है!
प्रक्रिया के दौरान करीब 13 करोड़ नाम ड्राफ्ट स्तर पर मृत, अनुपस्थित/अप्राप्य, स्थायी रूप से स्थानांतरित या दोहरी प्रविष्टि जैसी श्रेणियों में चिह्नित किए गए हैं। इन्हें 13 करोड़ अंतिम विलोपन बताना सही नहीं है।
ड्राफ्ट सूची सभी राजनीतिक दलों के BLA के साथ साझा की गई है और पात्र मतदाताओं को दावा-आपत्ति दर्ज कराने का अवसर दिया गया है।
तथ्यों को समझें, भ्रम से बचें और लोकतांत्रिक प्रक्रिया पर विश्वास रखें।



Arjun Ram Meghwal ✓
@arjunrammeghwal

न्यायिक प्रक्रियाओं में तेजी लाने, मामलों का समयबद्ध निस्ता सुनिश्चित करने तथा justice distribution system को अधिक प्रभावी बनाने हेतु संबंधित अधिकारियों को आवश्यक दिशा-निर्देश दिए।

#JusticeDelivery #JudicialReforms

In world of uncertainty, India offers reliability, stability: PM

'We Don't Grow At Anyone's Cost. We Grow With World, For World'

TIMES NEWS NETWORK

New Delhi: PM Narendra Modi Tuesday sought to position India as a trusted ally while stating that supply chains, energy, minerals, payment systems, and technology are increasingly becoming instruments of pressure and dominance and the routes created by globalisation over the past decades have become choke-points in several cases.

"One of the biggest questions facing the world today is that of trust, of confidence — the confidence that supplies will continue uninterrupted in times of need. We do not grow at anyone's cost. We grow with the world, and for the world," the PM said at a Bloomberg event. He pitched India's expanding economic and technological capabilities to address global challenges during geopolitical tensions, supply-chain disruptions and growing competition for strategic resources.

The PM also said that India's economic growth is anchored in strong fundamentals, financial resilience and a sustained reform drive, as he cited the 7.8% growth recorded in the June quarter. Modi placed India as a global economic and technology power that seeks to help other countries prosper rather than growing at their expense.

"It is because of this strength that India's sovereign ratings are being upgraded. In a world filled with uncertainty, India offers the assurance of reliability and stability," he said, highlighting GST, labour reforms and steps to make it easier to do business. "We are pursuing reforms with a clear policy direction. India's reform express continues to move ahead at high speed. For us, reforms are not a compulsion. Reforms are our conviction," he said.



PM Modi with former UK PM Rishi Sunak in New Delhi Tuesday

Modi also said that the true measure of economic and technological strength lay not in the ability to control others but in creating opportunities for them, as he argued that India believes in the principle of "power to empower".

"Today, technology is power. Data is power. Knowledge is power. Innovation is power. But the real question is not who possesses power. Rather, the question is how that power is being used," he said, while highlighting the country's digital public infrastructure, affordable mobile data, digital payments and direct benefit transfer as examples of technology widening access to economic opportunities.

PM urges youth to upgrade skills, adapt to emerging technologies

EXPRESS NEWS SERVICE @ New Delhi

PRIME MINISTER Narendra Modi on Friday said that as technology evolves rapidly, young people must acquire new skills, upgrade their existing capabilities and adapt to emerging technologies.

Modi, who was interacting with representatives of Indian participants at the WorldSkills Competition held in Shanghai, also emphasised the need for coordinated efforts by youth, the government and training institutions to establish the country as a global hub of skilled human resources.

Highlighting the importance of specialised skills, he asked young people to adapt to emerging technologies, develop skills in line with requirements of the global market, and contribute to improving India's skill training ecosystem through their experiences and suggestions, an official statement said.



PM Modi interacts with the Indian Team of WorldSkills Shanghai 2026 in Delhi | PTI

Underlining the objective behind establishing a separate Ministry for Skill Development, he said the skill training institutions are no less important than the IITs and IIMs.

Modi encouraged the participants to share their experiences and suggestions with the government to help improve India's skill training system, the statement said.

WorldSkills is a leading international skills competition, bringing together young professionals to demonstrate excellence in a wide range of vocational and technical skills.

During the interaction with Modi, the participants shared their experiences from the competition. They also discussed the importance of adapting to new tools and software.

Empowering States is key to Viksit Bharat: PM

DEVELOPMENT MANTRA. Always committed to cooperative federalism, says Modi at the inauguration of projects totalling ₹13,000 crore in Chennai

Our Bureau
Chennai

Prime Minister Narendra Modi on Sunday said empowering States was central to India's development, emphasising that the country's progress depended on enabling individual States to achieve their aspirations.

Addressing a gathering in Chennai at the launch of over ₹13,000 crore worth of development projects at IIT Madras, Modi said his experience as a Chief Minister had strengthened his understanding of the expectations of States and shaped his approach towards cooperative federalism.

Modi inaugurated the 15-km Poonamallee-Vadapalani stretch of Phase II of the Chennai Metro Rail Project, built at a cost of around ₹4,900 crore and laid the foundation stone for and dedicated various development projects. "I have always carried the mantra of developing the country through the development of the State," he said in the presence of Tamil Nadu Chief Minister C Joseph Vijay. The PM said changes in governments had not altered his commitment to the State's development.

"In the last 25 years, I have always accorded topmost importance to national progress and cooperative federalism. I have had the honour of working with Jayalalithaa, Karunanidhi-ji, O Panneerselvam, Edappadi K Palaniswami, MK Stalin and now Vijay. My commitment to the development of Tamil Nadu and to serving its people has always remained unwavering," he said

PM noted that initiatives such as Make in India and Vocal for Local were benefiting industries in the State. The Centre was working to strengthen the entire manufacturing chain, from components and technology to finished products, he said.



Prime Minister Narendra Modi and Tamil Nadu Chief Minister C Joseph Vijay in Chennai on Sunday

KEY PROJECTS

The Centre is investing around ₹17,000 crore to develop the VO Chidambaranar Port in Thoothukudi as a megacontainer and green energy hub. Once completed, the project will enable ultra-large container vessels to call at the port, strengthening Tamil Nadu's links with global trade, Modi said.

Reiterating the need for collaboration between the Centre and States, Modi said the Union government was committed to providing the support needed for Tamil Nadu's continued development.

Modi laid the foundation stone of and inaugurated key National Highway projects, including the 36-km, four-laned Vaduguppatti-Therkuvengunallur section of NH-744, worth around ₹3,700 crore. He also laid the foundation stone of the Group II/III Lube Oil Base Stocks (LOBS) project at the existing Manali Refinery of Chennai Petroleum Corporation Limited (CPCL) in Chennai costing around ₹1,620 crore. At IIT-Madras, Modi dedicated to the nation the Sudhu Gopalakrishnan Brain Centre (SGBC) at IIT Madras.

Clear metro phase III, release ₹5,110 cr education funds: TN CM

Chief Minister C Joseph Vijay urged the Centre to expedite approvals for key infrastructure projects in the State, including the Chennai Metro Rail Phase III, metro rail projects in Coimbatore and Madurai, and high-speed rail corridors connecting Chennai with Kanyakumari and Coimbatore. He also sought the release of ₹5,110 crore in pending central funds under the Samagra Shiksha scheme without any conditionalities.

Addressing an event in Chennai on Sunday where the PM launched development projects worth ₹13,000 crore, CM Vijay emphasised the role of States in the country's development.

Tamil Nadu had consistently contributed to India's economic, social and cultural progress, cooperation between the Union and State governments should translate into tangible benefits for people, Vijay said.

Vijay also asked the Prime Minister to reconsider the proposals for metro rail projects in Coimbatore and Madurai, citing the future development and economic growth of western and southern Tamil Nadu. He sought approval for an inter-State metro rail link between Hosur in Tamil Nadu and Bommasandra in Karnataka.

Vijay urged the Centre to accord priority to the Godavari–Cauvery river linking project and take it up as a national project.

India and Canada together contributing to prosperous, stable world: Modi to Carney

Suhasini Haidar
NEW DELHI

India and Canada are together contributing to a "more stable and prosperous world", said Prime Minister Narendra Modi after a call with Canadian Prime Minister Mark Carney, during which they agreed to conclude a trade agreement soon.

The phone call on Tuesday night came even as senior Canadian Ministers, including Foreign Minister Anita Anand and Minister of International Trade Maninder Sidhu, are in Delhi for talks with their counterparts – External Affairs Minister S. Jaishankar and Commerce Minister Piyush Goyal.



Narendra Modi and Mark Carney shake hands during the 2025 G20 Summit. FILE PHOTO

and law enforcement", without mentioning the Nijjar killing case that had led to the suspension of relations between the two nations from 2023 to 2025.

On Wednesday morning, Ms. Anand and Mr. Jaishankar will be part of a panel discussion to discuss

tive". "We agreed to build on the positive momentum in India-Canada ties and work towards concrete outcomes across key areas of our Strategic Partnership, including trade, energy, technology, security and people-to-people ties," Mr. Modi said in a post on social media.

The Canadian Prime Minister's office put out a more detailed readout of the conversation, adding that the two leaders had discussed defence and security as well as reaffirmed their commitment to conclude negotiations on the Comprehensive Economic Partnership Agreement (CEPA) at the "earliest opportunity," and to double

പൊതുസേവന പ്രക്ഷേപണ ദിനം – നവംബർ 12


പൊതു അവബോധം, ജനാധിപത്യം, സംവാദം പരിപോഷിപ്പിക്കുന്ന മഹത്തായ പ്രയാണം

1947 നവംബർ 12 – ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഓൾ ഇന്ത്യ റേഡിയോയിലൂടെ (ആകാശവാണി) നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തെ അനുസ്മരിച്ചുകൊണ്ടാണ് എല്ലാ വർഷവും 'പൊതുസേവന പ്രക്ഷേപണ ദിനം' ആചരിക്കുന്നത്. 2000 – ൽ, അന്നത്തെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സുഷമ സ്വരാജാണ് ഈ സവിശേഷ ദിനം 'പൊതുസേവന പ്രക്ഷേപണ ദിന'മായി ആചരിക്കുമെന്ന് പ്രഖ്യാപിച്ചത്. അന്നുമുതൽ, ഓരോ വർഷവും ആകാശവാണി ഭവനിൽ പ്രത്യേക പരിപാടികളോടെയും ആഘോഷങ്ങളോടെയും ഈ ദിനം ആചരിക്കുന്നു...

അഭയാർത്ഥികളെ അഭിസംബോധന ചെയ്ത് ബാപ്പു

- വിഭജനത്തിന്റെ തീരാദുരിതങ്ങൾ അനുഭവിച്ചുകൊണ്ട് കുരുക്ഷേത്രത്തിൽ അഭയം തേടിയെത്തിയവരെ, ചരിത്ര പ്രധാനമായ ആ ദിനത്തിൽ ബാപ്പു അഭിസംബോധന ചെയ്തു.
- അദ്ദേഹം നൽകിയ സന്ദേശത്തിന്റെ ഓർമ്മയ്ക്കായി, ആ സ്റ്റുഡിയോ ഇപ്പോൾ 'ബാപ്പു സ്റ്റുഡിയോ' എന്നറിയപ്പെടുന്നു.
- തദവസരത്തിൽ, ബാപ്പുവിന് ഏറെ പ്രിയപ്പെട്ട ഭജനുകൾ ഉൾപ്പെടെ വിവിധ പരിപാടികൾ ആകാശവാണി സംഘടിപ്പിക്കാറുണ്ട്.





നിങ്ങൾക്കിടയിൽ ഏകദേശം രണ്ടര ലക്ഷത്തോളം അഭയാർത്ഥികളുണ്ടെന്നും, ആളുകൾ ഇപ്പോഴും എത്തിക്കൊണ്ടിരിക്കുകയാണെന്നും അറിഞ്ഞപ്പോൾ എനിക്ക് അതിയായ വേദന തോന്നി... ഞാൻ അതീവ ഖിന്നനാണ്; നിങ്ങളെ കാണാനും സഹായിക്കാനും ഇങ്ങോട്ട് വരണമെന്ന് എന്റെ മനസ് പറഞ്ഞു.

- മഹാത്മാഗാന്ധി (ഓൾ ഇന്ത്യ റേഡിയോയിലൂടെ നടത്തിയ പ്രസംഗം, 1947 നവംബർ 12)

ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

RNI NO.: DELENG/2020/78811 NOVEMBER 1-15, 2026
RNI Registered No DELENG/2020/78811 (Publishing Date: October 19, 2026 Pages: 52)

EDITOR IN CHIEF
Dhirendra Ojha
Principal Director General
Press Information Bureau, New Delhi

PUBLISHER:
Kanchan Prasad
Director General, on behalf of
Central Bureau Of Communication

PUBLISHED FROM:
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003